Reg: No. M. 2689
T. 32.

License No: 427
Dated 14-8-1943.

# മലയാളരാജ്യം

പുസ്തകം ൨൦
പേജ് ൧൨

കൊല്ലം ൧൯൫൧ ഡിസംബർ ൩-ാംനു
൧൧൨൭ വൃശ്ചികം ൧൭-ാംനു തിങ്കളാഴ്ച

ലക്കം ൧൪൫
ഒററപ്രതി അണ ൨

# ശ്രീബുദ്ധൻെറ അനന്തരഗാമി

## 'ബീഹാറിലെമുടിചൂടാമന്നൻ'

ബാബുരാജേന്ദ്രപ്രസാദിനു ഡിസംബർ ൩-ാംനു ൬൭ വയസ്സു പൂർത്തിയായി. രാഷ്ട്രത്തിനുവേണ്ടിയുള്ള ഒരു സുദീർഘസേവനത്തിൻെറ ചരിത്രമാണ് അദ്ദേഹത്തിൻെറ ജീവിതചരിത്രം. ജീവിതം എന്നതിന് അദ്ദേഹം നൽകുന്ന വ്യാഖ്യാനം സേവനം എന്നാണ്; നിസ്സ്വാർത്ഥമായ സേവനം; ഫലം നോക്കാതെയുള്ള സേവനം.

രാജേന്ദ്രപ്രസാദ് ആർഭാടങ്ങളും ബഹുമതികളും ഇഷ്ടപ്പെടുന്നില്ല; എന്നാൽ യഥാർത്ഥദേശഭക്തനായ അദ്ദേഹത്തെ ആരാധിക്കുന്ന ജനത തന്നിൽ സമർപ്പിക്കുന്ന ചുമതലകൾ വഹിക്കുന്നതിന് അദ്ദേഹം സദാ സന്നദ്ധനാണ്.

അദ്ദേഹത്തിൻെറ നമ്രത, ദീനദയ എന്നീസൽഗുണങ്ങൾ അനിതരസാധാരണങ്ങളായ ഇതരഗുണവിശേഷങ്ങളെ സാമാന്യജനങ്ങളിൽനിന്നു മറയ്ക്കുന്നതിനുപോലും പര്യാപ്തമാകുന്നു.

ബീഹാറിൽ സാരൺഡിസ്ട്രിക്കിലെ ജീരാബാദ് എന്ന സ്ഥലമാണ് രാജേന്ദ്രപ്രസാദിൻെറ ജന്മദേശം. ൧൮൮൪-ൽ ആണ് അദ്ദേഹം ഭൂജാതനായത്. ബാല്യംമുതൽക്കുതന്നെ അസാമാന്യമായ ബുദ്ധിശക്തി, കൃത്യനിർവഹണത്തിൽ അക്ഷീണമായ ആസക്തി, സംഘടനാസാമർത്ഥ്യം എന്നിവ അദ്ദേഹത്തിൽ വിളങ്ങിയിരുന്നു.

അദ്ദേഹത്തിൻെറ വിദ്യാർത്ഥിജീവിതം തുടർച്ചയായുള്ള വിജയങ്ങളുടെ ഒരു ചരിത്രമായിരുന്നു. ഒരു മുസ്ലീംമതപണ്ഡിതൻെറ ആഭിമുഖ്യത്തിൽ വിദ്യാഭ്യാസമാരംഭിച്ച രാജേന്ദ്രപ്രസാദിനു ഉറുദു, പേർഷ്യൻ എന്നീ ഭാഷകളിൽ അസാമാന്യമായ പാടവം നേടുന്നതിനു സൗകര്യം ലഭിച്ചു. ഹിന്ദിയിൽ അദ്ദേഹം ഒരു പണ്ഡിതൻതന്നെയാണ്. ഏഴു ഭാഷകൾ നിഷ്പ്രയാസം കൈകാര്യം ചെയ്യുന്നതിനു കഴിവുള്ള അദ്ദേഹത്തിൻെറ ഓർമ്മശക്തി വിസ്മയാവഹമാണ്.

ചാപ്രായിലെ ഒരു സ്കൂളിൽനിന്നു സർവകലാശാലാവിദ്യാഭ്യാസത്തിനായി രാജേന്ദ്രൻ കൽക്കട്ടാ സർവകലാശാലയിൽ ചേരുകയും എൻട്രൻസുപരീക്ഷയിൽ ഒന്നാംസ്ഥാനം നേടുകയുംചെയ്തു. ബംഗാളിയല്ലാത്ത ഒരു വിദ്യാർത്ഥി പ്രസ്തുത സ്ഥാനം കരസ്ഥമാക്കിയതു ഇദംപ്രഥമമായിട്ടായിരുന്നു. കൽക്കട്ടാ പ്രസിഡൻസി കാളേജിൽ അദ്ദേഹം എല്ലാക്ലാസ്സുകളിലും ഒന്നാംക്ലാസ്സിൽ ഒന്നാമനായിട്ടുതന്നെ വിജയംനേടി ഇംഗ്ലീഷുവിഷയത്തിൽ എം. എ. ഡിഗ്രി സമ്പാദിച്ചു.

രാജേന്ദ്രൻെറ ഉദ്യോഗജീവിതം സമാരംഭിച്ചതു മുസഫർപുരി ഗ്രീയർകാളേജിലെ ഇംഗ്ലീഷ്, ചരിത്രം, അർത്ഥശാസ്ത്രം എന്നീ വിഷയങ്ങളിൽ പ്രൊഫസറായാണ്. ഒരു വർഷത്തോളം അദ്ധ്യാപകജീവിതം നയിച്ചശേഷം അദ്ദേഹം കൽക്കട്ടയിൽ അഭിഭാഷകനായി വ്യവഹരിച്ചുതുടങ്ങി.

അഭിഭാഷകവൃത്തിയിൽ അത്ഭുതാവഹമായ വിജയമാണു രാജേന്ദ്രപ്രസാദു സിദ്ധിച്ചതു. അക്കാലത്തു "ഹിന്ദുസ്ഥാൻറിവ്യൂ" എന്ന പത്രം പ്രവചനംചെയ്തതു താമസിയാതെ രാജേന്ദ്രൻ ഹൈക്കോടതിയിലെ ന്യായാധിപപീഠവും കോൺഗ്രസ് അദ്ധ്യക്ഷപദവും അലങ്കരിക്കുമെന്നാണ്. പാട്നാഹൈക്കോടതി ജഡ്ജിയുദ്യോഗത്തിലേയ്ക്കു ഒന്നിലധികം തവണ രാജേന്ദ്രപ്രസാദു ക്ഷണിക്കപ്പെട്ടിട്ടുണ്ടു. കോൺഗ്രസ്സ് അദ്ധ്യക്ഷസ്ഥാനവും അദ്ദേഹം ഒന്നിലധികം പ്രാവശ്യം അലങ്കരിക്കുന്നതിനിടയായിട്ടുണ്ടു. പ്രവചനം സഫലമായി.

വിദ്യാർത്ഥിജീവിതത്തിൽതന്നെ പൊതുക്കാര്യങ്ങളും രാജേന്ദ്രൻെറ ശ്രദ്ധയെ



ആകർഷിച്ചിരുന്നു. വിദ്യാർത്ഥിപ്രസ്ഥാനങ്ങളിൽ അദ്ദേഹം സജീവമായി പങ്കെടുക്കുകയും ൧൯൦൫-ൽ ബിഹാർ വിദ്യാർത്ഥി കോൺഫറൻസിൻെറ മുൻഗാമിയായ ബിഹാറിക്ലബ്ബ് അദ്ദേഹം സ്ഥാപിക്കുകയും ചെയ്തു.

അദ്ദേഹം കാളേജുവിദ്യാർത്ഥിയായിരുന്നകാലത്തായിരുന്നു ബംഗാൾവിഭജനം സംബന്ധിച്ച പ്രക്ഷോഭണം സമാരംഭിച്ചതു. അന്നത്തെ സംഭവങ്ങൾ അദ്ദേഹത്തിൻെറ ഹൃദയത്തെ ഇളക്കിമറിച്ചു. സ്വദേശിയും ബായിക്കോട്ടും പ്രസ്ഥാനങ്ങൾ ഇന്ത്യൻരാഷ്ട്രീയജീവിതത്തിൽ ഒരു നവചൈതന്യം കുത്തിവച്ചു. നവീനരാഷ്ട്രീയപ്രവർത്തനത്തിൻെറ ചൈതന്യം രാജേന്ദ്രനെയും ആവേശംകൊള്ളിച്ചു.

ദാദാബായിനവറോജിയുടെ അദ്ധ്യക്ഷതയിൽ ൧൯൦൬-ൽ സമ്മേളിച്ച കോൺഗ്രസ്സുയോഗത്തിൽ രാജേന്ദ്രൻ ഒരു വാളൻറിയറായി സംബന്ധിച്ചു. കോൺഗ്രസ്സുമായുള്ള അദ്ദേഹത്തിൻെറ ബന്ധം ആരംഭിച്ചതു ഇപ്രകാരമാണ്.

ബുദ്ധിമാനായ ഈ യുവാവു പ്രദർശിപ്പിച്ച ഉത്സാഹം മഹാനായ ഗോപാലകൃഷ്ണഗോഖലേയുടെ ശ്രദ്ധയെ ആകർഷിക്കുകയും തൽഫലമായി "സെർവൻറ്സ് ഓഫ് ഇന്ത്യാസൊസൈററി"യിൽ ഒരംഗമായിച്ചേരുന്നതിനു പ്രസാദ് ക്ഷണിക്കപ്പെടുകയും ചെയ്തു. ഈ സുവർണ്ണാവസരം ഉപയോഗപ്പെടുത്തുന്നതിനു അദ്ദേഹത്തിനു സന്തോഷമായിരുന്നെങ്കിലും കുടുംബാംഗങ്ങളുടെ—പ്രത്യേകിച്ചു അദ്ദേഹത്തിൻെറ ജ്യേഷ്ഠസഹോദരനായ മഹേന്ദ്രൻെറ വിസമ്മതം അതിനു ഒരു പ്രതിബന്ധമായിത്തീരുകയാണുണ്ടായതു. വന്ദ്യനായ ഗോഖലേയുടെ ക്ഷണം സ്വീകരിക്കുന്നതിനു നന്മൂലം അദ്ദേഹത്തിനു സാധിച്ചില്ല. അഭിഭാഷകവൃത്തിയിൽതന്നെ പ്രസാദ് പ്രവേശിച്ചു.

കൽക്കട്ടായിലെ പ്രാക്ടീസു നിർത്തി പ്രസാദ് സ്ഥിരമായി പാട്നായിൽ താമസിച്ചു അവിടത്തെ ഹൈക്കോടതിയിൽ വ്യവഹരിച്ചുതുടങ്ങി. അവിടെയും അദ്ദേഹം പ്രഥമസ്ഥാനം കരസ്ഥമാക്കി. ൧൯൧൦-ൽ പ്രസാദ് എം. എൽ. ഡിഗ്രി സമ്പാദിച്ചു. അദ്ദേഹം പാട്നാ ഹൈക്കോടതിയിൽ വ്യവഹരിച്ചുവന്ന അഭിഭാഷകരിൽ അഗ്രഗണ്യനായിരുന്നെങ്കിലും പൊതുക്കാര്യങ്ങൾക്കുവേണ്ടിയും തൻെറ സമയം ചെലവഴിക്കുന്നതിനു സാധിക്കാതിരുന്നില്ല. ബിഹാർ പ്രൊവിൻഷ്യൽ അസോസ്യേഷൻസെക്രട്ടറിയെന്ന നിലയിൽ ബാബുരാജേന്ദ്രപ്രസാദ് അന്നത്തെ ഇന്ത്യാഗവൺമെൻറിൻെറ വിദ്യാഭ്യാസമന്ത്രിയായിരുന്ന സർ ശങ്കരൻനായർ നിയമസഭയിൽ അവതരിപ്പിച്ച പട്നാ സർവകലാശാലാബില്ലിൽ ഭേദഗതിചെയ്യുന്നതിനു വിജയകരമായി നടത്തപ്പെട്ട ശ്രമത്തിൽ പ്രധാന പങ്കുവഹിക്കുകയും ൧൯൧൬-ൽ യൂണിവേഴ്സിററി സ്ഥാപിതമായപ്പോൾ അതിലെ സെനററിലേയും സിൻഡിക്കേററിലേയും അംഗമായി അതിൻെറ ഭരണത്തിൽ കാര്യമായി ഇടപെട്ട് വിദ്യാഭ്യാസച്ചിലവു കുറയ്ക്കുന്നതിനും മാതൃഭാഷയിൽ അഭ്യസനം നൽകുന്നതിനുംവേണ്ടി ശക്തിയായി വാദിക്കുകയും ചെയ്തു.

ഇക്കാലത്താണ് ഇന്ത്യയിലെ രാഷ്ട്രീയസ്ഥിതിഗതികളിൽ അത്ഭുതപൂർവമായ ഒരു പരിവർത്തനമുണ്ടായതു. രാഷ്ട്രത്തെ ഒട്ടാകെ ഇളക്കിമറിച്ച അന്നത്തെ സംഭവവികാസങ്ങൾ രാജ്യഭക്തനായ രാജേന്ദ്രനെയും ബാധിക്കാതിരുന്നില്ല. ദക്ഷിണാഫ്രിക്കയിൽ നിന്നും ആയിടെ ൧൯൧൫-ൽ ഇന്ത്യയിലേയ്ക്കു മടങ്ങിയ മഹാത്മാഗാന്ധി ഇന്ത്യൻരാഷ്ട്രീയരംഗത്തെ ആക്രമിച്ചു കീഴടക്കി. അദ്ദേഹത്തിൻെറ സത്യഗ്രഹായുധം ഇദംപ്രഥമമായി ചമ്പാറനിൽ വിജയകരമായി പ്രയോഗിക്കപ്പെട്ടു. രാജേന്ദ്രപ്രസാദ് മഹാത്മജിയോടു ധൈര്യസമേതം അനുകൂലിച്ചു പ്രവർത്തനം നടത്തി. ചമ്പാറൻ കർഷകരുടെ സ്ഥിതികളെപ്പററി അന്വേഷണം നടത്തുന്നതിനു നിയമിതമായ കമ്മിഷനിലെ അംഗമായി പ്രസാദ് നിർവഹിച്ച സേവനത്തെ മഹാത്മാഗാന്ധി അദ്ദേഹത്തിൻെറ ആത്മകഥയിൽ ഹൃദയസ്പൃക്കായി വർണ്ണിച്ചിട്ടുണ്ടു.

രാജേന്ദ്രപ്രസാദിൻെറ രാഷ്ട്രീയസേവനത്തിൻെറ പ്രാരംഭാദ്ധ്യായമായിരുന്നു ഇതു. അഹിംസാമതം സ്വീകരിച്ച കോൺഗ്രസ്സുനേതാക്കന്മാരിൽ പ്രമുഖരിലൊരാളായ അദ്ദേഹത്തിനു അഹിംസയിൽ പരിപൂർണ്ണവിശ്വാസമാണുള്ളതു. അഹിംസാതത്വം ഒരു വിശ്വാസപ്രമാണമായിട്ടാണു അദ്ദേഹം കരുതുന്നതു.

൧൯൨൦ ആയതോടുകൂടി ഗാന്ധിജി രാഷ്ട്രീയരംഗത്തിലെ അനിഷേദ്ധ്യനായകനായിത്തീർന്നുകഴിഞ്ഞു. റൗലററുബിൽ, ഖിലാഫത്തു്, ജലിയൻവാലബാഗുകൊല ഇവയെ സംബന്ധിച്ചുള്ള പ്രക്ഷോഭണങ്ങളുടെ കാലമായിരുന്നു അതു്. ഗാന്ധിജിയോടും നിസ്സഹകരണ പ്രസ്ഥാനത്തോടും രാജേന്ദ്രൻ പരിപൂർണ്ണമായി അനുകൂലിക്കുക മാത്രമല്ല ചെയ്തതു് ൧൯൨൦-ൽ കോൺഗ്രസ് ഔദ്യോഗികമായി നിസ്സഹകരണനയം അംഗീകരിക്കുന്നതിനു മുമ്പുതന്നെ അദ്ദേഹം സർവകലാശാലയിൽനിന്നു രാജിവച്ചൊഴിയുകയും ഏററവും ആദായകരമായിരുന്നു അഭിഭാഷകവൃത്തി ഉപേക്ഷിച്ചു രാഷ്ട്രസേവനത്തിനായി ഇറങ്ങുകയുംചെയ്തു.

നിസ്സഹകരണ പ്രസ്ഥാനത്തിനു ബിഹാറിൽ പരിപൂർണ്ണമായ വിജയമാണു ലഭിച്ചതു്. പ്രസാദ് പ്രാവിൻസിൻെറ അനിഷേദ്ധ്യനേതാവായി അംഗീകരിക്കപ്പെട്ടു. വിപ്ലവപ്രസ്ഥാനത്തിനു സന്നദ്ധനായി പ്രവർത്തനമാരംഭിച്ച അദ്ദേഹം സൃഷ്ടിപരപരിപാടികളുടെ പ്രാധാന്യത്തെ വിസ്മരിച്ചില്ല. കോൺഗ്രസ്സിൻെറ ആഹ്വാനത്തെ ആദരിച്ചു സ്കൂളുകളും കാളേജുകളും ഉപേക്ഷിച്ചിറങ്ങിയ വിദ്യാർത്ഥികൾക്കു വിദ്യാഭ്യാസസൗകര്യങ്ങൾ സൃഷ്ടിക്കുകയെന്നതു ഒരു പ്രധാന പ്രശ്നമായിരുന്നു, ഒരു ദേശീയ സർവകലാശാലയായിരുന്നു അദ്ദേഹം അതിനു കണ്ട പരിഹാരം. ൬൦൦ വിദ്യാലയങ്ങളുമായി സംഘടിപ്പിച്ചു നടത്തപ്പെട്ട ൧൬൦൦൦ വിദ്യാർത്ഥികളോടുകൂടിയ ഒരു സ്ഥാപനമായിട്ടാണ് ബീഹാർ വിദ്യാപീഠം ആവിർഭവിച്ചതു്. ത്യാഗമൂർത്തിയായ വൈസ്ചാൻസലറിനാൽ പ്രചോദിതരായ രാഷ്ട്രസേവകന്മാരെ സൃഷ്ടിക്കുന്ന ഒരു സ്ഥാപനമായി വളർന്നുവന്ന അതു് ഗവൺമെൻറിനു വലുതായ മനശ്ശല്യത്തിനു കാരണമാകുകയാൽ അവർ അതിനെ നിയമവിരുദ്ധമായി പ്രഖ്യാപനം ചെയ്യേണ്ടിവന്നു. ബീഹാർവിദ്യാപീഠസ്ഥാപനകാര്യത്തിൽ പ്രദർശിപ്പിക്കപ്പെട്ട അനിതരസാധാരണമായ സംഘടനാസാമർത്ഥ്യം രാജേന്ദ്രപ്രസാദിനെ നയിച്ചതു ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിൻെറ ജനറൽ സെക്രട്ടറിപദത്തിലേക്കാണ്. ൧൯൨൨ മുതൽ എ. ഐ. സി. സി-യിലെ അംഗമായിരുന്ന അദ്ദേഹം ൧൯൨൨-ൽ കോൺഗ്രസ്സിൻെറ ജനറൽ സെക്രട്ടറിയായി നിയമിതനായി. അന്നുമുതൽ അദ്ദേഹം വർക്കിംഗുകമ്മിററിയിലെ മെമ്പറായി തുടർന്നു സ്വാതന്ത്ര്യസമരത്തിൽ ഒരു പ്രധാനഭാഗം വഹിച്ചുകൊണ്ടു വരികയായിരുന്നു. രാജേന്ദ്രപ്രസാദു് വിദേശസഞ്ചാരം ചെയ്തിട്ടുണ്ടായിരുന്നില്ല. ൧൯൨൮-ൽ ഒരു പ്രിവികൗൺസിൽ അപ്പീൽ സംബന്ധിച്ചു അദ്ദേഹം ലണ്ടൻ സന്ദർശിക്കുകയും ഒരു യൂറോപ്യൻ പര്യടനം നടത്തി പല വിശിഷ്ടവ്യക്തികളെയും സന്ദർശിക്കുന്നതിനു ആ സന്ദർഭം വിനിയോഗിക്കുകയും ചെയ്തു.

ആസ്ത്രിയയിലെ ഗ്രാസു നഗരത്തിൽ ഒരു "പാസിഫിസ്റ്റു" യോഗത്തിൽ അക്രമരാഹിത്യത്തിൻെറ തത്വങ്ങളെയും പ്രയോഗരീതിയെയുംപററി പ്രസംഗിക്കുന്നതിനു അദ്ദേഹം ക്ഷണിക്കപ്പെട്ടു. എന്നാൽ യോഗം കശപിശയിൽ അവസാനിക്കുകയും പ്രസാദിനു ഗൗരവതരമായ പരുക്കുകൾ ഏൽക്കുകയുമുണ്ടായി. അക്രമരാഹിത്യത്തിലുള്ള അദ്ദേഹത്തിൻെറ വിശ്വാസം പക്ഷെ ഇതു ഒന്നുകൂടി ദൃഢീകരിക്കുകയാണു ചെയ്തതു്.

സംഘടനാശക്തി പ്രകടിപ്പിക്കുന്നതിനു അദ്ദേഹത്തിനു താമസിയാതെ മററൊരു സന്ദർഭം ലഭിച്ചതു ഭയങ്കരമായ ബീ

(ശേഷം പന്ത്രണ്ടാംപേജിൽ)

# പണിമുടക്കും അടച്ചുപൂട്ടലും

കെ. ഗോപാലപിള്ള ബി. എ.

ജനസമുദായവിഭാഗങ്ങളുടെ പിണക്കം ഇന്നും ഇന്നലെയും തുടങ്ങിയതല്ല. ജനസമുദായത്തിന്റെ ശിഖരത്തിൽ ഇരുന്നുവന്നവരും അവരുടെ താഴെ അദ്ധ്വാനിച്ചു കഴിഞ്ഞുവന്നവരും തമ്മിൽ അനാദികാലം മുതലുള്ള പിണക്കത്തെ ലോകചരിത്രം രേഖപ്പെടുത്തുന്നുണ്ടു. ഇന്നത്തെ രീതിയിൽ വ്യവസായം വദ്ധിച്ചുസമുദായത്തിന്റെയും മൂലധനവ്യവസ്ഥയുടെയും പ്രവത്തനവുമുണ്ടാകുന്നതിനുമുൻപു് രാജ്യരക്ഷയ്ക്കും രാജ്യഭരണത്തിനും ചുമതലപ്പെട്ട സൈനികവർഗ്ഗങ്ങളും അദ്ധ്വാനം ചെയ്യുന്ന ജനസാമാന്യവും തമ്മിലായിരുന്നു പിണക്കം. ഭൂസ്വത്തുടമസ്ഥയുള്ള ജന്മികളും ഭൂസ്വത്തുമയില്ലാത്ത കുടിയാന്മാരും തമ്മിലും പിണക്കമുണ്ടായിരുന്നു. ഈ പിണക്കങ്ങൾ പ്രക്ഷോഭണരൂപം പ്രാപിച്ചിട്ടുള്ളതായും ചരിത്രം പ്രസ്താവിക്കുന്നുണ്ടു്. എന്നാൽ സൈനികവർഗ്ഗങ്ങൾ തൽപരകക്ഷികളുടെ പിൻതുണയോടുകൂടി അടിച്ചമർത്തുകയാൽ ഈ പിണക്കവും രസക്കേടുമെല്ലാം പഴയകാലത്തു ജനതയിൽ അന്തർലീനമായിരുന്നതേയുള്ളു.

ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം അനവധി തൊഴിൽ കുഴപ്പങ്ങളും പണിമുടക്കുകളും അടച്ചുപൂട്ടലുകളും സംഭവിച്ചു. ൧൯൨൯ മുതൽ ൧൯൩൩ വരെയുള്ള സാമ്പത്തികാധഃപതനകാലത്തു പണിമുടക്കുകൾ താരതമ്യേന കുറവായിരുന്നു. ൧൯൩൯- മുതൽ ആരംഭിച്ച രണ്ടാം ലോകമഹായുദ്ധകാലത്തു രാജ്യരക്ഷയ്ക്കുള്ള സാധന നിർമ്മാണജോലികൾ നിവ്വഹിക്കേണ്ട ആവശ്യത്തിനു് പ്രത്യേകനിയമനിർമ്മാണം തന്നെ ചെയ്യേണ്ടിവന്നിട്ടുണ്ടു്. അമേരിക്കാ ബ്രിട്ടൺ മുതലായ രാജ്യങ്ങളിൽ ദേശഭക്തരായ തൊഴിലാളികളും മുതലാളികളും ഒരുപോലെ യോജിക്കുകയും പണിമുടക്കുകളേയും അടച്ചുപൂട്ടലുകളേയും ഒഴിവാക്കുകയും ചെയ്തു.

തൊഴിലാളികളുടെ ആവശ്യം സാധിച്ചുകിട്ടുന്നതിനായി ഒരുതൊഴിൽശാലയിലോ ഒന്നിലധികം തൊഴിൽശാലകളിലോ ഉള്ള മുഴുവൻ തൊഴിലാളികളോ ഒരുവിഭാഗം തൊഴിലാളികളോ ജോലിയിൽനിന്നും ഒന്നിച്ചു വിരമിക്കുന്നതിനു് പണിമുടക്കെന്നു പറയപ്പെടുന്നു. തൊഴിലാളികളുടെ ഈ ദണ്ഡപ്രയോഗത്തിനു മുതലാളികൾ പ്രയോഗിക്കുന്ന പ്രതിദണ്ഡമാണു് അടച്ചുപൂട്ടൽ. അടച്ചുപൂട്ടൽ വ്യവസായപ്രവത്തനം നിൎത്തലാക്കുന്നു. പണിമുടക്കും അടച്ചുപൂട്ടലും വ്യാവസായികാസ്വാസ്ഥ്യത്തിന്റെ ലക്ഷണങ്ങളാണു്. സഹകരണം നശിച്ചു പിണക്കം വദ്ധിക്കുമ്പോഴാണു് ഇവരണ്ടുമുണ്ടാകുന്നതെന്നുള്ളതും പരമാത്ഥമാണു്.

തങ്ങൾക്കു കൂടുതൽ ജോലിസൌകര്യങ്ങൾ നേടുന്നതിനായി തൊഴിലാളികൾ നടത്തുന്ന പണിമുടക്കിനു നേട്ടോദ്ദേശപ്പണിമുടക്കെന്നും ഉള്ള ജോലിസൌകര്യങ്ങൾ കുറയാതിരിക്കുവാൻവേണ്ടി അവർ നടത്തുന്ന പണിമുടക്കിനു നഷ്ടനിവാരണപ്പണിമുടക്കു എന്നും പേർപറയുന്നു ആക്രമണപ്പണിമുടക്കെന്നും സ്വയംരക്ഷാപണിമുടക്കെന്നും മറെറാരു വിഭജനവും പണിമുടക്കു സംബന്ധിച്ചുണ്ടു്. ആക്രമണപണിമുടക്കു കൂടുതൽ പിടിച്ചുപറ്റുന്നതിനും സ്വയംരക്ഷാപണിമുടക്കു ഉള്ളവകളയാതെ സൂക്ഷിക്കുന്നതിനും വേണ്ടി നടത്തുന്നതാണെന്നു പേർകൊണ്ടുതന്നെ വെളിവാകുന്നുണ്ടല്ലോ.

ഉദ്ദേശം, വ്യാപ്തി എന്നിവയെ അടിസ്ഥാനപ്പെടുത്തിയും പണിമുടക്കിനെ വിഭജിക്കുന്നു. വ്യാപ്തിയനുസരിച്ചു പ്രാദേശികവും ദേശീയവും സവ്വദേശീയവും ആയ പണിമുടക്കുകളുണ്ടു്. പ്രാദേശിക പണിമുടക്കു് ഒരു സ്ഥലത്തുള്ള ഒരു തൊഴിൽശാലയിലെ പണിമുടക്കാണു്. ദേശീയ പണിമുടക്കു ഒരു രാജ്യത്തിലെ ഒരു വ്യവസായത്തിലാകെ ജോലിനിൎത്തുന്ന പണിമുടക്കാകുന്നു. സാവ്വദേശീയപണിമുടക്കു് ഇന്നു വളരെ വിരളമാണു്. എങ്കിലും ദേശീയപ്പണിമുടക്കുകൾ സാവ്വദേശീയ ഫലങ്ങളുളവാക്കുന്നവയാകുന്നു. പൊതുപണിമുടക്കു് ഒരു രാജ്യത്തിലെ എല്ലാവിധ വ്യവസായങ്ങളിലെയും ജോലി നിൎത്തുന്നതാണു്. നിലവിലിരിക്കുന്ന സാമ്പത്തികവ്യവസ്ഥയെ ഉന്മൂലനം ചെയ്യുന്നതിനും മററും ഉദ്ദേശിച്ചു ട്ടുള്ളതായിരിക്കും പൊതുപണിമുടക്കു. രാഷ്ട്രീയമായ ഉദ്ദേശങ്ങളോടുകൂടിയും ഇന്ത്യയിൽ പൊതുപണിമുടക്കിനെപ്പററി സംസാരിക്കാറുണ്ടു്, ഒരു വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ പണിമുടക്കിയാൽ അവരുടെ പേരിലുണ്ടാകുന്ന താല്പര്യംമൂലം ഇതരവ്യവസായങ്ങളിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ തങ്ങൾക്കു പ്രത്യേകിച്ചൊന്നും സാധിക്കാനില്ലെങ്കിലും വേല നിൎത്തുന്നപക്ഷം അതിനു അനുഭാവപ്പണിമുടക്കെന്നു പറയുന്നു. അനുഭാവപ്പണിമുടക്കു പലപ്പോഴും ഫലപ്രദമായി കാണപ്പെടുന്നില്ല. ഭൂരിപക്ഷം തൊഴിലാളികളുടെയോ തൊഴിലാളിസംഘത്തിലെ ഉദ്യോഗസ്ഥന്മാരുടെയോ അനുമതിയില്ലാതെ കലഹപ്രിയരായ ഒരു ന്യൂനപക്ഷമുണ്ടാക്കുന്ന പണിമുടക്കിനു നിയമബാഹ്യപ്പണിമുടക്കെന്നു പേർപറയുന്നു. ആവശ്യമായ നടപടികളോ മുന്നറിയിപ്പോ കൂടാതെ പെട്ടെന്നുള്ള ക്ഷോഭംമൂലമോ മറേറാ ഉണ്ടാകുന്ന പണിമുടക്കിനാണു് മിന്നൽപണിമുടക്കെന്നു പറയുന്നതു്. തൊഴിലാളികൾ തൊഴിൽശാലയ്ക്കകത്തുള്ള ജോലിസ്ഥലം വിട്ടുപോകാതെ അവരുടെ സ്ഥാനങ്ങളിൽ നില്ക്കുകയും ജോലിചെയ്യാതെയിരിക്കുകയും ചെയ്യുന്നതിനു അകത്തുനിന്നു പണിമുടക്കു എന്നു പേർ പറയാറുണ്ടു്.

പണിമുടക്കിനുള്ള കാരണമെന്തെന്നു് പ്രത്യേകമെടുത്തൊന്നും പറയാറില്ല. പഴകിയതും പുതിയതും ചിരന്തനവും ആസന്നവുമായ കാരണങ്ങൾ പണിമുടക്കിനുണ്ടായിരിക്കും. പല കാരണങ്ങൾ ഒന്നിച്ചു പിണഞ്ഞുചേർന്നും പണിമുടക്കുണ്ടാകാം. പണിമുടക്കിന്റെ ചില പ്രധാന കാരണങ്ങൾ ശമ്പളംകൂട്ടുക, ജോലിസമയം കുറയ്ക്കുക, തൊഴിലാളിസംഘത്തെ അംഗീകരിക്കുക എന്നീ ആവശ്യങ്ങളുമാണു്. ഇതിൽ ഭൂരിഭാഗം പണിമുടക്കുകളും ശമ്പളം സംബന്ധിച്ചുണ്ടാകുന്നവയാണു്. മററു കാരണങ്ങൾകൊണ്ടു മാത്രമുണ്ടാകുന്ന പണിമുടക്കുകൾ താരതമ്യേന വളരെ കുറവാകുന്നു. തൊഴിലാളി സമഷ്ടിക്കുവേണ്ടി വാദിക്കുന്നതിനും പ്രവൎത്തിക്കുന്നതിനുമുള്ള അവകാശം സമ്പാദിക്കുകയും തൊഴിലാളി സംഘങ്ങളിലെ അംഗങ്ങളോടു നിർഭയമായി പെരുമാററിരിക്കുവാൻ വ്യവസ്ഥചെയ്യുകയും മററുമാണു് തൊഴിലാളിസംഘത്തിന്റെ അംഗീകരണത്തിൽ അന്തർഭവിച്ചിരിക്കുന്ന പ്രശ്നങ്ങൾ.

തൊഴിൽശാലകളിൽ തൊഴിൽചെയ്യുന്നതു സംബന്ധിച്ചു സമരപ്രിയതയോടും സംഘടിതമായുമുണ്ടാകുന്ന പ്രതിഷേധമാണു് പണിമുടക്കു്. വേലവ്യവസ്ഥയിൽ പ്രതിഷേധിക്കാൻ ശക്തിയില്ലെങ്കിൽ തൊഴിൽശാലയിൽനിന്നു തൊഴിലാളികൾ കൂടെക്കൂടെ അധികമായി വേലവിട്ടു പൊയ്ക്കൊണ്ടിരിക്കും. രണ്ടും ഒരുപോലെ വേലവ്യവസ്ഥയിൽ വ്യാപിച്ചിട്ടുള്ള ദൂഷ്യത്തിന്റെ ബാഹ്യപ്രകടനങ്ങളാകുന്നു. മനുഷ്യശരീരത്തിൽ ചൊറിയും ചിരങ്ങും പരുവും ഉണ്ടാകുംപോലെയാണു് ജനസമുദായശരീരത്തിൽ പണിമുടക്കുണ്ടാകുന്നതു്. രണ്ടിനും താല്ക്കാലിക ഉപശാന്തികൾ ചെയ്യുന്നതിനു പകരം ശാശ്വതഫലംനൽകുന്ന ചികിത്സയാണാവശ്യം.

തൊഴിലാളികൾക്കു സംഘടിക്കുന്നതിനുള്ള നിയമാനുവാദം ലബ്ധമായതോടെ ഇപ്പോൾ പ്രബലങ്ങളും ഭീമങ്ങളുമായ തൊഴിലാളിസംഘടനകളാണു് പ്രവൎത്തിക്കുന്നതു്. പ്രസ്തുത സംഘങ്ങളുടെ സംഘടിതമായ പ്രവൎത്തനം അപ്രധൃഷ്യമായി തീൎന്നുവരുന്നു. ഈ സാമ്പത്തികയുദ്ധം തുടരെ ഉപയോഗിക്കുന്നപക്ഷം അതു തൊഴിലാളിക്കും മുതലാളിക്കും നാശംചെയ്യുന്നതിനു പുറമെ പൊതുജനങ്ങൾക്കു ദുരിതവുമുണ്ടാക്കുന്നു. മുഖ്യ വ്യവസായങ്ങളിലെ പണിമുടക്കു രാജ്യവാസികളെയും വിദേശരാജ്യങ്ങളെക്കൂടിയും വിഷമിപ്പിക്കുന്നു. റെയിൽവെ പണിമുടക്കു, പോസ്റ്റൽപണിമുടക്കു, കച്ചേരിപ്പണിമുടക്കു മുതലായവ ദേശീയപ്രാധാന്യമുള്ള പ്രശ്നങ്ങളായിട്ടാണു് പരിണമിക്കുക. ജനങ്ങളുടെയിടയിലെ തക്കങ്ങളെപ്പററി പഠിക്കുകയും പരിഹാരമായി നീതിന്യായനിർണ്ണയം ചെയ്യുകയും ചെയ്യുന്ന പതിവു അനാദികാലംമുതൽ ലോകത്തിൽ നിലനിന്നുവരുന്ന സമ്പ്രദായമാണല്ലോ. തക്കങ്ങളുണ്ടായാൽ അതു അടിച്ചമത്തുന്നതു ദുഷ്ടുകിടക്കെ വരട്ടപ്പെട്ട വ്രണംപോലെ വീണ്ടും പൊട്ടുന്നതിനു ഇടയാക്കുന്നതാണു്. ആകയാൽ ശാശ്വതപരിഹാരത്തിനു ധർമ്മോപദേഷ്ടാക്കൾ ശ്രമിക്കുന്നു. പണിമുടക്കുകളെ സംബന്ധിച്ചും ഈ ഒരു ന്യായം ദീക്ഷിക്കേണ്ടതാകുന്നു. പണിമുടക്കുകളുടെ കാരണം വേണ്ടവണ്ണം അന്വേഷിച്ചു കണ്ടുപിടിച്ചു മനസ്സിലാക്കി അതിനെ ഒഴിവാക്കുവാനുള്ള ഉപായങ്ങൾ നടപ്പിൽവരുത്തുകയാണു വേണ്ടതു്. ആത്മാർത്ഥമായി പരിശ്രമിക്കുന്നപക്ഷം പണിമുടക്കുകളെ ഒട്ടൊക്കെ ഒഴിവാക്കുവാൻ സാധിക്കുകയുംചെയ്യും. പണിമുടക്കിൽ പലപ്പോഴും കുസൃതികളും കൃത്രിമങ്ങളും വ്യവസ്ഥാപിതമല്ലാത്ത നടപടികളും ഉണ്ടാകാറുണ്ടു്. ഇവയെ ദൂരീകരിച്ചു പണിമുടക്കു ഏറെവും നിയന്ത്രിതമായും വ്യവസ്ഥാപിതമായും നടത്തുവാനുള്ള സാഹചര്യം നൽകേണ്ടതാകുന്നു. പണിമുടക്കു തൊഴിലാളിസാമാന്യത്തിന്റെ താല്പര്യത്തിനുവേണ്ടി അവർ പ്രകടിപ്പിക്കുന്ന യഥാർത്ഥമനോഗതിയായി തീരേണ്ടതാണാവശ്യം.

ചിലപ്പോൾ പണിമുടക്കുകൾ തൊഴിലാളിസാമാന്യത്തിന്റെ ആവശ്യത്തിനുവേണ്ടിയല്ലാതെയും ഉണ്ടാകും. ഉല്പാദനം കുറയ്ക്കുവാനുള്ള ദുരുദ്ദേശത്തോടുകൂടി തൊഴിൽശാലനടത്തിപ്പുകാരുടെ ഭാഗത്തുനിന്നും തങ്ങളുടെ അതൃപ്തിയും വിദ്വേഷവുംമൂലം മുഖ്യോദ്യോഗസ്ഥന്മാരാൽ പ്രേരിതമായും അകാലത്തും അസ്ഥാനത്തും ഒരു പണിമുടക്കിനുള്ള തൊഴിലാളികളുടെ ശക്തിയെ നഷ്ടപ്പെടുത്തുന്നതിനായി "കരിങ്കാലത്തൊഴിലാളികളുടെ" കൃത്രിമപ്രവൃത്തികളുടെ ഫലമായും തൊഴിലാളിയൂണിയൻ പ്രവത്തകരുടെ രാഷ്ട്രീയോദ്ദേശംകൊണ്ടും മററും പണിമുടക്കുകൾ പലവിധത്തിൽ ഉണ്ടാകാം. ഏററവും സംഘടിതവും സങ്കീർണ്ണവുമായ വ്യവസായങ്ങളിൽ ഏതെങ്കിലും ഒരു നിർമ്മാണഘട്ടത്തിലോ നിർമ്മാണകക്ഷ്യയിലോ ഉള്ള കുഴപ്പംമൂലം പൊതുവെ തൊഴിലാളികളിൽ അസ്വാസ്ഥ്യവും തൻമൂലം പണിമുടക്കുമുണ്ടാകാം. ആത്മാർത്ഥതയോടുകൂടിയ ഒരു മാനേജ്മെൻറിനും ആത്മാർത്ഥതയോടുകൂടിയ യൂനിയൻ നേതൃത്വത്തിനും മാത്രമേ ഇപ്രകാരം കൃത്രിമങ്ങളും ദുഃസൂചനങ്ങളും ദുരുദ്ദേശപരങ്ങളുമായ പണിമുടക്കുകളെ തടയാൻ സാധിക്കുകയുള്ളു.

ജനസമുദായത്തിൽ സാമ്പത്തികമായ പുനർഘടനയുണ്ടാകുന്ന കാലത്തു പണിമു

(ശേഷം അഞ്ചാംപേജിൽ)

## കറണ്ടു് അക്കൌണ്ടു് ആരംഭിക്കുന്നതായാൽ എനിക്കു എന്തെല്ലാം സൌകര്യങ്ങൾ ലഭിക്കും?

അന്നന്നു് മിച്ചം വരുന്ന സംഖ്യ കറണ്ടു് അക്കൌണ്ടിൽ നിക്ഷേപിക്കയും, വാങ്ങുന്ന സാമാനങ്ങൾക്കു റൊക്കമായോ, മണിഓർഡർ മൂലമൊ പണം കൊടുക്കുന്നതിനു പകരം, ചെക്കുമൂലം കൊടുക്കുകയും ചെയ്യാലുള്ള സൌകര്യങ്ങളെപ്പററി നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ആധുനിക വ്യാപാരികൾ ഇന്നു് ചെയ്തുവരുന്നതു് അങ്ങിനെയാണു്.

കറണ്ടു് അക്കൌണ്ടുകൊണ്ടു് നിങ്ങൾക്കു എന്തെല്ലാം പ്രയോജനങ്ങൾ സിദ്ധിക്കുമെന്നു് പാലാ സെൻട്രൽ ബാങ്കു് ബ്രാഞ്ചു മാനേജർ സസന്തോഷം പറഞ്ഞു തരും. നിങ്ങൾക്കു് ഒരു ചെക്കുപുസ്തകം നല്കപ്പെടും. ചെക്കുമൂലം പണം കൊടുക്കുന്നതു് സുരക്ഷിതവും, സൌകര്യപ്രദവും ആകുന്നു. മററു സൌകര്യങ്ങളുടെ കൂട്ടത്തിൽ നിങ്ങൾക്കു് കടവായ്പ സൌകര്യങ്ങളും സിദ്ധിക്കും.

കറണ്ടു് അക്കൌണ്ടുകൾ ★ കടവായ്പ സൌകര്യങ്ങൾ
സേവിംഗ്സ് അക്കൌണ്ടുകൾ ★ സ്ഥിരം ഡിപ്പോസിററുകൾ ★ കാഷ് സർട്ടിഫിക്കററുകൾ




## പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം

(തിരുവിതാംകൂറിൽ റജിസ്റ്റർചെയ്യപ്പെട്ടതു് ഓഹരിക്കാരുടെ ബാദ്ധ്യത ക്ലിപ്തം)

ESTD. 1927

കൊല്ലം — തിരുവിതാംകൂറ ലെല്ലായിടത്തും ബ്രാഞ്ചുകൾ

൧൧൨൨ തുലാം ൧൬-ാംനു-യിലെ മലയാളരാജ്യം വാരികയിൽ പ്രൊഫസർ കെ. സി. കേശവൻ എഴുതിയിരുന്ന ജ്യോതിശ്ശാസ്ത്രം എന്ന ലേഖനവും ൨൪-ാം തീയതിയിലെ വാരികയിൽ മി: ടി. കെ. ജോസഫ് ബി. എ. എൽ. ടി. എഴുതിയിരുന്ന 'ഫലഭാഗപരീക്ഷ' എന്ന ലേഖനവും ഞാൻ സശ്രദ്ധം വായിച്ചു. ജ്യോതിശ്ശാസ്ത്രത്തിന്റെ ശാസ്ത്രീയതയെ ചോദ്യം ചെയ്യുന്ന നാട്ടുകാർക്ക് പ്രൊഫസ്സർ കെ. സി. കേശവൻ തക്ക അവസരത്തിൽ നൽകുന്ന മുന്നറി[illegible] സന്തോഷിക്കത്തക്കതു തന്നെ. ജ്യോ[illegible]ശ്ശാസ്ത്രവും ഹിന്ദുമതവുമായുള്ള ബന്ധ[illegible] എന്ന ഭാഗമൊഴിച്ചു ബാക്കി ഭാഗങ്ങ[illegible]ളോടു ഞാൻ പൂർണ്ണമായി യോജിക്കുന്[illegible] യഥാർത്ഥഹിന്ദുമതത്തിന്റെ [illegible]ർവ്വലൗകികത്വം ശരിയായി മനസ്സിലാക്കി വിസ്തൃതമായ ജ്യോതിശ്ശാസ്ത്രത്തിൽ ഗവേഷണം നടത്തുന്നതായാൽ ജ്യോതിശ്ശാസ്ത്രത്തിനു മതവുമായുള്ള ബന്ധം വേർപെടുത്തണമെന്നുള്ള വാദഗതി ഒരു വ്യക്തിയുടെ കണ്ണു പ്രത്യേകം എടുക്കുന്നതിനു തുല്യമാണ്. അപ്രകാരം ചെയ്താൽ വ്യക്തി അന്ധനാകുകയും ആ കണ്ണുകൊണ്ടു പ്രയോജനമില്ലാതാകുകയും ചെയ്യും. തല്ക്കാലം ഇവിടെ ജ്യോതിഃശാസ്ത്രം വേദാംഗം എന്നുതന്നെ പറയാം. അതിനു വേദവുമായുള്ള ബന്ധം പിന്നീടു സ്പഷ്ടമാകുന്നതാണ്. വിസ്തരഭയത്താൽ ഹിന്ദുമതതത്വങ്ങളെപ്പറ്റിയുള്ള ഒരു വിചാരണ ഇവിടെ നടത്താൻ ഞാൻ വിചാരിക്കുന്നില്ല.

ജ്യോതിശ്ശാസ്ത്രവുമായി ഇടപെടുന്നവരിൽ അധികംപേരെയും അതാകർഷിക്കുന്നു. അതിൽ ഉറച്ച വിശ്വാസമുള്ളവർ അവരുടെ എല്ലാ പ്രവൃത്തികളിലും അതിന്റെ സഹായമപേക്ഷിക്കുന്നു. ചിലർ ജ്യോതിശ്ശാസ്ത്രപ്രകാരമുള്ള ഫലഭാഗങ്ങൾ ശരിയായിരിക്കുന്നതുവരെ അതിനെ വിശ്വസിക്കുന്നു. ഈ ശാസ്ത്രത്തിൽ വിശ്വാസമില്ലാത്തവരും എന്നാൽ കാര്യകാരണ വിവേചനശീലമുള്ളവരുമായ മറ്റൊരുകൂട്ടർ ഇതിന്റെ ശാസ്ത്രീയതയെ ചോദ്യം ചെയ്യുന്നു. ഈ കൂട്ടരെ തൃപ്തിപ്പെടുത്താതെ മററു ശാസ്ത്രങ്ങളെപ്പോലെ ഇതും ഒരു ശാസ്ത്രംതന്നെയാണെന്നു ഉച്ചസ്വരത്തിൽ പറയുന്നതുകൊണ്ടു പ്രയോജനമില്ല.

എന്നാൽ ജ്യോതിശ്ശാസ്ത്രത്തിന്റെ യഥാർത്ഥതയെ എങ്ങിനെയാണു തെളിയിക്കുന്നത്. ചിലപ്പോൾ ജ്യോതിഃശാസ്ത്രമനുസരിച്ചു പറയുന്ന ഫലങ്ങൾ ഒരാളെ അതിശയിപ്പിക്കുകയും അമ്പരപ്പിക്കുകയും ചെയ്യുന്നു. എന്നാൽ അതുകൊണ്ടുമാത്രം മതിയാകുന്നില്ല. ഈ ശാസ്ത്രത്തിന്റെ യഥാർത്ഥതയെ തെളിയിക്കുന്ന ആൾക്കു ഒരു വലിയ സമ്മാനം നൽകാമെന്നു ഒരിക്കൽ വളരെ ധനികനും കിറുക്കനുമായ ഒരു അമേരിക്കൻ പറഞ്ഞു. ഇതിനുവേണ്ടി ഇന്നാരുടെ എന്നറിയിക്കാതെ അനവധി ജാതകങ്ങൾ ജോത്സ്യന്മാർക്കു കൊടുത്തു അവയുടെ ഫലഭാഗം പറയുവാനാവശ്യപ്പെട്ടു. അദ്ദേഹം ഉദ്ദേശശുദ്ധിയുള്ളവനായിരുന്നുവെങ്കിലും അദ്ദേഹം സ്വീകരിച്ച രീതി ശരിയല്ല. എന്തെന്നാൽ അപ്രാപ്തനായ ഒരു വക്കീലിന്റെ വാദംനിമിത്തം കേസ്സ് ദോഷപ്പെടുന്നതിനു തുല്യമാണ് അതു. ജ്യോത്സ്യന്റെ ജ്ഞാനക്കുറവുകൊണ്ടു ഫലഭാഗം ശരിയായില്ലെന്നുവരാം. എന്തെന്നാൽ ദൈവം ഉണ്ടോ എന്നു ചോദിച്ച് ആളുകളെ അമ്പരപ്പിക്കുന്നതിനോട് ഇതു ഉപമിക്കാം. ഇൻഡ്യയ്ക്കു പ്രത്യേകമായുള്ള നാഡിഗ്രന്ഥങ്ങൾ ജ്യോതിഃശാസ്ത്രം ഒരു യഥാർത്ഥശാസ്ത്രമാണെന്നു തെളിയിക്കുന്നു.

വളരെക്കാലംമുമ്പ് എഴുതപ്പെട്ടിട്ടുള്ള പല വ്യക്തികളുടേയും ജാതകസമൂഹമാണ് നാഡിഗ്രന്ഥങ്ങളെന്നും അവയിൽ ഭൂതകാലഫലം വളരെ ശരിയായിരിക്കുന്നുവെങ്കിലും ഭാവിയെപ്പററിയുള്ളകാര്യങ്ങൾ യഥാർത്ഥഅനുഭവവുമായി യോജിക്കുന്നില്ലെന്നും തന്നിമിത്തം നാഡിഗ്രന്ഥങ്ങൾ രണ്ടായിരമോ മൂവായിരമോ കൊല്ലങ്ങൾക്കുമുമ്പു ജീവിച്ചിരുന്ന സ്ത്രീപുരുഷന്മാരുടെ ജീവിതകാലാനുഭവങ്ങളാണെന്നും ചില പണ്ഡിതന്മാർ വിശ്വസിക്കുന്നു. അതിശയമായി തോന്നിയേക്കാമെങ്കിലും ചില നാഡിഗ്രന്ഥങ്ങൾ ജാതകന്റെ പേരും ജാതകൻ എപ്പോഴാണ് നാഡിഗ്രന്ഥമനുസരിച്ചു ഫലമറിയാൻ ശ്രമിക്കുന്നതെന്നുംകൂടി പറയുന്നു.

നാഡിഗ്രന്ഥങ്ങൾക്കു പൊതുവായും

# ജ്യോതിഃശാസ്ത്രം

എ. എൻ. ശ്രീനിവാസരാഘവഅയ്യങ്കാർ എം. എ., എൽ. ററി.
ററിച്ചർ ഗവ: ഇ. എച്ച്. എസ്., കൊല്ലം.

ശങ്കരാചാര്യർ എഴുതിയിട്ടുള്ള നാഡിഗ്രന്ഥത്തിനു പ്രത്യേകിച്ചുമുള്ള മറ്റൊരു വിശേഷം ഇക്കാലത്തെപ്പററിയുള്ള സൂചനകളുണ്ട്. ചില ഉദാഹരണങ്ങൾ ഉദ്ധരിക്കാം. പ്രക്ഷേപണകേന്ദ്രത്തിന് ആകാശംവഴി സന്ദേശങ്ങൾ അയയ്ക്കുന്ന സ്ഥലം എന്നും രക്ഷാഭോഗഫണ്ടിന് (Life Insurance Company മരണശേഷം പണം കടം കൊടുക്കുന്ന ഒരു സ്ഥാപനമെന്നും സർക്കാർവക്കീൽആഫീസിൽ ജോലിയുള്ള ഒരാളിന് "രാജ്ഞഃ പ്രതിവാദം സമ്യങ് ന്യായസ്ഥാനെ സ്ഫുടീകരണ മന്ദ രേ/സ്യ തദോദ്യോഗഃ" എന്നും പറഞ്ഞിരിക്കുന്നു. (രാജാവിനുവേണ്ടി കോടതിയിൽ സമർപ്പിക്കുന്നതിനു ന്യായവാദങ്ങൾ തയ്യാറാക്കുന്ന ആഫീസ്)

വളരെക്കാലങ്ങൾക്കുമുമ്പ് എഴുതപ്പെട്ടിട്ടുള്ള താളിയോലകളിൽ കാണുന്ന ഈ സംഗതികൾ ഒന്നുകിൽ ഇക്കാര്യങ്ങൾ പുരാതനകാലങ്ങളിൽതന്നെ അറിയപ്പെടാത്തവയല്ലായിരുന്നു എന്നോ അല്ലെങ്കിൽ പ്രാചീനമഹർഷിമാർ ത്രികാലജ്ഞാനികളായിരുന്നുവെന്നും ഗ്രഹങ്ങൾ മനുഷ്യജീവിതത്തെ സാരമായി ബാധിച്ചില്ലെങ്കിലും അവന്റെ ഭാവി എന്താണെന്നു സൂചിപ്പിച്ചിരുന്നുവെന്നും വ്യക്തമായി തെളിയിക്കുന്നു.

കൂടാതെ തമിഴിലുള്ള രേഖാനാഡിശാസ്ത്രങ്ങളിൽ ജനനസമയവും ജനനത്തീയതിയും മണിക്കൂർവരെ കണിശമായ ദശാശിഷ്ടവും ഫലഭാവവുമുള്ള ജാതകങ്ങൾ കാണുന്നു. ചിലതിൽ പുരുഷജാതകത്തിൽ തന്നെ അയാളുടെ ഭാര്യയുടെ ജാതകഭാവത്തെപ്പററിയും പറയുന്നു. രേഖാശാസ്ത്രജ്ഞൻ കയ്യിലുള്ള രേഖകൾ പരിശോധിച്ചു അതിനു ശരിയായ ജാതകം ഗ്രന്ഥം നോക്കി കണ്ടുപിടിക്കുന്നു.

ഏതെങ്കിലും ഒരു ജനനസമയത്തുള്ള സൂര്യൻ, ചന്ദ്രൻ ലഗ്നം ഇവ അതുപോലെ ആവർത്തിക്കുന്നതിനു ൫൨൦ വർഷങ്ങൾ വേണം. ആഴ്ചകൂടി അതുപോലെ ആവർത്തിക്കണമെങ്കിൽ കൃത്യം ൪൩൨൦ വർഷങ്ങൾ വേണം മററു ഗ്രഹനിലയും അതുപോലെ ആവർത്തിക്കുന്നതിനു ഏഴു കല്പങ്ങൾ അതായതു $7 \times 432 \times 10^7$ വർഷങ്ങൾ വേണം. ഇപ്രകാരമായിരിക്കെ നാഡിഗ്രന്ഥങ്ങൾ രണ്ടായിരമോ മൂവായിരമോ കൊല്ലങ്ങൾക്കുമുമ്പു ജീവിച്ചിരുന്നവരുടെ ജാതകങ്ങളാണെന്നുള്ള വാദം ഭ്രാന്തെന്നല്ലാതെ മററെന്താണു പറയുന്നത്.

ഫലഭാഗം ഒഴിച്ചുനോക്കുന്നതായാലും പ്രാചീനഋഷിവര്യന്മാർ ഒരു ജാതകത്തിനു ഒരു പ്രത്യേകതരത്തിലുള്ള ഹസ്തരേഖകൾ നിശ്ചയിച്ചിരിക്കുന്നതുകൊണ്ടു ഒരു തരത്തിലുള്ള ഗ്രഹനില ഒരു തരത്തിലുള്ള രേഖകൾക്കു കാരണമാകുന്നുവെന്നു നമുക്കു മനസ്സിലാക്കാം. അതുകൊണ്ടു ഗ്രഹങ്ങൾക്കു ഒരു വ്യക്തിയുടെ ജീവിതത്തിൽ ചില ഭാവങ്ങളെങ്കിലും സൂചിപ്പിക്കാൻ കഴിയുമെന്നു അനുമാനിക്കാൻ പാടില്ലേ. ഫലഭാഗം കൂടി കൂട്ടി ഇണക്കുമ്പോൾ ഒരു വ്യക്തിയുടെ ജനനസമയത്തുള്ള ഗ്രഹനില ആ വ്യക്തിയുടെ ജീവിതത്തെപ്പററി സൂചിപ്പിക്കുന്നുവെന്നു തീർത്തുപറയാം.

ചിലർ ജ്യോതിശ്ശാസ്ത്രത്തിനോടു കാണിക്കുന്ന അനാദരവുപോലും ജ്യോത്സ്യന്മാരോടു കാണിക്കുന്നില്ല. ശാസ്ത്രജ്ഞാനക്കുറവുനിമിത്തം ജ്യോത്സ്യന്മാർ ശാസ്ത്രത്തെപ്പററി ജനങ്ങളുടെ ഇടയിൽ അവിശ്വാസമുണ്ടാക്കുന്നവരായി ജനങ്ങൾ അവരെ കുററപ്പെടുത്തുന്നു. എന്നാൽ ന്യായമായി അവരെ കുററപ്പെടുത്താൻ പാടില്ല. സർവ്വകലാശാലയിൽ എൻജിനീയറിംഗ്, വൈദ്യം, കല മുതലായവ പഠിപ്പിക്കുന്നതിനു വേണ്ട ഏർപ്പാടു ചെയ്തു അവിടെ പഠിക്കുന്നവർക്കു ശോഭനമായ ഒരു ഭാവി ഉണ്ടാക്കിക്കൊടുക്കാതെ നല്ല എൻജിനീയർമാരെയോ, ഡാക്ടർമാരെയോ, അദ്ധ്യാപകന്മാരെയോ ലഭിക്കുന്നതെങ്ങിനെ. അതുപോലെതന്നെ സർവ്വകലാശാലയിൽ ജ്യോതിശ്ശാസ്ത്രം പഠിപ്പിക്കുന്നതിനു വേണ്ട ഏർപ്പാടുചെയ്തു അവിടെ പഠിക്കുന്നവർക്കു ആകർഷണീയമായ ഒരു ഭാവി ഉണ്ടാക്കിക്കൊടുക്കാതെ നല്ല ജ്യോത്സ്യന്മാരെ ലഭിക്കുന്നതെങ്ങിനെ? മോക്ഷശാസ്ത്രങ്ങളല്ലാത്ത മേൽപ്പറഞ്ഞവയെല്ലാം ലോകജീവിതത്തിനു പ്രയോജനപ്പെടാത്ത നിമിഷംമുതൽ അവ ത്യജിക്കപ്പെടുന്നു.

പുരാതനകാലത്തു ഒരു രാജാവിനോ അദ്ദേഹത്തിന്റെ രാജ്യത്തിനോ നേരിടാവുന്ന ആപത്തു സമർത്ഥനായ ഒരു ജ്യോത്സ്യന്റെ സഹായംകൊണ്ടു ദൂരീകരിക്കാൻ കഴിയുമെന്നു രാജാക്കന്മാർ വിശ്വസിച്ചിരുന്നതുകൊണ്ടു അവർ ജ്യോത്സ്യന്മാരെ ബഹുമാനിച്ചിരുന്നു. തൽഫലമായി ഒരു വരാഹമിഹിരൻ ഉണ്ടാകുന്നതിനിടയായി. ഏററവും വിശിഷ്ടമായ ബൃഹത്ജാതകം എന്ന ഗ്രന്ഥം ഉണ്ടാകാൻ കാരണം വരാഹമിഹിരന്റെ സാമർത്ഥ്യത്തെക്കാൾ ഉജ്ജയിനിയിലെ പരിഷ്കാരമാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

ജ്യോതിശ്ശാസ്ത്രം ശരിയായ ഒരു ശാസ്ത്രമാണെങ്കിൽ നാഡിഗ്രന്ഥങ്ങൾ പോലും പറയുന്ന ഫലം ശരിയാകാത്തതെന്തുകൊണ്ടെന്നു ന്യായമായ ഒരു ചോദ്യമുണ്ടാകാം.

പരിഹാരങ്ങൾ കല്പിച്ചിരിക്കുന്ന ചില ജാതകങ്ങൾ ഒഴിച്ചു രേഖാനാഡിഗ്രന്ഥങ്ങൾ പറയുന്ന ഫലങ്ങൾ നൂറുക്കു നൂറും ശരിയാണെന്നു എന്റെ അനുഭവംകൊണ്ടു എനിക്കു ബോധ്യപ്പെട്ടിട്ടുണ്ട്. മററു നാഡിഗ്രന്ഥങ്ങൾ പറയുന്ന ഫലങ്ങൾ അത്രത്തോളം ശരിയാകുന്നില്ല. ഇതിനു കാരണം നവാംശകലഗ്നത്തിലുള്ള തെററാണെന്നു ഞാൻ വിചാരിക്കുന്നതിനിടയായി. അതുകൊണ്ടു ഒരു വ്യക്തിയുടെ രേഖാനാഡിഗ്രന്ഥവും മററു നാഡിഗ്രന്ഥവും തമ്മിൽ താരതമ്യപ്പെടുത്തിനോക്കിയപ്പോൾ നവാംശകലഗ്നത്തിൽ തെററുള്ളതായി ഞാൻ കണ്ടു. ഹസ്തരേഖയിൽ പിശകുവരാൻ ഇടയില്ലാത്ത സ്ഥിതിക്കു നവാംശകലഗ്നം കൂടി പറയുന്ന രേഖാനാഡിഗ്രന്ഥങ്ങൾ കൂടുതൽ ശരിയാണെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. മററു നാഡിഗ്രന്ഥങ്ങളിൽ പറയുന്ന ഫലങ്ങൾക്കു വ്യത്യാസം വരുന്നതെന്തുകൊണ്ടാണെന്നു ഇപ്പോൾ സ്പഷ്ടമാണല്ലോ.

ഫലങ്ങൾ പറയുന്നതിൽ വരുന്ന വ്യത്യാസത്തിനു മറ്റൊരു കാരണംകൂടിയുണ്ട്.

ജ്യോത്സ്യന്മാരുൾപ്പടെ അനവധി ജനങ്ങളുടെ ഇടയിൽ ജ്യോതിശ്ശാസ്ത്രം വരാൻ പോകുന്നതിനെപ്പററി പറയുന്നുവെന്നൊരു തെററിദ്ധാരണയുണ്ട്. പ്രത്യുത ജ്യോതിശ്ശാസ്ത്രം കർമ്മങ്ങളുടെ ഫലം തുടങ്ങിയിട്ടുണ്ടെന്നു മാത്രമെ സൂചിപ്പിക്കുന്നുള്ളു.

ജാതകം കർമ്മത്തിനു തുല്യമായ അനുഭവത്തെപ്പററിയെ പറയുന്നുള്ളു. എപ്പോഴും സാധിക്കുകയില്ലെങ്കിലും ചിലപ്പോൾ ജാതകത്തിലുള്ള ദുഷ്യങ്ങളെ പരിഹാരംകൊണ്ട് നിവാരണംചെയ്യാൻ സാധിക്കുന്നതാണ്. ഓരോ കർമ്മവിഭാഗങ്ങളേയും പൂർണ്ണമായി താക്കോൽകൊടുത്ത ഒരു മണിയോടുപമിക്കാം. അതിനെ നാം ബലമായി അടിക്കുന്നതായാൽ നന്നാക്കാൻ കഴിയാത്തവിധം അതു ചീത്തയായേക്കാം. അതുപോലെ ശക്തിയായ പരിഹാരങ്ങൾകൊണ്ടു കർമ്മങ്ങളെ നിർമ്മാർജ്ജനംചെയ്യാൻ സാധിക്കും. പരിഹരിക്കത്തക്കതല്ലെങ്കിൽ അതിന്റെ ഫലം മററൊരു ജന്മത്തിലെ ദൃശ്യമാകയുള്ളു. തന്നിമിത്തം ഈ ജന്മത്തിൽ അതിനു നിവാരണമുണ്ടാകയില്ല. അതിനാലാണ് "അതൃത് കടെഃ പുന്യപാപൈരിഹൈവഫലമശ്നതെ" എന്നു പറയുന്നത്. പൂർണ്ണമായി താക്കോൽകൊടുത്ത ഒരു മണി ചിലപ്പോൾ അല്പം കൂടുതലായെങ്കിൽ മാത്രമേ അല്പം കുറച്ചെങ്കിൽമാത്രമേ ശരിയായി പ്രവർത്തിക്കുകയുള്ളു എന്നുവരാം. അപ്പോൾ അതുകാണിക്കുന്ന സമയം ശരിയായസമയത്തിൽനിന്നു ഭിന്നമായിരിക്കും. അതുപോലെ ഒരു കർമ്മഫലപ്രാപ്തിയിൽ വരുന്നതിനു ഏതെങ്കിലും പ്രേരണ ആവശ്യമായിരിക്കുമ്പോൾ ആ കർമ്മഫലം ജ്യോത്സ്യൻ പറയുന്ന സമയംകഴിഞ്ഞു അനുഭവപ്പെട്ടു എന്നുവരാം. കർമ്മങ്ങളെ ദൃഢം, അദൃഢം, ദൃഢ-ദൃഢം എന്നു മൂന്നായി തിരിച്ചിരിക്കുന്നു. അവയിൽ അദൃഢകർമ്മങ്ങൾ പെട്ടെന്നു നിവാരണംചെയ്യാവുന്നവയും ദൃഢകർമ്മങ്ങൾ നിവാരണംചെയ്യാൻ വളരെ പ്രയാസവുമാണ്. ഇവയെപ്പററിയുള്ള കൂടുതൽ വിവരങ്ങൾ വിസ്തരഭയത്താൽ തൽക്കാലം ഞാൻ നിറുത്തുന്നു.

സംസ്കൃതത്തിന്റെ മഹിമ വളരെ കാലംമുമ്പുതന്നെ യൂറോപ്യന്മാർ മനസ്സിലാക്കിയിരുന്നതുകൊണ്ടു വളരെ വിലയേറിയ സംസ്കൃതഗ്രന്ഥങ്ങൾ ജർമ്മൻകാർ ഇന്ത്യയിൽനിന്നും കടത്തിക്കൊണ്ടുപോയി. അത്രത്തോളംവിലയുള്ളഗ്രന്ഥങ്ങൾ ഇപ്പോ

(ശേഷം നാലാംപേജിൽ)

## സർവ്വരാഷ്ട്രതൊഴിലാളിസമ്മേളനം



ഇൻർനാഷനൽലേബർ സംഘടനയുടെ ഏഷ്യൻറീജനൽകാൺഫറൻസു പ്രതിനിധികൾക്കു ഡെൽഹിയിൽവച്ചു ബ്രി: ഹൈക്കമ്മിഷണർ സർ ടെറൻസുഷോൺ ഒരു സ്വീകരണം നൽകുകയുണ്ടായി. ചിത്രത്തിൽ ലേഡി മൗണ്ട്ബാററൻ, ഗവർണ്ണർജനറൽ ഹൈക്കമ്മീഷണർ സർ ടെറൻസുഷോൺ, ലേഡി ഷോൺ.

(മൂന്നാംപേജിൽനിന്നും തുടർച്ച)

ഠതമിഴിൽ മാത്രമേ ഉള്ളൂ. അവ അത്രത്തിലുള്ള സംസ്കൃതഗ്രന്ഥങ്ങളേക്കാൾ ഒട്ടും മഹിമ കുറഞ്ഞവയല്ല. പരിഹാരങ്ങൾ തമിഴിലും മന്ത്രങ്ങൾ സംസ്കൃതത്തിലും എഴുതപ്പെട്ടിട്ടുള്ള ഈ രേഖാനാഡിഗ്രന്ഥങ്ങൾ സംസ്കൃതവും തമിഴും തമ്മിലുള്ള വിവാദം വെറും കൃത്രിമമാണെന്നു തെളിയിക്കുന്നു. അപ്രകാരമുള്ള കൃതികൾ സംസ്കൃതത്തിലും തമിഴിലും മാത്രം കാണപ്പെടുന്നതിനുള്ള രഹസ്യം വിസ്താരഭയത്താൽ ഇവിടെ പ്രതിപാദിക്കുന്നില്ല. രേഖാനാഡീഗ്രന്ഥങ്ങളിൽ ചില രോഗങ്ങൾക്കു ചികിത്സയായി 'Ultra violet rays' പറഞ്ഞിരിക്കുന്നതു നമ്മെ അമ്പരപ്പിച്ചേക്കാം. അവയിൽ കർമ്മപരമായ പരിഹാരങ്ങൾകൂടാതെ നവീനരീതിയിലുള്ള ചികിത്സാക്രമങ്ങളും പറയപ്പെട്ടിട്ടുണ്ട്. ദുരദൃഷ്ടത്താൽ അപ്രകാരമുള്ള ഗ്രന്ഥങ്ങൾ ധനം സമ്പാദിക്കണമെന്നുമാത്രം താല്പര്യമുള്ളവരുടെ കയ്യിൽ അകപ്പെട്ടിരിക്കുകയാണ്. അപ്രകാരമുള്ള ഗ്രന്ഥങ്ങൾ ശേഖരിച്ചു ശരിയായ ഗവേഷണം നടത്തുന്നതായാൽ വൈദ്യം, മന്ത്രം, ജ്യോത്സ്യം ഈ ശാസ്ത്രങ്ങളിൽ അതിശയിക്കത്തക്ക അഭിവൃദ്ധിയുണ്ടാക്കാൻ കഴിയുന്നതാണ്. 'അപൂർവാർത്ഥപ്രകാശിക' എന്റെ സ്വന്തം സംസ്കൃതവ്യാഖ്യാനത്തോടുകൂടി പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരിക്കുന്ന ബൃഹത്ജാതകത്തിനുള്ള വ്യാഖ്യാനത്തിന്റെ ഇംഗ്ലീഷുമുഖവുരയിൽ നാഡീഗ്രന്ഥങ്ങളെപ്പററി ഞാൻ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. വിലയേറിയ പല ഗ്രന്ഥങ്ങളും നഷ്ടപ്പെട്ടിട്ടുണ്ട്. നാം ഈ രീതി തുടരുന്നതായാൽ പല കാര്യങ്ങൾക്കും നേരിട്ടു തെളിവുനൽകുന്ന പല ഗ്രന്ഥങ്ങളും നഷ്ടപ്പെട്ടുപോകുന്നകാലം വന്നുചേർന്നേക്കാം. നാഡിഗ്രന്ഥങ്ങളിലുള്ള ഭൂതകാലജാതകങ്ങൾ പോലും വൈദ്യം ചരിത്രം ജ്യോതിശ്ശാസ്ത്രം മുതലായവയിൽ ഗവേഷണം നടത്തുന്നതിനു നമ്മെ വളരെ സഹായിക്കും. ഇപ്പോൾതന്നെ നമുക്കതുചെയ്യുവാൻ കഴിയുമെങ്കിൽ നമ്മുടെ സർവ്വകലാശാലകൾക്കു ഫല കൊല്ലത്തിനകം ജ്യോത്സ്യം, വൈദ്യം, മന്ത്രശാസ്ത്രം ഇവയിൽ നല്ല പാണ്ഡിത്യമുള്ളവരും ഒരിക്കലും തെററു പററാത്തവരുമായ ജോത്സ്യന്മാരെ സൃഷ്ടിക്കാൻ കഴിയുന്നതാണ്.

മുൻജന്മത്തിൽ ചെയ്തിട്ടുള്ള കർമ്മങ്ങളുടെ ദുഷ്ടഫലങ്ങളെ തടയുന്നതിലാണ് ജ്യോതിശ്ശാസ്ത്രം ഉപയോഗപ്പെടുന്നത്. ഇവിടെയാണ് ജ്യോതിശ്ശാസ്ത്രത്തിനും വേദങ്ങളിലെ കർമ്മകാണ്ഡത്തിനും തമ്മിലുള്ള ബന്ധം സ്ഥിരീചെയ്യുന്നത്.

പതിനഞ്ചുകൊല്ലങ്ങൾക്കു മുൻപ് ശങ്കരവിജയമനുസരിച്ചു തിരുവിതാംകൂറിൽ ചിലരുടെ ജാതകഫലം നോക്കിയപ്പോൾ തിരുവിതാംകൂറിനു ഉത്തരവാദഭരണം ലഭിക്കുമെന്നു ഞാൻ അന്നുവരെ പറഞ്ഞിരുന്നു. പുതിയ മന്ത്രിസഭയിൽ ഞാൻ നിർദ്ദേശിച്ചപ്രകാരം അവർക്കു സ്ഥാനം ലഭിച്ചാലുമില്ലെങ്കിലും തിരുവിതാംകൂറിനു ഉത്തരവാദഭരണം പരമാർത്ഥമായി തീർന്നിരിക്കുന്നു.

മറെറാരുസംഭവംകൂടി പറഞ്ഞുകൊള്ളട്ടെ. ഉദരരോഗംനിമിത്തം ഉഴന്നുകൊണ്ടിരുന്ന ഒരു വ്യക്തി ഡാക്ടറന്മാർ ഉപേക്ഷിച്ചപ്പോൾ എന്റെ നിർദ്ദേശപ്രകാരം അദ്ദേഹം രേഖാനാഡിഗ്രന്ഥപ്രകാരമുള്ള ജാതകഭാവം നോക്കി. ഒരുകൊല്ലക്കാലം ജാതകൻ ക്ലിപ്തദിവസങ്ങളിൽ ശിംശുമാരകാഭിഷേകം നടത്തണമെന്നു അതിൽ നിർദ്ദേശിച്ചിരുന്നു. ആശ്ചര്യമായി തോന്നാമെങ്കിലും ഉടൻ ഫലമുണ്ടായി അദ്ദേഹത്തെ ഇപ്പോഴും ആരോഗ്യവാനായിരിക്കാൻ സഹായിച്ച ഋഷിവര്യന്മാരോടു നന്ദിപറയാതെ തരമില്ല. അതിനാൽ ജ്യോതിശ്ശാസ്ത്രത്തെ അതിന്റെ മാതാവായ വേദത്തിൽനിന്നും വേർപെടുത്തുന്നതു ബുദ്ധിപൂർവമല്ല.

ഹിന്ദുമതത്തിന്റെ സർവ്വലൗകികത്വം മനസ്സിലാക്കിയിരുന്ന പ്രാചീന ഋഷിവര്യന്മാർ, തത്വജ്ഞാനത്തെപ്പററി അഭിപ്രായവ്യത്യാസമുള്ളവരായിരുന്നുവെങ്കിലും, സഹായം ആവശ്യപ്പെടുന്നവരെ സഹായിക്കണമെന്നുദ്ദേശമുള്ളവരായിരുന്നു. ജ്യോതിഃശാസ്ത്രം ശരിയായ ഒരു ശാസ്ത്രമാണെന്നു തെളിയിക്കുന്നതിനു വേണ്ട തെളിവുകളിരിക്കെ ആ ശാസ്ത്രത്തെ വിശ്വസിക്കുന്നതു സ്വമതത്തോടുചെയ്യുന്ന ഒരു അപരാധമാണെന്ന് ഒരു വിമതസ്ഥൻ വിചാരിക്കുന്നുവെങ്കിൽ അയാൾ ജ്യോതിഃശാസ്ത്രത്തിന്റെ സഹായം തേടാതിരിക്കട്ടെ. മഹർഷിമാർ അവരാൽ കഴിവുള്ളതെല്ലാം നമുക്കു തന്നിട്ടുണ്ട്. അതിൽനിന്നും ഗുണം ലഭിക്കാനാമെന്നാഗ്രഹിക്കുന്നവർ അപ്രകാരം ചെയ്യട്ടെ.

—•—

# സാമ്പത്തികസംവിധാനവും സ്ഥിതിവിവരഗണിതവും

(വി. പി. ഉണ്ണിത്താൻ ബി. ഏ. എൽ. ററി.

I

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം എല്ലാരാജ്യക്കാരും രാഷ്ട്രപുനസ്സംവിധാനപദ്ധതികൾ ആസൂത്രണംചെയ്തും പ്രവർത്തിപ്പിച്ചും വരുകയാണല്ലൊ. രാഷ്ട്രസംവിധാനത്തിൽ സാമ്പത്തികപരിപാടികൾക്കുള്ള അഗ്രിമസ്ഥാനത്തെ എല്ലാവരും ഇന്നു അംഗീകരിക്കുന്നു. കേവലം രാഷ്ട്രീയസ്വാതന്ത്ര്യംകൊണ്ടുമാത്രം ഒരു ജനസ്ഥാനത്തിനു സമാധാനമോ സുഖമോ കൈവരികയില്ലെന്നും സാമ്പത്തികമായ സ്വാതന്ത്ര്യമാണു പുരോഗതിയുടേയും ക്ഷേമത്തിന്റേയും പൂർവ്വഗാമിയെന്നും രാജ്യതന്ത്രജ്ഞന്മാർ മനസ്സിലാക്കിക്കഴിഞ്ഞു. ഒരു രാജ്യത്തിന്റെ സമ്പൽസ്ഥിതിയെ ഭദ്രമാക്കുന്നതിനു രാഷ്ട്രീയസ്വാതന്ത്ര്യം പ്രഥമാവശ്യമാണ്. അതു നമുക്കു ഹസ്തഗതമായി. രാഷ്ട്രീയസ്വാതന്ത്ര്യം നിലനില്ക്കണമെങ്കിൽ സാമ്പത്തികസ്വാതന്ത്ര്യം എത്രയുംവേഗം സമ്പാദിക്കുകയുംവേണം.

ഈ വസ്തുത ഗ്രഹിച്ചിട്ടാണ് ൧൯൩൮-ൽ ഇൻഡ്യൻ നാഷണൽകാൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ ഒരു ദേശീയ സംവിധാനസമിതി ഏർപ്പെടുത്തിയതു്. അതിന്റെ അദ്ധ്യക്ഷൻ പണ്ഡിതജവഹരിലാൽനെഹ്റുവായിരുന്നു. അന്നു ഇൻഡ്യയിലെ മിക്ക പ്രാവിൻസുകളും ൧൯൩൫-ലെ ഇൻഡ്യാ ആക്ടനുസരിച്ചു കാൺഗ്രസ്മന്ത്രിസഭകൾ ഭരിച്ചുവരികയായിരുന്നു. എല്ലാ പ്രവിശ്യകളുടേയും തിരുവിതാംകൂർ ഉൾപ്പെടെയുള്ള പ്രധാന നാട്ടുരാജ്യങ്ങളുടേയും ഇൻഡ്യയിലെ മിക്ക വാണിജ്യവ്യവസായങ്ങളുടേയും പ്രതിനിധികൾ അതിൽ അന്തർഭവിച്ചിരുന്നു.

നെഹ്റുക്കമ്മിററി പത്തുകൊല്ലംകൊണ്ടു പ്രവർത്തനം പൂർണ്ണമാക്കാവുന്ന ഒരു പദ്ധതിയാണു തയ്യാറാക്കാൻ യത്നിച്ചതു്. ൧൯൩൮-ലെ നിലയിൽനിന്നും ൫൦൦൦ മുതൽ ൧൦൦ ശ. മാ. വരെ ജീവിതത്തോതുയർത്തിയെങ്കിലേ ഇന്ത്യയിലെ ജനങ്ങൾക്കു ഒരു പരിഷ്കൃതാവസ്ഥ കൈവരികയുള്ളുവെന്നും പ്രസ്തുത കമ്മിററി മനസ്സിലാക്കി. പത്തുവർഷംകൊണ്ടു ൨൦൦-മുതൽ ൩൦൦ ശ. മാ. വരെയെങ്കിലും ജീവിതനിലയുയർത്താവുന്നവിധത്തിൽ ഒരു പ്ലാൻ കമ്മിററി നിർമ്മിച്ചുതുടങ്ങുകയും ചെയ്തു. കമ്മിററി താഴെപ്പറയുന്ന ഉപാധികളനുസരിച്ചു അവരുടെ പദ്ധതിക്കു രൂപം നൽകാൻ നോക്കി.

(൧) ഓരോ ആളിനും പോഷകാംശങ്ങൾ പൂർണ്ണമായി അടങ്ങിയ ആഹാരം നൽകുക. (൨൪൦൦-മുതൽ ൨൮൦൦- കലോറിവരെ) (൨) നന്നാക്കുക. അന്നു ശരാശരി ൧൫-വാരയായിരുന്നതു ൩൦ ആയി ഉയർത്തുക. (൩) വാസസ്ഥലസൗകര്യം അഭിവൃദ്ധിപ്പെടുത്തുക. ശരാശരി ൧൦൦ ച. അടി ഗൃഹവിസ്തീർണ്ണം ഓരോ ആളിനും ഉണ്ടായിരിക്കുക. അഭിവൃദ്ധികരമായ മററനേകം ഉപാധികളേയും അവർ പ്രപഞ്ചനംചെയ്തു. (൧) കാർഷികോല്പന്നങ്ങൾ വർദ്ധിപ്പിക്കുക. (൨) വ്യവസായികോല്പന്നങ്ങൾ വർദ്ധിപ്പിക്കുക. (൩) തൊഴിലില്ലായ്മ നീക്കുക. (൪) ഓരോരുത്തരുടേയും ശരാശരി വരുമാനം വർദ്ധിപ്പിക്കുക. (൫) അജ്ഞത നീക്കുക. (൬) ജനോപകാരകമായ സേവനപദ്ധതികൾ വിപുലപ്പെടുത്തുക. (൭) ൧൦൦൦-പേർക്കു ഒരു ചികിത്സാകേന്ദ്രംവീതം ലഭിക്കത്തക്കവണ്ണം വൈദ്യസേവനം വ്യാപകമാക്കുക. (൮) ആയുഃപരിമാണം വലുതാക്കുക.

പക്ഷെ ഇൻഡ്യയുടെ രാഷ്ട്രീയ സംവിധാനത്തെക്കുറിച്ചു അന്നത്തെ കേന്ദ്രഗവർമ്മെണ്ടു മികച്ച അനാസ്ഥയും തികഞ്ഞ ആശങ്കയും പ്രദർശിപ്പിച്ചിരുന്നതിനാൽ ആ കമ്മിററിയുടെ ജോലി ഫലപ്രദമായി മുഴമിക്കാൻ കഴിഞ്ഞില്ല. സാമ്പത്തികസംവിധാനം പൂർത്തിയാക്കുന്നതിൽ കമ്മിററിയ്ക്കു നേരിട്ട മറെറാരു വൈഷമ്യം ശരിയായ സ്ഥിതിവിവരക്കണക്കുകളുടെ അഭാവമായിരുന്നു. യുദ്ധപരിതഃസ്ഥിതികൾമൂലം സഞ്ജാതമായ വൈഷമ്യങ്ങൾ അന്നു ഇല്ലായിരുന്നുവെങ്കിലും ൧൯൩൮-ലെ നിലപോലും അത്യന്തം ശോച്യമായിരുന്നു. പിന്നെ തകർന്നിരിക്കുന്ന ഇന്നത്തെ ജീവിതവൈഷമ്യത്തെപ്പററി എങ്ങനെ സ്മരിക്കാൻകഴിയും?

സാമ്പത്തികപരിപാടികൾ നിർമ്മിക്കേണ്ടതു ഏററവും ശാസ്ത്രീയമായ രീതിയിലായിരിക്കണം. ഇതിൽ സ്ഥിതിവിവരഗണിതശാസ്ത്രത്തിനുള്ള സ്ഥാനം പരമപ്രധാനമാണ്. ധനതത്വശാസ്ത്രമുൾപ്പെടെയുള്ള എല്ലാ ശാസ്ത്രങ്ങളും സ്ഥിതിവിവരഗണിതത്തെ പ്രത്യക്ഷമായോ പരോക്ഷമായോ ആശ്രയിക്കുന്നു. സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതു എല്ലാ പരിഷ്കൃതഗവർമ്മെണ്ടുകളുടേയും ഒരു പാവനകർത്തവ്യമാണ്. സ്ഥിതിവിവരങ്ങൾ സഞ്ചയിച്ചു ഭൂതവർത്തമാനങ്ങളെ നല്ലവണ്ണം അപഗ്രഥിച്ചു മനസ്സിലാക്കി ഒരുനല്ല ഭാവി സൃഷ്ടിക്കാൻ നന്നാഹം കൂട്ടുകയാണു സാമ്പത്തികപരിപാടിയുടേയും ഭരണസംവിധാനത്തിന്റേയും ഒന്നാം അദ്ധ്യായം. സ്ഥിതിവിവരക്കണക്കുകൾ സമാഹരിക്കാതെയുള്ള ധനപരപോഷണചിന്ത വീതിയും ആഴവും കയറിപ്പോകേണ്ടുന്ന വാഹനങ്ങളുടെ സ്വഭാവവും കണക്കാക്കാതെ ഒരു നദിക്കു മീതേ നടത്തുന്ന പാലംപണിയാണ്. വസ്തുകളുടെ യാഥാർത്ഥ്യവും സൂക്ഷ്മതയും പരിമാണവും അറിഞ്ഞു ഉൽകൃഷ്ടമായവിധം ശാസ്ത്രീയമായി അവയെ ശോധനംചെയ്തു ഹിതകരമായ ഭാവിപ്രവർത്തനങ്ങൾക്കു തക്ക ഫലങ്ങൾ പ്രവചനംചെയ്യുകയാണു സ്ഥിതിവിവരഗണിതത്തിന്റെ ഒരു പ്രധാന ധർമ്മം.

രാഷ്ട്രീയചിന്തകന്മാരും നേതാക്കളും ആദ്യമായി ചെയ്യേണ്ടതു യഥാർത്ഥമായ സ്ഥിതിവിവരക്കണക്കുകൾ സംഭരിച്ചു നമ്മുടെ ആവശ്യങ്ങളുടേയും കഷ്ടതകളുടേയും ഗുരുത്വവും വ്യാപ്തിയും മനസ്സിലാക്കുകയും പിന്നീടു അവയെ നേരിടുന്നതിനുള്ള നിഷ്കൃഷ്ടപദ്ധതികൾ രൂപവൽക്കരിക്കുകയുമാണ്. നിഷ്പക്ഷമായ നിരീക്ഷണവും അന്വേഷണബുദ്ധിയും പഠനതാല്പര്യവും ക്ഷമയും നേതാക്കന്മാർ പ്രദർശിപ്പിച്ചാൽമാത്രമേ സാധിക്കൂ. ഇനി ആരും പ്രസംഗിച്ചു മയക്കാൻമാത്രം നോക്കേണ്ട. അഥവാ മനഃപൂർവ്വം പ്രസംഗിക്കണമെന്നുണ്ടെങ്കിൽതന്നെ വസ്തുസ്ഥിതികൾ സൂക്ഷ്മമായി പഠിച്ചിരിക്കുന്നതു ഒരുവലിയ നേട്ടംതന്നെയാണ്. ഒരിക്കലും മനുഷ്യന്റെ പ്രാഥമികാവശ്യങ്ങൾ പ്രസംഗിച്ചാലോ പ്രസംഗംകേട്ടാലോ അടങ്ങുകയില്ല. പ്രസംഗം നിറഞ്ഞ വയറിന്റെപുറത്തു ബുദ്ധിയ്ക്കുള്ള ഒരുവിനോദം ഒരുലഹരി പിടിപ്പിക്കൽമാത്രം.

II

തിരുവിതാംകൂറിനു ഇന്ത്യയുടെ ഇതരഭാഗങ്ങളെ അപേക്ഷിച്ചു. മുമ്പോട്ടുപോകേണ്ടുന്ന ആവശ്യവും അതിനു അവകാശവും ഉണ്ട്. വർദ്ധമാനമായ നമ്മുടെ ആവശ്യങ്ങളും ജനപ്പെരുപ്പവും അനേകം പ്രശ്നങ്ങളെ ഉന്നയിക്കുന്നു. നമ്മുടെ സാമ്പത്തികപരിപാടി തയ്യാറാക്കുന്നതിൽ ഇനി ഒട്ടും കാലവിളംബം പാടില്ല. എത്രയുംവേഗം നമ്മുടെ നാട്ടിലെ സ്ഥിതിഗതികളെ സംബന്ധിക്കുന്ന വിവരങ്ങളും കണക്കുകളും ശേഖരിക്കേണ്ടതാണ്. ഗണിതശാസ്ത്രത്തിന്റെ അനർഘമായ അനുഗ്രഹങ്ങളിലും ആധുനികശാസ്ത്രീയസമ്പ്രദായങ്ങളിലുംനിന്നു തിരുവിതാംകൂറിനെ ഒരിക്കലും ഒഴിവാക്കിക്കൂടാ. സാമ്പത്തികമായ നമ്മുടെ അവശതകളും ഉൽക്കർഷണമാർഗ്ഗങ്ങളും ക്ലിപ്തമായി നാം വിശോധിച്ചറിഞ്ഞേതീരു.

സ്ഥിതിവിവരക്കണക്കുകൾ ചേർക്കാൻ നമുക്കു വേഗം സാധിക്കുമെന്നുള്ളതിൽ രണ്ടുപക്ഷമില്ല. തിരുവിതാംകൂറിലെ എല്ലാഡിപ്പാർട്ടുമെന്റുകളും ചിലവിധമായ സ്റ്റാററിസ്റ്റിക്സ് ശേഖരിക്കുന്നുണ്ട്. മേധാബലമുള്ള ധാരാളം ആളുകൾ നമ്മുടെനാട്ടിലുണ്ട്. നമ്മുടെ ജനങ്ങളിൽ ഏറിയപങ്കും സാമാന്യവിദ്യാഭ്യാസം സിദ്ധിച്ചവരാണ്. രാജ്യക്ഷേമത്തെ സ്പർശിക്കുന്ന ജീവൽപ്രശ്നങ്ങളെ അവ ക്രോഡീകരിക്കുന്നതിനാൽ എല്ലാജനവിഭാഗങ്ങളുടെ സഹകരണവും സ്ഥിതിവിവരശേഖരണത്തിനു സഹായകമാണ്. ഭാഗ്യവശാൽ സ്റ്റാററിസ്ററിക്സിൽ അസാമാന്യവൈദഗ്ദ്ധ്യം സമ്പാദിച്ച ചില ഉദ്യോഗസ്ഥന്മാരും ഗവേഷണപടുക്കളായ യുവാക്കളും ഈ നാട്ടിലുണ്ട്. സ്ഥിതിവിവരഗണിതത്തിൽ പരിശീലനം സിദ്ധിച്ച ധാരാളം യുവബിരുദധാരികൾ നമ്മുടെ സർവ്വകലാശാലയിൽനിന്നും പ്രതിവർഷം പുറത്തുവരുന്നുണ്ട്. ഇവരുടെ എല്ലാവിജ്ഞാനവും ബുദ്ധിഗുണവും നാട്ടിന്റെ നന്മയ്ക്കായി വിനിയോഗിക്കേണ്ട ഘട്ടം അത്യാസന്നമായിരിക്കുന്നു.

സ്ഥിതിവിവരശേഖരം തല്ക്കാലം ചുവടെ നിർദ്ദേശിക്കുന്ന വിഷയങ്ങളെ ആസ്പദിച്ചു കേന്ദ്രീകരിക്കണം. ൧) ജനസംഖ്യ ൨) ഭക്ഷണം, ൩) വസ്ത്രം, ൪) ഭവനം, ൫) ആരോഗ്യം, ൬) തൊഴിലുകളും വൃത്തികളും, ൭) വിദ്യാഭ്യാസം ൮) വാണിജ്യവും വ്യവസായവും, ൯) ഗതാഗതം ൧൦) വാർത്താവിനിമയം, ൧൧) കാലാവസ്ഥ, ൧൨) കലകളും വിനോദങ്ങളും, ൧൩) ലഹരിപദാർത്ഥങ്ങൾ. ഓരോ കേന്ദ്രം ആധാരമാക്കിയും വിപുലമായ പര്യവേക്ഷണവും പഠനവും സാധിക്കുമെന്നു് അല്പം

(ശേഷം ൧൦-പതാംപേജിൽ)

## General Kowledge Quiz

1. What is "Nephology"
   a) Study of clouds; b) Study of human muscles
   c) Study of coins.
2. The Lower House of the Canadian Legislature is known as: –
   a) The Dail; b) house of Representatives; c) House of Commons.
3. Who made the first voyage round the world?
   a) Columbus: b) Drake
   c) Vasco da Gama.
4. Adelaide is the capital of: –
   a) Queensland, b) South Australia; c) New South Wales.
5. "Okapi" is a: –
   a) Mammal; b) Mountain in New Zealand;
   c) Greek river.
6. Who is the author of "British Trade Unionism Today"?
   a) Dr. C. E. M. Joad;
   b) Prof. G D. H. Cole;
   c) Sydney Webb.
7. In his early days he was known as the "Dockers K. C."
   a) Mr. Ernest Bevin;
   b) Sir Stafford Cripps;
   c) Mr. Herbert Morrison

ANSWERS.

1. (a); 2. (c); 3. (b) 4. (b) 5. (a); 6. (b) 7. (a).

(രണ്ടാംപേജിൽനിന്നും തുടർച്ച)

ടക്കു ലഭിച്ചിരിക്കും. വ്യവസായാഭിവൃദ്ധിയും ഐശ്വര്യവുമുള്ളകാലത്തു പണിമുടക്കുകൾ ഉണ്ടാകുമെങ്കിലും അവ ഏറെക്കാലം നീണ്ടുനില്ക്കുകയില്ല. വ്യവസായമാന്ദ്യവും സാമ്പത്തികാധഃപതനവും സംഭവിക്കുന്ന കാലത്തുണ്ടാകുന്ന പണിമുടക്കുകൾ രൂക്ഷതരവും ദീർഘതരവും ആയിട്ടാണ് കാണപ്പെട്ടിട്ടുള്ളത്.

പണിമുടക്കുകളുടെ ജയത്തെപ്പററി നിശ്ചയിക്കുക പ്രയാസമാണ്. പണിമുടക്കുകൾക്കു പ്രത്യക്ഷമായും പരോക്ഷമായും ഫലങ്ങളുണ്ട്. പണിമുടക്കുകൊണ്ടുണ്ടായിട്ടുള്ള നേട്ടത്തെ അതുകൊണ്ടുണ്ടായിട്ടുള്ള നഷ്ടവുമായി തട്ടിച്ചുനോക്കാതെയിരിക്കരുതു്. ചിലപ്പോൾ തൊഴിലാളികൾക്കു പണിമുടക്കുദിവസങ്ങളിലേക്കു നഷ്ടപ്പെടുന്ന തുക അവർക്കു കൂലി കൂട്ടലായി വർഷങ്ങൾകൊണ്ടു കിട്ടിവരുന്നില്ലെന്നതാണ്. ചിലപ്പോൾ തത്സമയത്തിൽ ജയിച്ചാലും പിരിച്ചുവിടൽകൊണ്ടും മററും തൊഴിലാളികൾക്കു കഷ്ടനഷ്ടങ്ങളുണ്ടാകുന്നു. ഒരു പണിമുടക്കിൽ തോററാൽ തൊഴിലാളികൾക്കുണ്ടാകുന്ന പോരായ്മയും അപമാനവും കാര്യനാശവും ചില്ലറയൊന്നുമായിരിക്കയില്ല. ആകയാൽ പണിമുടക്കു കൂടാതെയുള്ള നേട്ടം വിലയേറിയതായി മിതവാദികളായ തൊഴിലാളിപ്രവർത്തകർ കരുതുന്നു. ഓരോ പണിമുടക്കും തൊഴിലാളികൾക്കു രാഷ്ട്രീയമായും സാമൂഹ്യമായുമുള്ള നല്ല വിജ്ഞാനമാണ് നൽകുന്നതു്. തൊഴിലാളിസംഘത്തിന്റെ ശക്തിയെയും പൊതുജനാഭിപ്രായത്തിന്റെ പിൻബലത്തേയുമാണ് പണിമുടക്കിന്റെ വിജയമാശ്രയിച്ചിരിക്കുന്നതു്. വ്യാപാരചക്രഗതിയിലെ മാന്ദ്യാമാന്ദ്യങ്ങളും പണിമുടക്കിന്റെ വിജയോപാധിയാണ്. വ്യാപാരവും സമ്പത്തും അഭിവൃദ്ധിപ്പെട്ടിരിക്കുമ്പോൾ തൊഴിലാളികളും അവ മന്ദമായും അധഃപതിച്ചും ഇരിക്കുമ്പോൾ മുതലാളികളും ജയിക്കുന്നതായിട്ടാണ് അനുഭവപ്പെട്ടിട്ടുള്ളതു്. സാമ്പത്തികാധഃപതനവും വ്യാപാരമാന്ദ്യവുമുണ്ടാകുമ്പോൾ അടച്ചുപൂട്ടലുകൾക്കു മുതലാളിമാർ മടിക്കുന്നില്ല. പണിമുടക്കുണ്ടാകണേ എന്നു മുതലാളിയും ഉണ്ടാകല്ലേ എന്നു തൊഴിലാളിയും പ്രാർത്ഥിക്കുന്ന അവസരങ്ങളുണ്ട്. മുതലാളിശക്തി കേന്ദ്രീകരിക്കുകയും അധികാരശക്തിയോടുകൂടി ഒത്തുചേരുകയും ചെയ്യുമ്പോൾ പണിമുടക്കുകൾ പരാജയപ്പെടുകയും സ്ഥൂലമായോ സൂക്ഷ്മമായോ ഉള്ള മർദ്ദനം നടക്കുകയും ചെയ്യും. എന്നാൽ തൊഴിലാളിനേതൃത്വം വഹിക്കുന്ന രാഷ്ട്രീയപ്രവർത്തകർ ഈ അവസരത്തെയും സംഭവത്തെയും സംഭവസ്മരണകളെയും തൊഴിലാളിവിഭാഗത്തിൽ മുതലാളിവിഭാഗത്തോടും മററും വിദ്വേഷമുണ്ടാക്കുന്നതിനും തൊഴിലാളിവർഗ്ഗബോധം രൂക്ഷമാക്കുന്നതിനും പ്രയോജനപ്പെടുത്തുന്നു.

ഇക്കാലത്തു നിയമപരമായ നിലയും സംഘടിക്കുവാനുള്ള അവകാശവും തൊഴിലാളികൾക്കു സംസിദ്ധമായിട്ടുണ്ട്. എന്നാൽ എല്ലാത്തരത്തിലുമുള്ള പിണക്കവും പേച്ചും തൊഴിലാളിസംഘത്തിന്റെ നടപടികളും നിയമസമ്മതി നേടിയിട്ടില്ല. പണിമുടക്കിന്റെ ഉദ്ദേശത്തെയും നടപടികളെയും ആസ്പദമാക്കിയാണ് അതിന്റെ നിയമാനുസാരത്വം സ്ഥിതിചെയ്യുന്നതു്. ശമ്പളം, ജോലിസമയം, ജോലിവ്യവസ്ഥകൾ ഇവയ്ക്കുവേണ്ടി തൊഴിലാളികൾ പണിമുടക്കുമ്പോൾ അവരുടെ പ്രവൃത്തി നിയമാനുസരണമെന്നു പറയപ്പെടുന്നു. എന്നാൽ മുതലാളിയേയോ മുതലാളിയുടെ ആൾക്കാരെയോ ഹനിക്കുവാനുദ്ദേശിച്ചുനടത്തുന്ന പണിമുടക്ക് നിയമവിരുദ്ധമായും പരിഗണിക്കപ്പെടുന്നു. ചുരുക്കത്തിൽ ഭീഷണിയും ബലപ്രയോഗവും അക്രമവും പ്രയോഗിച്ചുകൊണ്ടുള്ള പണിമുടക്കുകൾക്കു നിയമം എതിരാണ്. എങ്ങിനെയായാലും പണിമുടക്കു മുതലാളിയുടെ വ്യാപാരത്തിനു ഒരു ദ്രോഹമായിത്തീരാതിരിക്കയില്ല. എന്നാൽ ആ ദ്രോഹം തൊഴിലാളിയുടെ മനഃപൂർവമായ സൃഷ്ടിയായിരിക്കരുതെന്നാണ് നിയമത്തിന്റെ വാദം. ഓരോ കാലത്തു ഓരോ രാജ്യത്തു പണിമുടക്കിന്റെ നിയമാനുസാരത്വത്തെപ്പററി വ്യത്യസ്തവിധികൾ ഉണ്ടായിട്ടുണ്ട്. ഒരു പണിമുടക്കു അക്രമമയമാകുവാൻ വലിയ പ്രയാസമൊന്നുമില്ല. തൊഴിലാളികൾ പുറത്തിറങ്ങിപ്പോരുമ്പോൾ പാർശ്വവർത്തികളായ തൊഴിലാളികളെക്കൊണ്ട് ജോലിനടത്തിക്കുവാൻ മുതലാളി നിശ്ചയിക്കുന്നു. തങ്ങളുടെ ജോലി മററുള്ളവർ ചെയ്യാൻ വരുന്നതും തങ്ങളെ പരാജയപ്പെടുത്തുന്നതും തങ്ങളുടെ ആദായമാർഗ്ഗം മുട്ടിക്കുന്നതും പണിമുടക്കിനില്ക്കുന്ന തൊഴിലാളികൾ സഹിക്കുകയില്ല. അവർ "കരിങ്കാലന്മാ"രെ പിക്കററു ചെയ്യുകയുമായി; പിക്കററിംഗ് അക്രമത്തിൽ കലാശിക്കുവാൻ യാതൊരു പ്രയാസവുമില്ല. ഈ ഘട്ടത്തിൽ ദൂരെ മാറിനോക്കിനില്ക്കുന്ന ഗവണ്മെൻറു ഇടപെടുന്നു. പലപ്പോഴും ഗവണ്മെൻറ് ഇടപെടുന്നതു ഇങ്ങനെയാണ്. ഈ ഘട്ടത്തിൽ സമാധാനം പരിപാലിക്കുവാൻ പോലീസും പട്ടാളവും വരേണ്ടിവന്നിട്ടുള്ള പണിമുടക്കുസംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

പണിമുടക്കുന്ന തൊഴിലാളികൾ പുറത്തുപോയാൽ മുതലാളി തൊഴിൽശാലയടച്ചുപൂട്ടുമെന്നുള്ള ഭീതിയുള്ളപ്പോൾ തൊഴിലാളികൾ തൊഴിൽശാലയ്ക്കുള്ളിൽ അവരവരുടെ പ്രവൃത്തിസ്ഥാനത്തു വെറുതെയിരുന്നു പണിമുടക്കുനടത്തുന്നു. ഒരു സംഘം തൊഴിലാളികൾ പുറത്തുപോകുമ്പോൾ മറെറാരു സംഘം അവരുടെ സ്ഥാനം പിടിക്കുന്നു. ഉദ്യോഗസ്ഥന്മാരെയും കമ്പനിത്തൊഴിലാളികളെയും പ്രതിബന്ധങ്ങളുണ്ടാക്കുന്നതിൽനിന്നു വിരമിപ്പിക്കുവാൻ അവർ ചിലപ്പോൾ ഭീഷണിയും പ്രയോഗിക്കുന്നു. ഇങ്ങിനെയുള്ള പണിമുടക്കുകൊണ്ടു കാര്യം വേഗം തീരുമാനിക്കാതെ നീണ്ടുപോകുമ്പോൾ ചിലപ്പോൾ അരിശം വർദ്ധിച്ചു യന്ത്രങ്ങൾ തകർക്കുക മുതലായ വിധ്വംസകപ്രവൃത്തികളുമുണ്ടാകുന്നു. അകത്തിരുന്നുള്ള സമാധാനപരമായ പണിമുടക്കിൽനിന്നു തൊഴിലാളികളെ വിരമിപ്പിക്കുവാനും അവരെ തൊഴിൽശാലയിൽനിന്നു പുറത്തിറക്കുവാനും നിഷ്പക്ഷമായി നില്ക്കുന്ന ഗവണ്മെൻറിനെ ഇടപെടുത്തുവാനുമായി മുതലാളികളുടെ ആൾക്കാരാണു വിധ്വംസകപ്രവൃത്തി ചെയ്യുന്നതെന്നു തൊഴിലാളികൾ വാദിച്ചിട്ടുള്ള അവസരങ്ങളുമുണ്ട്. ഏതായാലും പണിമുടക്കുഘട്ടങ്ങളും പരിതഃസ്ഥിതികളും ഉൽക്കണ്ഠ, പരസ്പരസംശയം, പരസ്പരഭീതി, പരസ്പരവിരോധം ഇവ നിറഞ്ഞതായിരിക്കും. തൊഴിലാളി സാമാന്യം പണിമുടക്കിനില്ക്കുമ്പോൾ അവരുടെയിടയിൽ ജോലിസ്ഥാനത്തുനിന്നു ജോലിചെയ്യിക്കുന്ന ഫാക്ടറിഉദ്യോഗസ്ഥന്മാരുംതന്നെ പരസ്യമായി അവരെ എതിർക്കാറില്ല. മുതലാളിയും മുതലാളിയുടെ സെക്രട്ടേറിയറുഉദ്യോഗസ്ഥന്മാരുമായിരിക്കും അപ്പോൾ പണിമുടക്കുസംബന്ധിച്ചു പ്രവർത്തിക്കുന്നതു്. തൊഴിൽശാലയ്ക്കു പുറത്തുപോകാതെ അകത്തിരുന്നു പണിമുടക്കുന്നതും ജോലി മന്ദീഭവിപ്പിക്കുന്നതും ഗവണ്മെൻറധികാരികളെയും നിയമജ്ഞന്മാരെയും മററും വല്ലാതെ വിഷമിപ്പിക്കുന്ന പുതിയ സമ്പ്രദായങ്ങളാണ്. ഇതു ആദ്യം ഫ്രാൻസിലാണു ഉത്ഭവിച്ചതെന്നു പറയുന്നു. വ്യവസായത്തിന്റെ പ്രയോജനത്തെയും സർക്കാരിന്റെയും സംസ്ഥാനത്തിന്റെയും നിലയേയും ആശ്രയിച്ചേ പണിമുടക്കിന്റെ നിയമാനുസൃതത്വം സ്ഥിതിചെയ്യുകയുള്ളൂ. ഒരു വേലക്കാരനു എന്തെങ്കിലും കാരണത്തിൽ വേലവിട്ടുപോകാം. എന്നാൽ ഒരുവൻ മറെറാരുവനെ വേലവിട്ടുപോകാൻ പ്രേരിപ്പിക്കാവുന്നതല്ല. ഈ സൂക്ഷ്മമായ വ്യത്യാസത്തിലാണു ചിലപ്പോൾ പണിമുടക്കിന്റെ ന്യായാന്യായതയും ഉത്തരവാദിത്വവും സ്ഥിതിചെയ്യുന്നതു. ഈ സംഗതിയാലാണു തൊഴിലാളിയൂണിയൻനേതാക്കന്മാരുടെ പേരിൽ കേസുകൾ ചാർജ്ജു ചെയ്യുന്നതും അവർ ജയിലിൽപോകുന്നതും.

പണിമുടക്കുപോലെതന്നെ മുതലാളിമാരുടെ നേരെ പരിവർജ്ജനമെന്നൊരു നടപടിയും ചിലപ്പോൾ തൊഴിലാളികൾ അംഗീകരിക്കാറുണ്ട്. എതിർക്കപ്പെടേണ്ട മുതലാളിയുടെ തൊഴിൽശാലയിൽ നിർമ്മിക്കപ്പെടുന്ന സാധനങ്ങളെ തൊഴിലാളികൾ ഉപയോഗിക്കാതെ ഉപേക്ഷിക്കുന്നു. ഇതിന്റെ വിജയം തൊഴിലാളിസാമാന്യത്തിന്റെ ഐക്യത്തിലും തൊഴിലാളിസംഘത്തിന്റെ ശക്തിയിലും സ്വാധീനശക്തിയിലും ആണു സ്ഥിതിചെയ്യുന്നതു്. സാധനങ്ങൾ വാങ്ങാതെയിരുന്നാൽ തൊഴിൽശാലാധിപതി കുഴയുമെന്നുള്ളതു നിശ്ചയമാണല്ലോ. പരിവർജ്ജനത്തിന്റെ ഉദ്ദേശത്തെ ആസ്പദമാക്കിയാണു അതിന്റെയും നിയമാനുസാരത സ്ഥിതിചെയ്യുന്നതു്.

തൊഴിലാളികളുടെ പണിമുടക്കുനടപടിയെ മൊത്തത്തിൽ നിരോധിച്ചുകൊണ്ടു കോടതികൾ ചിലപ്പോൾ (പ്രത്യേകപ്രവൃത്തികൾ നിരോധിക്കാതെ) ഇഞ്ചക്ഷൻ ഉത്തരവുകൾ നൽകാറുണ്ട്. ഇവയെ ലംഘിച്ചാൽ അതു കോർട്ടലക്ഷ്യമായി കരുതപ്പെടുന്നു. ഇപ്രകാരം കോടതികളുടെ ഇടപെടൽ സംഘസ്വാതന്ത്ര്യത്തിന്റെയും പ്രസംഗസ്വാതന്ത്ര്യത്തിന്റെയും പ്രവൃത്തിസ്വാതന്ത്ര്യത്തിന്റെയും നിഷേധമാണെന്നു തൊഴിലാളിപ്രവർത്തകന്മാർ നിരൂപണംചെയ്യുന്നു.

പണിമുടക്കുകൾകൊണ്ടും അടച്ചുപൂട്ടലുകൾകൊണ്ടും ഉണ്ടാകുന്ന നഷ്ടം കണക്കാക്കുന്നപക്ഷം ആയതു അതിഭീമമായിരിക്കും. തൊഴിൽനഷ്ടവും ധനനഷ്ടവും ഇതിൽ അന്തർഭവിക്കുന്നുണ്ട്. എന്നാൽ പണിമുടക്കുകൊണ്ടും അടച്ചുപൂട്ടൽകൊണ്ടുമുണ്ടാകുന്ന കുഴപ്പവും ദുരിതവും സൌഹാർദ്ദനാശവുമാണു വമ്പിച്ച നഷ്ടമെന്നുപറയാം. വ്യാവസായികക്കുഴപ്പം ചിലപ്പോൾ ധനനാശവും ആൾനാശവും വരുത്തിക്കൂട്ടുന്നു. എല്ലാററിലുംവച്ചു കൂടുതൽ പരിതാപകരമായിരിക്കുന്നതു അതുമൂലം ജനകീയഭരണം സാധ്യമല്ലാതായിത്തീരുന്നു എന്നുള്ളതാണു.

—•—


# ടാക്കീസ്

കൊല്ലം S. M. P. പാലസ്സിൽ

പി. എസ്സ്. ഗോവിന്ദൻ, മാധുരീദേവി, സന്താനലക്ഷ്മി, സി. വി. വി. പന്തലു മുതലായവർ അഭിനയിച്ച

**ശ്രീ ലക്ഷ്മീവിജയം**

കൊല്ലം ലക്ഷ്മിടാക്കീസിൽ

എൻ. എസ്സ്. കൃഷ്ണൻ, ടി. എ. മധുരം സഹസ്രനാമം അഭിനയിച്ച

**പൈത്യക്കാരൻ**

എന്ന പുതിയചിത്രം

ചവറ കെ. സി. ടാക്കീസിൽ

പി. ജി. വെങ്കിടേശൻ, വി. എ. ചെല്ലപ്പാ, രാധാബായി, കൃഷ്ണൻ, മധുരം, അഭിനയിച്ച

**ദക്ഷയാഗം**

എന്ന തമിഴ് ചിത്രം

നയനാനന്ദകരമായ നാലാംവാരം

ആലപ്പുഴ ശ്രീകൃഷ്ണാടാക്കീസിൽ

ഗാനസരസ്വതി ഡി. കെ. പട്ടമ്മാൾ, ടി. എസ്സ്. ഭഗവതി, കെ. വി. ജാനകി, പി. ജി. വെങ്കിടേശൻ ഇവരുടെ ഗാനങ്ങളോടുകൂടിയ

**രാമരാജ്യം**

തമിഴ് ചിത്രം


# സി. വി. സ്മരണ

എം പി. അപ്പൻ

തേജസ്സിൻ പ്രസരാതിനാലിതരമാം
ഗോളങ്ങൾ മങ്ങിടുമാ-
റോജസ്സാർന്നു വിടർന്നുയർന്നവിരതം
മിന്നുന്ന നക്ഷത്രമേ,
രാജന്യോജ്ജ്വല "രാമരാജബഹദ്ദൂർ,
വംശത്തിലർപ്പിച്ചതാം
വ്യാജം വിട്ടൊരനോപമപ്രതിഭ നീ
നിത്യം ജയിക്കുന്നിതേ. 1

ദൂരെക്കാണ്മൊരു ചക്രവാളപരിധി-
ക്കങ്ങേപ്പുറം പാഞ്ഞുചെ-
ന്നോരോ ലോകരഹസ്യസംഗ്രഹമറി-
ഞ്ഞീടുന്ന നേത്രങ്ങളും
സാരോൽഭാസിത വീരലക്ഷ്മി നടനം
ചെയ്യുന്നൊരാ മീശയും
ഹാ! രോമോൽഗമമേകിടുന്നു നിമിഷം
തോറും സ്മരിക്കേ വിധൌ 2

ഗംഭീരോൽക്കട ഗർജ്ജനത്തിലുലകം
പാടേ നടുങ്ങീടവേ
വൻപാളും കൊലകൊമ്പരെഝ്ഝടിതിയിൽ
ധ്വംസിച്ച ശൌര്യത്തിനാൽ
ജൃംഭൽഭാസുര കാന്തിയാർന്നു കവിതാ
കാന്താര സഞ്ചാരിയായ്
സംപൂജ്യാഗ്രിമസിംഹമായി വിലസീ
വീര്യാംബുരാശേ, ഭവാൻ 3

നായന്മാരുടെ ജീവനാഡികകളിൽ
ചൈതന്യധാര പായിക്കുവാൻ
നാട്ടിൻപൌരുഷമാർന്ന തീപ്പൊരികളെ-
പ്പേർത്തുംജ്വലിപ്പിക്കുവാൻ
നാനാഭംഗിയിലെത്ര വൈഭവമിയ-
ന്നളിവ്യമാം തൂലലാൽ
നാകീയോജ്ജ്വല ഭൂതകാലവിലസ-
ച്ചിത്രം വരച്ചു ഭവാൻ! 4

സങ്കല്പോജ്ജ്വലശക്തിയാൽ നിജകലാ-
സൃഷ്ടിപ്രഭേദങ്ങളാൽ
തുംഗപ്രാഭവമാർന്നഹാ! വിധിയെയും
വെന്നു ഭവൽപ്രാതിഭം;
കൺകക്കുംപടി മാനവന്റെഹൃദയം
ചിത്രീകരിക്കുന്നൊര-
ത്തങ്കത്തൂലികതൻ വിലാസമഖിലം
വാഴ്ത്തീടുവാനാവതോ! 5

ചിന്തിച്ചീല ഭവാൻസ്വതന്ത്രഹൃദയൻ
സ്വാർത്ഥങ്ങൾ, തന്മൂലമ-
ന്നന്തിക്കേറിയുയർന്നതില്ല വലുതാ-
മൌദ്യോഗികപ്രൌഢിയിൽ;
എന്തിന്നാവകധാടി? അന്നവളരെ-
സ്സമ്പൽപ്രതാപങ്ങളിൽ
പൊന്തിക്കണ്ടവർ മാഞ്ഞുമൺതരികളായ്,
അങ്ങോ ചിരംജീവിയായ്. 6

സംഫുല്ലോഗ്രവനാന്തരംഗമിയലും
സഹ്യാദ്രിയും തുംഗമാ-
മംഭോരാശിതരംഗികാ നിരകളും
മിന്നുന്ന നാളോളവും
എമ്പാടുംപുകൾവീശിയുജ്ജ്വലതരം
ഭാവൽക്കമാം ഭാവനാ-
സമ്പത്തിൻ ജയവൈജയന്തികൾവിള-
ങ്ങീടും നഭോവീഥിയിൽ.

# കാഷ്മീർവിജയം ലോകപുരോഗതിക്ക് അത്യന്താപേക്ഷിതം

## ഇന്ത്യയിലെ യാതനകൾ അവസാനിക്കാനും അതു കൂടിയേ കഴിയൂ

ജമ്മു ഡി. ൬—മഹത്തായ ഒരു കാര്യസാദ്ധ്യത്തിനുവേണ്ടിയാണ് കാഷ്മീരിൽ യുദ്ധം ചെയ്യപ്പെടുന്നതെന്നാണ് ഇവിടെ കൂടിയ വമ്പിച്ച ഒരു ജനക്കൂട്ടത്തോടു ചെയ്ത പ്രസംഗമദ്ധ്യേ കാഷ്മീരിലെ ഭരണാദ്ധ്യക്ഷൻ ഷേക്ക് അബ്ദുള്ള പ്രസ്താവിച്ചതു്. ഈ രാജ്യത്തു് ഇത്രയേറെ നാശത്തിനു കാരണമായ ദ്വിരാഷ്ട്രവാദത്തിനു പരിഹാരം നാം സമരത്തിൽ വിജയിക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നുവെന്നദ്ദേഹം പറഞ്ഞു. പാകിസ്ഥാനെതിരായി സംഭവഗതികൾ തിരിച്ചുവിടുവാൻ നമുക്കു സാധിക്കുന്നപക്ഷം പാകിസ്ഥാനിലും ഇന്ത്യൻ യൂണിയനിലും ഉള്ള ൪൦ കോടി ജനങ്ങളേയും ഇന്നത്തെ യാതനകളിൽനിന്നു മോചിപ്പിക്കുവാൻ നമുക്കു കഴിയും. കാഷ്മീരിലെ നമ്മുടെ വിജയം ലോകമൊട്ടാകെയുള്ള പുരോഗതിയുടെ വിജയമായിരിക്കും.

### കാഷ്മീർകാര്യത്തെപ്പററി പണ്ഡിതജി

ജമ്മു, ഡിസം ൬: "കാഷ്മീർകാര്യങ്ങൾ ഭംഗിയായി അവസാനിപ്പിക്കാൻ ഞങ്ങൾ തീർച്ചപ്പെടുത്തിയിരിക്കുന്നു. ജോലികൾ പകുതിചെയ്തു നിർത്തുന്നതിൽ നമുക്കു വിശ്വാസമില്ല. ഞങ്ങൾ കൂടുതൽ സൈന്യത്തെ അയയ്ക്കും. ഞങ്ങളുടെ എല്ലാ കഴിവുകളും സംഘടിപ്പിക്കുകയും ജയിക്കുന്നതുവരെ യുദ്ധം നടത്തുകയും ചെയ്യും" എന്നിങ്ങനെയാണ് ഇവിടെ കൂടിയ വമ്പിച്ച ഒരു പൊതുയോഗത്തിൽ വച്ചു പണ്ഡിതജവഹർലാൽ നെഹ്റു പ്രസ്താവിച്ചതു്.

അതിർത്തിയിൽനിന്നുള്ള അക്രമണം മൂലം ജനങ്ങൾക്കു നേരിട്ടിട്ടുള്ള കഷ്ടതകളെ അദ്ദേഹം സൂചിപ്പിച്ചു. കരയാനുള്ള സമയമല്ല ഇതെന്നു് അദ്ദേഹം ഓർമ്മപ്പെടുത്തി. കാഷ്മീരിലെ ജനങ്ങളുടെമേൽ തങ്ങളുടെ അധികാരം അടിച്ചേല്പിക്കാൻ ശ്രമിക്കുന്ന അക്രമികളെ തിരിച്ചോടിക്കുന്നതിനുവേണ്ടി യോജിച്ചുനിന്നു് മുന്നണിയിലേക്കു കുതിക്കുവാൻ അദ്ദേഹം അവരെ ഉപദേശിച്ചു.

അക്രമികളെ ആട്ടിപ്പായിച്ചതിനുമേൽ, എന്തുമാതിരി ഭരണമാണു വേണ്ടതെന്നു് നിശ്ചയിക്കേണ്ടതു ജനങ്ങളാണെന്നു് അദ്ദേഹം പറഞ്ഞു. ഇന്ത്യയിലെ യാതൊരു ജനസംഘത്തിലുള്ള ജനങ്ങളും അക്കാര്യത്തിൽ കൈകടത്തുകയില്ല. (ഏ-പി)

—o—

## ൨൦൦൦-ഏക്കർ വനം കൃഷിക്കു കൊടുക്കുന്നു

—o—

### ഗവ: പ്രസ്സ്നോട്ട്

തിരുവനന്തപുരം ഡി: ൬ ഉടനെതന്നെ കൃഷിക്കുവേണ്ടി പതിച്ചുകൊടുക്കുവാൻതക്ക ൨൦൦൦-ഏക്കർ വനഭൂമി ഉണ്ടെന്നു് കൺസർവേറററിപ്പോർട്ടു ചെയ്തിരിക്കുന്നുവെന്നും അതിൽ ൩൦൦൦-ഏക്കർ പാട്ടത്തിനുകൊടുത്തുകഴിഞ്ഞിരിക്കുന്നുവെന്നും ഗവണ്മെൻറിൻെറ ഒരു പ്രസ്സ്നോട്ടിൽ പ്രസ്താവിച്ചിരിക്കുന്നു. അടുത്ത കാലവർഷം പ്രയോജനപ്പെടുത്തി കൃഷി നടത്തത്തക്ക വിധം ൨൦൦൦-ഏക്കർ പതിച്ചുകൊടുക്കുവാനുള്ള സത്വരനടപടികൾ കൈക്കൊണ്ടിരിക്കുന്നു. ഏരൂർ റിസർവ്, കുളത്തൂപ്പുഴ, ആര്യങ്കാവ്, കോന്നി, അച്ചൻകോവിൽ, തുടങ്ങിയ റിസർവുകളിലാണ് ഇതിൽ അധികവും ഉൾപ്പെടുന്നതു്. കൺസർവേറർ ആഫീസിൽനിന്നു കൂടുതൽ വിവരങ്ങൾ അറിയാവുന്നതാണ്. അപേക്ഷ സമർപ്പിക്കേണ്ടതു വനം കൺസർവേറർക്കാണ്. (എ. പി.)

—o—

### ഏ. പി, ഐ. ആഫീസ്

—o—

#### കൊല്ലത്തു തുറന്നു

കൊല്ലം, ഡിസംബർ ൬ — അസോസിയേറഡ് പ്രസ്, റായിട്ടർ എന്നിവാർത്താവിതരണസ്ഥാപനങ്ങളുടെ ബ്രാഞ്ചാഫീസ് ഇവിടെ കൺവെൻറ് റോഡിൽ ക്യാനറാബാങ്കിനു സമീപമുള്ള കെട്ടിടത്തിൽ ഇന്നലെമുതൽ തുറന്നിരിക്കുന്നു.

## രാജാക്കന്മാരുടെ കൂടിയാലോചനകൾ

### ഒരു പൊതുസംഘടനയുണ്ടാക്കാനുള്ള ശ്രമം

ന്യൂഡെൽഹി, ഡി: ൫—നാട്ടുരാജ്യങ്ങളെ പൊതുവിൽ ബാധിക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങളെപ്പററി ചർച്ചകൾ നടത്തുന്നതിനും ഡൊമിനിയൻഗവമ്മെൻറുമായി ചർച്ചകൾ നടത്തുന്നതിനാവശ്യമായ പദ്ധതികൾ തയ്യാർചെയ്യുന്നതിനുമായി ഒട്ടേറെ രാജാക്കന്മാരും രാജാക്കന്മാരുടെ പ്രതിനിധികളും ഉൾപ്പെട്ട ആലോചനകൾ ഇവിടെ നടന്നുകൊണ്ടിരിക്കുന്നു. ഇന്ത്യൻയൂണിയനിൽ ചേർന്നതിനുശേഷം നാട്ടുരാജ്യങ്ങളിലെ ആഭ്യന്തരസ്ഥിതി കുഴപ്പത്തിലായിട്ടുണ്ട്. തങ്ങളിൽ തന്നെ പൊതുവായ കാര്യങ്ങളെപ്പററി ആലോചിക്കുവാൻ അവർക്കു അവസരം ലഭിച്ചിട്ടുമില്ല.

പൊതുവായ കാര്യങ്ങളെപ്പററി ചർച്ചചെയ്യുവാൻ ഡൊമിനിയൻഗവമ്മെൻറുമായി ആലോചിച്ചു ഒരു സംഘടനയുണ്ടാക്കുന്നകാര്യമാണ് ആലോചനാവിഷയങ്ങളിൽ പ്രധാനപ്പെട്ടതു്. ഡൊമിനിയൻ നിയമസഭയിൽ ഒരു പ്രത്യേകവിഭാഗം രൂപീകരിക്കുന്നതിനോ, നരേന്ദ്രമണ്ഡലം പുനഃസ്ഥാപിക്കുന്നതിനോ ഉദ്ദേശിച്ചല്ല ആലോചനകൾ നടക്കുന്നതു. പ്രത്യുത, നിലവിലുള്ള സൗഹാർദ്ദബന്ധം തുടർന്നുപോകുകയും, പൊതുവായ നന്മയെക്കരുതി കൂടുതൽ സഹകരണത്തിനുള്ള സാദ്ധ്യതകൾ ആരായുകയുമാണ് ചർച്ചകൾകൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. ഗ്വാളിയർ, ബിക്കാനിർ, ഇൻഡോർ, ജയപ്പൂർ, പാട്യാലാ എന്നീ രാജാക്കന്മാർ ആലോചനകളിൽ ഉൾപ്പെട്ടിട്ടുണ്ട്. (ഏ-പി)

—o—

## ബർമ്മാ പൌരത്വം

### താക്കിൻനുവിൻെറ പ്രസ്താവന

കാശി, ഡി: 7—ബർമ്മായിൽ സ്ഥിരതാമസത്തിനു ആഗ്രഹിക്കുന്ന എല്ലാ ഇന്ത്യാക്കാർക്കും ബർമ്മാപൌരാവകാശം അനുവദിച്ചുകൊടുത്തിരിക്കുന്നുവെന്നു ബർമ്മാപ്രധാനമന്ത്രി താക്കിൻനു പ്രസ്താവിച്ചിരിക്കുന്നു. ബർമ്മായിൽ സ്ഥിരതാമസക്കാരായ ഇന്ത്യക്കാരും, ബർമ്മാക്കാരും തമ്മിൽ വിവേചനവ്യവസ്ഥകൾ ഉണ്ടായിരിക്കയില്ലെന്നു കൂടി അദ്ദേഹം പ്രസ്താവിക്കയുണ്ടായി. (എ. പി.)

—o—

## അമേരിക്കാ—ചൈനാ നാവികകരാർ?

നാങ്കിംഗ്, ഡിസം ൬—ചൈനായും അമേരിക്കായുംതമ്മിൽ ഒരു നാവികകരാറുണ്ടാകുമെന്നും, അമേരിക്കൻ ക്രൂസറുകളും മററും ചൈനാ കൈമാറ്റം ചെയ്തുകൊടുക്കുന്നതിനു പുറമെ, നാവികപരിശീലനം കൊടുക്കാനും സമ്മതിക്കുമെന്നുമുള്ള ചൈനയിലെ ഗവമ്മെൻറിനു അനുകൂലമായ പത്രങ്ങളിലെ റിപ്പോർട്ടുകൾക്കു് സ്ഥിരീകരണം ലഭിച്ചിട്ടില്ല. (റായിട്ടർ)

# പണ്ഡിതജി കാഷ്മീരിൽ

—o—

## മഹാരാജാവിൻെറ സല്ക്കാരം

ജമ്മു ഡി. ൬—മിസ്സിസ് വിജയലക്ഷ്മിപണ്ഡിററ്, കാഷ്മീരിലെ മുൻപ്രധാനമന്ത്രി മി. ഗോപാലസ്വാമിഅയ്യങ്കാർ, മററു സ്റ്റാഫംഗങ്ങൾ എന്നിവരാൽ അനുഗതനായി ഡൽഹിയിൽനിന്നു് ഇന്നരാവിലെ പത്തുമണിക്കു ഇവിടെയെത്തിയ പണ്ഡിതജവഹർലാൽനെഹ്റുവിനെ വിമാനത്താവളത്തിൽവച്ചു് കാഷ്മീർരാജാവും ഷേക്ക് അബ്ദുള്ള, ഭക്ഷി ഗുലാംമഹമ്മദ്, മേജർജനറൽ കുൽവന്ത്സിങ്ങ് എന്നിവരും ചേർന്നു സ്വീകരിച്ചു. നാഷനൽ മിലിഷ്യാ, പീസ്ബ്രിഗേഡ എന്നിവ നൽകിയ ഗാർഡ് ആഫ് ആണർ പരിശോധിച്ചശേഷം, മിലട്ടറികാൺഫറൻസിൽ സംബന്ധിക്കുന്നതിനായി അദ്ദേഹം അവരുടെ ഹെഡ്ക്വാർട്ടേഴ്സിലേയ്ക്കുപോയി. കാൺഫറൻസിനുശേഷം മഹാരാജാവും മഹാറാണിയും ഒരുമിച്ചു് അദ്ദേഹം ലഞ്ചുകഴിച്ചു. ഇന്നു സന്ധ്യക്കു് പണ്ഡിതജിയും പാർട്ടിയും ഡെൽഹിയിലേക്കു് മടങ്ങി.

### പണ്ഡിതജി ലാഹോറിലേക്കു്

ന്യൂഡെൽഹി, ഡി: ൬—പണ്ഡിതജവഹർലാൽനെഹ്റു, സർദാർ ബലദേവസിംഗിനോടും, മി. എൻ. ഗോപാലസ്വാമി അയ്യങ്കാരോടുംകൂടി, സംയുക്തഡിഫൻസ് കൌൺസിൽ യോഗത്തിൽ പങ്കെടുക്കാൻ നാളെ ലാഹോറിലേക്കു പുറപ്പെടുന്നതായിരിക്കും. രാജ്യരക്ഷാപ്രശ്നങ്ങൾക്കു പുറമെ, യോഗത്തിൽ മററു പല വിഷയങ്ങളും ചർച്ചചെയ്യപ്പെടുമെന്നു് വിശ്വസിക്കപ്പെടുന്നു (ഏ-പി)

## പാലസ്റ്റൈൻപ്രശ്നം

ലണ്ടൻ, ഡി: ൬—പാലസ്റ്റൈൻപ്രശ്നത്തെക്കുറിച്ചു ഈ ചൊവ്വാഴ്ചയും ബുധനാഴ്ചയും കാമൺസ്സഭയിൽ വാദപ്രതിവാദമുണ്ടാകും.

ജറൂസലം ഇന്നു ശാന്തമാണ്. എന്നാൽ പാലസ്റ്റൈനിൽ ലഹളകൾ തുടർന്നുവരുന്നു. ഒരു ജൂതകോളനി അറബികൾ ഒളിവിൽനിന്നുകൊണ്ടു ആക്രമിക്കുകയുണ്ടായി.

പാലസ്റ്റൈൻപ്രശ്നത്തെപ്പററി കെയ്റോവിൽ നേതാക്കന്മാരുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടുവാൻ ഊർജ്ജിതമായി നടപടികൾ എടുത്തുവരുന്നു.

ലഹളകളുടെ ഫലമായി ഇതുവരെ ൪൭ പേർ മരിക്കയും ൭൭ പേർക്കു പരുക്കേൽക്കുകയുമുണ്ടായെന്നു പാലസ്റ്റൈൻഗവമ്മെൻറു അറിയിക്കുന്നു. മരിച്ചവരിൽ ൨൨ പേർ ജൂതരാണ്. (റായിട്ടർ)

—o—

# റാഷൻ സമ്പ്രദായം

മദ്രാസ് ഡി: ൬ ഭക്ഷ്യമന്ത്രി മി. ടി. എസ് എസ്. രാജൻ ഒരു പ്രസ്താവനയിൽ, മദ്രാസ്സംസ്ഥാനത്തെ ഭക്ഷ്യറാഷനിംഗ്സമ്പ്രദായം കുറച്ചുകാലത്തേക്കുകൂടി തുടരുന്നതാണെന്നു വെളിപ്പെടുത്തിയിരിക്കുന്നു. (ഏ. പി.)

## സ്റ്റേറ്റ്കാൺഗ്രസ്സ് പ്രവർത്തകസമിതി

കൊല്ലം വൃശ്ചികം ൨൨—ഈ മാസം ൨൮-ാംതീയതി ഞായറാഴ്ച സ്റ്റേററുകാൺഗ്രസ്സ് പ്രവർത്തകസമിതിയുടെ ഒരു യോഗം തിരുവനന്തപുരത്തുവച്ചു കൂടുന്നതാണെന്നറിയുന്നു (ഏ-പി)

—o—

## സരോജിനീദേവി സ്ഥിരംഗവർണ്ണർ

ന്യൂഡെൽഹി ഡി. ൬—യൂ-പി. ഗവർണ്ണർസ്ഥാനം സ്വീകരിക്കാൻ ഡാ: ബി. സി. റായി വിസമ്മതിച്ചിരിക്കുന്നു. അതിനാൽ മിസ്സിസ് സരോജിനീനായിഡുവിനെ ഗവർണ്ണർസ്ഥാനത്തു് സ്ഥിരപ്പെടുത്തിയിരിക്കുന്നു. (ഏ-പി)

—o—

## നെയ്യാററിങ്കരയിൽ കൃഷിക്കുപററിയ ഭൂമി

### ഗവ: കുത്തകപ്പാട്ടത്തിനു നൽകുന്നു

തിരുവനന്തപുരം ഡി. ൬—അടുത്ത പ്രാവശ്യം കൃഷിചെയ്യത്തക്ക ൩൨൦ ഏക്കർ കാണിപ്പേട്ട ഭൂമി നെയ്യാററിങ്കരത്താലൂക്കിലുള്ളതു് ഉടനെ കൃഷിക്കു വിനിയോഗിക്കുവാൻ ഗവമ്മെൻറു ഉത്തരവായിരിക്കുന്നു. ലാൻഡ്കമ്മിഷനറും, കൃഷിഡയറക്ടറും ഈ സ്ഥലങ്ങൾ പരിശോധിച്ചതിൻെറ ഫലമായി നെല്ല്, നേന്ത്രവാഴ, കപ്പ, പത്തപ്പുല്ല് തുടങ്ങിയവ കൃഷിചെയ്യുവാൻ ഈ സ്ഥലം പററിയതാണെന്നു കണ്ടിരിക്കുന്നു. കൃഷി ഉടനെ തുടങ്ങാൻ തക്കവിധം കുത്തകപ്പാട്ടവ്യവസ്ഥയിൽ ഈ സ്ഥലങ്ങൾ പതിച്ചുകൊടുക്കുന്നതിനുള്ള നടപടികൾ ഗവണ്മെൻറു സ്വീകരിച്ചിരിക്കുന്നു. അപേക്ഷകൾ നെയ്യാററിങ്കര താസിൽദാർക്ക് അയക്കണം (ഏ-പി)

—o—

## നിരോധനം നീക്കി

തിരുവനന്തപുരം, ഡിസം ൬—മദ്രാസിൽനിന്നു പുറപ്പെട്ടുകൊണ്ടിരുന്ന 'ജയകേരളം' വാരികയുടെമേലുള്ള നിരോധനം നീക്കംചെയ്തിരിക്കുന്നു. (ഏ-പി)

—o—

# ബർമ്മാപ്രധാനമന്ത്രി ഇന്ത്യയിൽ വന്നതിനെപ്പററി

## ഇന്ത്യാഗവമ്മെണ്ടിൻെറ പ്രസ്സ്കമ്മ്യൂണിക്കെ

ന്യൂഡെൽഹി, ഡി: 5—ബർമ്മാപ്രധാനമന്ത്രി താക്കിൻനുവും, വിദേശകാര്യമന്ത്രി ഉ. ടിൻടട്ടും, ഇന്ത്യയിൽവന്നതു് പ്രാഥമികമായി ഒരു ഔപചാരികസന്ദർശനത്തിനെന്ന നിലക്കാണെന്നു് ഇന്ത്യാഗവമ്മെൻറിൻെറ ഒരു കമ്മ്യൂണിക്കെയിൽ പ്രസ്താവിച്ചിരിക്കുന്നു. എന്നാൽ, ആ സന്ദർഭത്തെ, ഇന്ത്യാ ബർമ്മാപ്രശ്നങ്ങളുടെ പര്യാലോചനക്കു പ്രയോഗിക്കാനും സൗകര്യപ്പെടുത്തുകയുണ്ടായി. താമസംവരുത്താതെ ഈ പ്രശ്നങ്ങൾ സംബന്ധിച്ച തീരുമാനങ്ങളുണ്ടാക്കാൻ രണ്ടുകൂട്ടരും ആഗ്രഹം പ്രകടിപ്പിച്ചിട്ടുണ്ടെന്നും കമ്മ്യൂണിക്കെയിൽ പറയുന്നു. രണ്ടു ഗവമ്മെണ്ടുകളും താമസംകൂടാതെ ഈ ആവശ്യത്തിലേക്കായി പരസ്പരം ദൌത്യസംഘങ്ങളെ നിയോഗിക്കുമെന്നും പ്രതീക്ഷിക്കുന്നുണ്ട്.

ഇന്ത്യാപ്രധാനമന്ത്രിയെ ബർമ്മായിലേക്ക് അക്ടോബറിൽ ക്ഷണിച്ചിരുന്നുവെങ്കിലും ജോലിത്തിരക്കുകൊണ്ടു ക്ഷണം സ്വീകരിക്കാൻ കഴിഞ്ഞില്ലെന്നും, ലണ്ടനിൽനിന്നു് ബർമ്മാപ്രധാനമന്ത്രിക്കു് മടങ്ങുന്നവഴി ജോലിത്തിരക്കുകൊണ്ടു ഡെൽഹിയിൽ കുറച്ചുദിവസം താമസിക്കാൻ സാദ്ധ്യമല്ലാതെ വന്നുവെന്നും, പറയുന്നു. പിന്നീട് ഇന്ത്യാപ്രധാനമന്ത്രിയുടെ ക്ഷണനപ്രകാരമാണ് താക്കിൻനു ഡിസംബർ ൧-ന്ന ഇന്ത്യയിലേക്കു വന്നതു്.

ഡിസംബർ ൭-ന്ന അവർ ഡെൽഹിയിൽനിന്നു തിരിച്ചു കാശിയും ഗയയും സന്ദർശിച്ചശേഷം അവർ ബർമ്മായിലേക്കു മടങ്ങും.

# ഇരുഡൊമിനിയനുകളും ചേർന്ന സംഘടന

## അഭയാർത്ഥിപ്രശ്നപരിഹാരത്തിനു ഗസ്നഫർ അലിഖാൻെറ നിർദ്ദേശം

ലാഹൂർ ഡിസം ൬—അപഹരിക്കപ്പെട്ട സ്ത്രീകളേയും, ബലാൽപ്രയോഗിച്ചു മതംമാറിയവരേയും വീണ്ടെടുക്കുന്നതിനെ സംബന്ധിച്ചു ആലോചിക്കുന്നതിനായി ഇന്ത്യൻ യൂണിയൻെറയും, പകിസ്ഥാൻെറയും പ്രതിനിധികൾ ഉൾപ്പെട്ട കാൺഫറൻസ് പകിസ്ഥാനിലെ അഭയാർത്ഥിവകുപ്പുമന്ത്രി ഗസ്നഫർ അലിഖാൻ ഉൽഘാടനം ചെയ്തിരിക്കുന്നു. തട്ടിക്കൊണ്ടുപോയ സ്ത്രീകളേയും കുട്ടികളേയും അവരുടെ കുടുംബങ്ങളിൽ തിരിച്ചേല്പിക്കുന്നതിനു ഒരു സംയുക്തസംഘടന ആവശ്യമാണെന്നു അദ്ദേഹം പറഞ്ഞു. വിശാലമായ അടിസ്ഥാനത്തിൽപ്രവർത്തിക്കത്തക്കവിധം ഈ സംഘടന വലിപ്പമുള്ളതായിരിക്കണമെന്നും അദ്ദേഹംപ്രസ്താവിച്ചു. പശ്ചിമപൂർവ്വപഞ്ചാബുകളിലും ആവശ്യമുള്ള ഇതരഭാഗങ്ങളിലും ഇതിനു പ്രവർത്തനംനടത്തേണ്ടതായിവരും.

നാട്ടുരാജ്യങ്ങളിൽനിന്നു വീണ്ടെടുക്കേണ്ട സ്ത്രീകളുടെസംഖ്യ വളരെ അധികമുണ്ടെന്നും, അതിനാൽ നാട്ടുരാജ്യങ്ങളിൽ ഫലപ്രദമായി പ്രവർത്തിക്കാനുള്ള ഏർപ്പാടുകൾ ചെയ്യാത്തപക്ഷം ഈ പ്രശ്നത്തിനു വേണ്ടപോലെ പരിഹാരം ഉണ്ടാക്കാൻ സാദ്ധ്യമല്ലെന്നും അദ്ദേഹംപറഞ്ഞു. ഈ കാൺഫറൻസ് തീർച്ചപ്പെടുത്തുന്ന പരിപാടികൾ നടപ്പിൽവരുത്തുന്നതിനു ഇരുഡൊമിനിയനുകളും ഫലപ്രദമായി പ്രവർത്തിക്കുമെന്നും അദ്ദേഹം ആശിച്ചു. (ഏ-പി)

—o—

## അണുശക്തികൊണ്ടു നിർമ്മിക്കുന്ന റേഡിയോ

—o—

### ലക്ഷം സെററുകൾ ഇന്ത്യാഗവമ്മെൻറു ആർഡർചെയ്തു

ലണ്ടൻ, ഡിസം: ൫ ഇലക്ട്രോണികളുപയോഗിച്ചു ബ്രിട്ടനിൽ ഇദംപ്രഥമമായി നിർമ്മിക്കപ്പെടുന്ന റേഡിയോകളിൽ ഒരുലക്ഷം സെററിനു ഇന്ത്യാഗവമ്മെൻറു ആർഡർകൊടുത്തിരിക്കുന്നു.

൧൦ അടി നീളവും ൨൦ 'മസ്ലിഷ്കങ്ങ'ളുമുള്ള ഈ നിർമ്മാണയന്ത്രം, നിർമ്മിതിയിലെ മുഴുവൻ ജോലികളും നിർവഹിക്കുന്നുണ്ടു്. പണി പൂർത്തിയാകുന്നതുവരെ കൈകൊണ്ടുതൊടേണ്ടആവശ്യം ഒട്ടുംതന്നെയില്ല. യന്ത്രഘടന ആകെ സങ്കീർണ്ണമാണെങ്കിലും ആയാസകൃതമായ ലേശവും കുറവില്ലതന്നെ. ഈ യന്ത്രത്തിനു മിനിട്ടിൽ മൂന്നു റേഡിയോസെററുകൾ നിർമ്മിക്കാൻകഴിയുന്നു. ഒരുദിവസംകൊണ്ടു സാധിക്കാവുന്ന ചില്ലറ വ്യത്യാസങ്ങൾ ഈ യന്ത്രത്തിനു വരുത്തിയാൽ ടെലവിഷൻസെററുകൾ നിർമ്മിക്കാനും ഇതു ഉപയോഗപ്പെട്ടതാമെന്നും മററു പല യന്ത്രനിർമ്മാണത്തിനും ഈ തത്വം പ്രയോജനകരമായിരിക്കുമെന്നും പ്രസ്താവിക്കപ്പെടുന്നു. ലോകത്തിലെ ഏതു യന്ത്രത്തെക്കാളും ഉയർന്നജാതിയാണു ഈ യന്ത്രം. ജോലികളുടെ പല ഘട്ടങ്ങളും ഒഴിവാക്കാനും കഴിയും. ഒരു ഭാഗത്തു ഒരു പെൺകുട്ടി വെച്ചുകൊടുക്കുന്ന പ്ലാസ്റ്റിക്കു മറുവശത്തു നിന്നു പൂർണ്ണസെററായി സ്വീകരിക്കാൻകഴിയും. (ഗ്ലോബ്)

## അതിർത്തിസംസ്ഥാനത്തെപ്പററി

—o—

### ഡാ. ഖാൻസാഹിബ്ബിൻെറ പ്രസ്താവന

ന്യൂഡെൽഹി, ഡിസം ൨ യു. പി. ഏ. പ്രതിനിധി മി: ജെയിംസ്, ഡബ്ളിയു: മൈക്കൽസ്, ഈയ്യിടെ അതിർത്തിസംസ്ഥാനത്തിൽ ഡാ ഖാൻസാഹിബ്ബിനെ സന്ദർശിക്കയുണ്ടായി. മി മെഹർചന്ദ്ഖാനയെ അറസ്റ്റുചെയ്യുമെന്ന റിപ്പോർട്ടു ശരിയാണെന്നു അദ്ദേഹം ഡാ: ഖാൻസാഹിബ്ബിനെ ധരിപ്പിച്ചപ്പോൾ, ഡാ: സാഹിബ് സകോപം "ആയുധങ്ങളെ സംബന്ധിച്ച കേസു അസത്യമാണ്. മി ഖാന്ന ആയുധനിർമ്മാണം ചെയ്തിരുന്നെങ്കിൽ ഞാനും അങ്ങിനെ ചെയ്യുമായിരുന്നു: അവരെന്താണു എന്നെ അറസ്ററുചെയ്യാൻ ശ്രമിക്കാത്തതു്?" എന്നു ചോദിക്കയുണ്ടായി.

ലീഗുമായി ഒരു തെരഞ്ഞെടുപ്പുമത്സരമുണ്ടായാൽ "ചെംകുപ്പായ"കക്ഷിക്കു വലിയ ഭൂരിപക്ഷം കിട്ടുമെന്നു ഡാ. ഖാൻസാഹിബ്, ഉറപ്പായിപറകയുണ്ടായി.

കാഷ്മീരിൽപോയി തിരിച്ചെത്തിയ പത്താൻകാർ, എളുപ്പത്തിൽ കാഷ്മീരിൽ വിജയമുണ്ടാകുമെന്ന ലീഗ് കുപ്രചരണത്തിൽ മേലാൽ വിശ്വസിക്കയില്ലെന്നും അദ്ദേഹം പ്രസ്താവിക്കയുണ്ടായി.

ഇന്ത്യാവിഭജനത്തിനു കാൺഗ്രസ്സ്, സമ്മതിക്കരുതാത്തതായിരുന്നു എന്നാണു ഡാ: ഖാൻസാഹബിൻെറ അഭിപ്രായം.

"എൻെറ സ്നേഹിതന്മാരിൽ ആരെങ്കിലുമായി ഞാൻ കലഹിച്ചിട്ടില്ലെങ്കിൽ അതു നെഹ്റുവുമായി മാത്രമാണ്. എൻെറ അറിവിൽപെട്ടവരിൽവെച്ചു ഉത്തമപുരുഷൻ നെഹ്റുവാണു" എന്നു ഡാ. ഖാൻസാഹിബ പണ്ഡിതജിയെ പ്രശംസിച്ചു.

—o—

## ശബ്ദംകൊണ്ടു എലിയെകൊല്ലാം

ന്യൂയാർക്ക് ഡി: ൫—തങ്ങൾ കണ്ടുപിടിച്ച ഒരുതരം സൈറൻെറ ഒച്ചകൊണ്ടു ഒരു മിനിട്ടിനുള്ളിൽ ഒരെലിയെകൊല്ലാൻ കഴിയുമെന്നു അമേരിക്കൻ ഐക്യനാട്ടു സൈന്യത്തിലെ രസതന്ത്രവിദഗ്ദ്ധന്മാർ പ്രഖ്യാപിച്ചിരിക്കുന്നു. (ഗ്ലോബ്)

## ചില റിസർവ്വ്പോലീസുകാരുടെ പ്രവൃത്തി

—o—

### ഇടപ്പള്ളിയിലെ പ്രതിഷേധ മഹായോഗം

ഇടപ്പള്ളി വൃശ്ചികം ൫ന്നു—കളമശ്ശേരിയിൽ ക്യാമ്പുചെയ്യുവരുന്നവരിൽ ഏതാനും റിസർവ്വപോലീസുകാർ ഇടപ്പള്ളിയിൽ ചന്തയിൽ കച്ചവടക്കാരായ ഏതാനംപേരെ അവരുടെ കടകളിൽചെന്നു ലാത്തികൊണ്ടും മററും അടിക്കുകയും സാമാനങ്ങൾ താറുമാറാക്കുകയും ചെയ്തിരിക്കുന്നു. സ്ഥലം പോലീസ് ഇതുസംബന്ധിച്ചു ഒരു കേസെടുക്കുകയും കഠിനമായി പരുക്കപററിയ ഒരാളെ ആശുപത്രിയിൽ അയയ്ക്കുകയും ചെയ്തു. ഇതുസംബന്ധിച്ചു ഇടപ്പള്ളി തൃക്കാക്കര സ്റ്റേ: കാ: കമ്മിററിയുടെ സംയുക്താഭിമുഖ്യത്തിൽ സി. നാരായണപിള്ള അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പ്രതിഷേധമഹായോഗം കൂടുകയും ചന്തയിലെ കടക്കാർ ഹർത്താലനുഷ്ഠിക്കുകയും, അധികാരസ്ഥാനങ്ങളിൽ വിവരം ഫോൺമൂലം അറിയിക്കുകയും ചെയ്തു. (സ്വ-ലേ)

—o—

ലണ്ടൻ ഡിസം ൯ ബ്രിട്ടനു കൊടുക്കാൻ അമേരിക്ക ഏററിരുന്ന കടത്തിൽനിന്നു ഇയ്യിടെ തടഞ്ഞുനിർത്തിയ ൪൦ കോടി ഡാളർ, ഇപ്പോൾ കൊടുക്കാൻ അമേരിക്ക സമ്മതിച്ചിരിക്കുന്നു. (റായിട്ടർ)

—o—

# സാമ്പത്തിക ഒത്തുതീർപ്പ്

—o—

## ഇന്ത്യയും പകിസ്ഥാനും തമ്മിൽ

ന്യൂഡെൽഹി, ഡിസംബർ ൪ മേയിൽ പത്രത്തിൽ ഇങ്ങനെ റിപ്പോർട്ടു ചെയ്തിരിക്കുന്നു.

ഇന്ത്യയും പകിസ്ഥാനും തമ്മിലുള്ള സാമ്പത്തികവാദവിഷയങ്ങൾ, മദ്ധ്യസ്ഥകൗൺസിലിനു വിട്ടുകൊടുക്കാനിടവരുത്താതെ, ഇന്ത്യൻപ്രതിനിധി മി. എച്ച്. എം. പട്ടീലും, പകിസ്ഥാൻപ്രതിനിധി മി: മഹമ്മദ്അലിയും തമ്മിൽ നടന്ന കൂടിയാലോചനാഫലമായി ഒരു ഒത്തുതീർപ്പിലെത്തിയിരിക്കുന്നു. ഇതുപ്രകാരം ൫൦-കോടി രൂപ പകിസ്ഥാനു ഇന്ത്യ രൊക്കം കൊടുക്കുന്നതായിരിക്കും. പകിസ്ഥാനു പിന്നീടു യാതൊരു അവകാശവാദവുംഉണ്ടായിരിക്കയില്ല.

റെയിൽവെയെ സംബന്ധിച്ചു പകിസ്ഥാൻ കൊണ്ടുവന്ന വാദങ്ങൾ പിൻവലിച്ചിരിക്കുന്നു. ഡിഫൻസ്സ്റ്റോറിൽനിന്നു മൂന്നിലൊന്നു പകിസ്ഥാനു കൊടുക്കാമെന്നേററിട്ടുണ്ട്. എന്നാൽ ഇന്ത്യയിലെ ആർഡ്നൻസ് ഫാക്ടറികളും സ്റ്റോറുകളും ഇന്ത്യക്കുതന്നെയായിരിക്കും.

അവിഭക്തഇന്ത്യയുടെ സകലകടങ്ങളും ഇന്ത്യ ഏറെറടുത്തിരിക്കുന്നു. എന്നാൽ അതിൽ പതിനേഴരശതമാനം പകിസ്ഥാൻ ഇന്ത്യക്കു്, ൫൦-ാംനുശേഷം ൫൦ വാർഷികതവണകളായി അടച്ചുതീർക്കണം

ഈ ഒത്തുതീർപ്പു് തിങ്കളാഴ്ച (ഡി. ൮) ലാഹൂറിൽനടക്കുന്ന ഇന്ത്യ-പകിസ്ഥാൻ കൂടിയാലോചനകളിൽ സ്വീകരിക്കപ്പെടാനായി സമർപ്പിച്ചിരിക്കയാണു്

ഇംഗ്ലണ്ടിലേക്കു മടങ്ങിയ പകിസ്ഥാൻെറ ധനകാര്യോപദേഷ്ടാവു് സർ. ഏ·

# ഡാ: ഗ്രേഡി

## കൂടിയാലോചനക്കു വാഷിംഗ്ടണിലേക്കു

ന്യൂഡെൽഹി ഡി: ൭ ഇന്ത്യയിലെ അമേരിക്കൻ അംബാസഡർ, ഡാ: ഹെൻറിഗ്രേഡി, അമേരിക്കൻഗവമ്മെണ്ടുമായി കൂടിയാലോചിക്കാൻ വാഷിംഗ്ടണിലേക്കു തിരിച്ചിരിക്കുന്നു.

ഉൽപാദനം വികസിപ്പിക്കുന്നതിനുവേണ്ടി എല്ലാവരും ഒത്തുശ്രമിക്കണമെന്നു്, ബാംബെയിൽനിന്നു പുറപ്പെടുന്നതിനുമുമ്പു് ഒരു അഭിമുഖസംഭാഷണത്തിൽ ഡാ: ഗ്രേഡി ഇന്ത്യക്കാരോടു ആവശ്യപ്പെട്ടു. (ഏ-പി)

—o—

## പുനരധിവാസപ്രശ്നം

—o—

### സർദാർ ബലദേവ്സിംഗിൻെറ ഉൽബോധനം

ന്യൂഡെൽഹി, ഡിസം. ൭—സിക്കുകാർ തമ്മിൽ സമ്പൂർണ്ണഐക്യം സ്ഥാപിച്ചില്ലെങ്കിൽ സിക്കുകാരുടെ പുനരധിവാസപ്രശ്നത്തിനു പരിഹാരമുണ്ടാക്കാൻ കഴികയില്ലെന്നു രാജ്യരക്ഷാമന്ത്രി, സർദാർ ബലദേവ്സിംഗ് ഇന്നു പ്രസ്താവിച്ചിരിക്കുന്നു. ഹിന്ദുക്കളും സിക്കുകളും തമ്മിൽ ഐക്യം സ്ഥാപിച്ച്, ഗവമ്മെൻറിനെ നേരിടുന്ന അനവധി പ്രശ്നങ്ങൾക്കു സമാധാനമുണ്ടാക്കാൻ സഹായിക്കണമെന്നു-അദ്ദേഹം ഉൽബോധിപ്പിക്കയുണ്ടായി.

൫൦൦൦ അഭയാർത്ഥികൾ ഇൻഡോർ നാട്ടുരാജ്യത്തെത്തിയിരിക്കുന്നു. (ഏ-പി)

റൌലൻറ്സ്, ഇന്ത്യക്കും പകിസ്ഥാനും, ഇറക്കുമതിക്കയററുമതിച്ചുങ്കങ്ങൾ സംബന്ധിച്ചു് സംയുക്തഅതിർത്തികൾമാത്രമായിരിക്കണമെന്നു് അഭിപ്രായപ്പെട്ടിരിക്കുന്നു.

**ANNOUNCEMENT.**

We are pleased to announce that a large modern Galvanizing Plant has been installed at our Structural Works.

We can undertake the galvanizing of materials for Electrical Transmission Towers and Sub-Stat on Structures; also for Shipbuilding and Ship-repairing purposes; Building Steelwork and all the innumerable articles, both large and small in which the economy, utility and attractive finish of galvanizing is desired.

*Please address your enquiries to:-*

**Messrs. Harrisons & Crosfield, Ltd.,**
Engineers & Contractors,
QUILON, S. India.

വായിച്ചുവോ?


# മിന്നാമിനുങ്ങുകൾ

(12 ചെറുകഥകൾ)

By ശ്രീ: നാഗവള്ളിൽ ആർ. എസ്സ്. കുറുപ്പ് ബി. ഏ. എൽ. ററി.

രാഷ്ട്രീയം, സാമുദായികം, കലാപരം, ആരോഗ്യപരം, മനഃശാസ്ത്രപരം, പ്രേമസംബന്ധി ആദിയായി ഉജ്ജ്വലങ്ങളായ 12 വിഷയങ്ങളെ ആസ്പദമാക്കി പരമസുന്ദരമായ രീതിയിൽ രചിച്ചിട്ടുള്ളതാണു് ഈ മിന്നാമിനുങ്ങുകൾ. സകലരുടെയും പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുള്ള പ്രസ്തുത സമാഹാരത്തിനു് വില രൂപാ ഒന്നുമാത്രം.

ശ്രീവിലാസം ബുക്കുഡിപ്പോ, ആലപ്പുഴ.
ബ്രാഞ്ചു്—കണ്ടറ




# സി. വി. രാമൻപിള്ള

( ഒരു ജീവചരിത്രഗ്രന്ഥം )

ഗ്രന്ഥകർത്താ,

പി. കെ. പരമേശ്വരൻനായർ,

ശ്രീരാമവിലാസം പ്രസ്സ് തിരുവനന്തപുരം

വില രൂ ർ.

അഭിലക്ഷണീയമായ ഭാഷാസാരള്യം, അക്ലിഷ്ടമായ പ്രതിപാദനവൈദഗ്ദ്ധ്യം, അതിസൂക്ഷ്മമായ ഗവേഷണവൈദഗ്ദ്ധ്യം തുടങ്ങിയ അഭിനന്ദനീയ സാഹിത്യധർമ്മങ്ങളുടെമൽപ്രകാശംചെയ്തുകൊണ്ട് കൈരളിക്ക കൈവന്നിരിക്കുന്ന നിസ്തുലഭാഗ്യസമ്പത്താണ സി. വി. രാമൻപിള്ള എന്ന ജീവചരിത്രഗ്രന്ഥം. മലയാളഭാഷയിൽ ജീവചരിത്രഗ്രന്ഥങ്ങൾ തുലോം വിരളവും ആ തരത്തിൽ നമുക്ക ലഭിച്ചിട്ടുള്ള സമ്പാദ്യങ്ങളിലധികവും വിലപോകാത്തതുമാണെന്ന വിദഗ്ദ്ധപരിശോധന വെളിപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. നമുക്കലഭിച്ചിട്ടുള്ള ജീവചരിത്രഗ്രന്ഥങ്ങളുടെ സ്ഥിതി നോക്കുകയാണെങ്കിൽ രാമൻനല്ലവൻ, രാവിലെഉണർന്നു എന്നപോകുന്ന പഴയ ബാലപാഠത്തിലെ മാതൃകയിൽ കവിഞ്ഞൊന്നും അനുഭവിക്കാൻ സാധിക്കുന്നില്ല. സ്തുത്യപുരുഷനോട് ഗ്രന്ഥകർത്താവിനുള്ള ആദരാതിശയം അദ്ദേഹത്തെ ഒരു അമാനുഷനാക്കാനാണ പ്രയോജനപ്പെടുത്തുന്നത്. ആ ഭാവനയിൽ നിന്നടലെടുക്കുന്ന ജീവചരിത്രപാത്രം പാവപോലെ നിർജ്ജീവരായിപ്പോകുന്നു. കൃത്രിമച്ഛായങ്ങൾകൊണ്ട് അതിന്റെ സ്വാഭാവികതയെ മറച്ചു കണ്ണുകളഞ്ചിപ്പിക്കുമെന്നിരുന്നാലും അതു നമ്മുടെ കരളിൽ കടികൊള്ളുകയേ ഇല്ല. ഏതൊരു ജീവിതത്തിലും ഗുണദോഷസമ്മിശ്രമായ സംഭവപരമ്പരകൾക്കൂടാതെ കാണുകയില്ല. പരാജയവും നൈരാശ്യവു കൂടി അതിനെ മേചകരേഖാകിമ്മീരിതമാക്കാതെയും വിടുകില്ല. പക്ഷേ നമ്മുടെ ജീവചരിത്രങ്ങളിൽ അത്തരം ഇരുണ്ട നിഴൽപ്പാടുകൾ കാണുകയേ ഇല്ല. അങ്ങിനെ അതിന്റെ സ്വാഭാവികത നശിപ്പിക്കുന്നു. കഥാപുരുഷന്റെ ഏതൊരു പ്രവൃത്തിയും ന്യായീകരിക്കുവാൻ ഗ്രന്ഥകർത്താവ് കടപ്പെട്ടവനായിപ്പോകുന്നു. ഗ്രന്ഥകർത്താവ് സ്വാത്മാംശം കലർത്തി വികൃതപ്പെടുത്തി അങ്ങനെ ഒരുതരം വിശ്വാമിത്രസൃഷ്ടിചെയ്യുന്നതു നിമിത്തമാണ നമ്മുടെ ജീവചരിത്രശാഖ അകാലത്തിൽ മുരടിക്കാനിടവന്നിട്ടുള്ളത്.

ജീവചരിത്രം സത്യപ്രകാശനമായിരിക്കണം. സത്യപ്രകാശനം കലയുടെ ജീവസത്തായ സൗന്ദര്യബോധത്തിന്റെ ബഹിഃസ്ഫുരണമായ ആ സത്യപ്രകാശനം സാഹിത്യത്തിലെ ഇതരമണ്ഡലങ്ങളിൽ നിന്നെല്ലാം വ്യാവർത്തിച്ചു നിത്യഭാസുരമായി പ്രതിഭാസിക്കേണ്ടതു ജീവചരിത്രഗ്രന്ഥങ്ങളിലായിരിക്കണം. കഥാപുരുഷന്റെ യശോധനപരിശോധന വിദഗ്ദ്ധബോധത്തോടുകൂടിത്തന്നെ സാധിക്കുകയും വേണം.

സി. വി. രാമൻപിള്ളയുടെ ജീവചരിത്രഗ്രന്ഥം മഹത്തായ ഈ ആദർശപരിധിയിൽ, അങ്ങനെ കൈരളിക്ക ഇതഃപര്യന്തം പരിചിതമാകാത്ത പ്രത്യേകമണ്ഡലത്തിൽ പ്രത്യക്ഷപ്പെടുന്നതാണെന്നുള്ളത് അഭിമാനപൂർവം അനുവാചകർ വിശദപ്പെടുത്തിക്കൊള്ളട്ടെ

൫൦-സംവത്സരങ്ങൾക്കുമുൻപ് കഥാവശേഷനായ സാഹിത്യകുശലൻ സി. വി. രാമൻപിള്ളയുടെ വ്യക്തിപ്രഭാവം ൪൮-അദ്ധ്യായങ്ങളിൽ ൪൪൦ പേജുകളിലായി വിവൃതമാക്കിയിരിക്കുന്ന ഈ ബൃഹദ്ഗ്രന്ഥം ഗ്രന്ഥകർത്താവിന്റെ അന്യാദൃശമായ അന്വേഷണബുദ്ധിയുടെ ഉന്മിഷിതസ്വഭാവത്തെക്കൂടി വെളിവാക്കിത്തരുന്നു. മാഘേ, മേഘേവയംഗതഃ എന്നു മല്ലിനാഥൻ ഉദീരണംചെയ്തതുപോലെ സാഹിത്യപഞ്ചാനനന്റെയും സാഹിത്യകുശലന്റെയും ജീവചരിത്രസാമഗ്രികൾ അന്വേഷിച്ചുലഞ്ഞു ജീവിതത്തിലെ അനുഭോഗയോഗ്യമായ സിംഹഭാഗം ചെലവഴിച്ചിരിക്കുന്ന ശ്രീ. പി. കെ. പരമേശ്വരൻനായർ, ആ ഒരേ ഒരു ത്യാഗപ്രവണതകൊണ്ടുതന്നെ കേരളീയരുടെ സർവസ്വാർപ്പണത്തിനു ഏകാവകാശിയായിത്തീരുന്നു.

സി. വി. രാമൻപിള്ളയുടെ ചരിത്രം ഒരു സാഹിത്യകാരന്റെ പ്രശാന്തസുന്ദരമായ ജീവിതകഥനം മാത്രമാകുന്നില്ല. ആ ജീവിതം അന്നത്തെ രാഷ്ട്രീയവും സാമുദായികവുമായ സംഭവപരമ്പരകളുമായി സങ്കലനംചെയ്തു ഒരു രാജ്യചരിത്രത്തിന്റെ ഗാംഭീര്യവിസ്തൃതിയെ പ്രാപിക്കുന്നു. ഒരു രാജസൂയരംഗത്തിലെന്നപോലെ അനുസ്യൂതം പുറപ്പാടുകൂട്ടുന്ന മഹാരഥന്മാരെയാണ നമുക്കതിൽ കാണാൻ കഴിയുന്നത്.

തിരുവിതാംകൂറിലെ ഒരു ഗണനീയവ്യക്തിയായിരുന്ന പി. താണുപിള്ള, സമുദായോദ്ധാരകനായ സി. കൃഷ്ണപിള്ള തുടങ്ങിയവരുടെ ചരിത്രാംശങ്ങൾക്കു ജീവദാനംചെയ്തു ആനുഷംഗികമാക്കിത്തീർക്കുന്നതിൽ ഗ്രന്ഥകർത്താവ് അസാമാന്യമായ വൈദഗ്ദ്ധ്യംതന്നെ പ്രകടിപ്പിച്ചുകാണുന്നു. സി. വി-യുടെ വിസ്തൃതമായ സുഹൃത്സമിതിയെ നമുക്കു പരിചയപ്പെടുത്തിത്തരുന്നതിൽ നിഷ്പക്ഷമായ നീതിനിഷ്ഠയും ഔചിത്യദീക്ഷയും പരിപാലിച്ചുകൊണ്ടുതന്നെ വിജയം നേടുന്നു. ഗ്രന്ഥകർത്താവ് വളരെ ശ്രമാവഹവും വ്യയഹേതുകവും, അക്ഷീണോത്സാഹത്തിന്റെ ആത്യന്തിക പ്രദർശനവും അഭേദ്യവുമായ അനവധി രേഖകളെ ഹാജരാക്കി ഈ ജീവചരിത്രഗ്രന്ഥം രചിച്ചു കൈരളിക്ക് അമൂല്യവും അദ്വിതീയവുമായ സംഭാവന ചെയ്ത ഗ്രന്ഥകാരനെ എത്ര അഭിനന്ദിച്ചാലും മതിയാകുന്നതല്ല. ആ വിഷയത്തിൽ ഞാൻ അശേഷം ലോഭം വിചാരിക്കുന്നതുമില്ല. സി. വി. ഗ്രന്ഥങ്ങളുടെ പശ്ചാത്തലം ശരിക്കു മനസ്സിലാക്കണമെന്നുള്ളവർ ഈ ഗ്രന്ഥം വായിക്കണമെന്നു ശുപാർശചെയ്യുന്നതും അശേഷം മടിക്കുന്നില്ല. സി. വി-യുടെ വിശേഷാന്തരസാഹിത്യങ്ങളുടെ മൂല്യനിർണ്ണയം ചെയ്യുന്നതിനു ഗ്രന്ഥകർത്താവ് വിമർശനമാനദണ്ഡംതന്നെ പ്രയോഗത്തിൽ വരുത്തുന്നു.

എന്നാൽ സി. വി. കൃതികളെസംബന്ധിച്ചു മി: പി. കെ. പരമേശ്വരൻനായർ ചെയ്തിരിക്കുന്നവിമർശം സമ്പൂർണ്ണമാണെന്നു ഇവിടെ അഭിപ്രായമില്ല. സി. വി. ഗ്രന്ഥങ്ങളെ ക്രൂലങ്കഷമായി പഠിച്ചു അതിന്റെ സാഹിത്യമൂല്യം തിട്ടപ്പെടുത്തിയിട്ടുള്ളതായി ബോദ്ധ്യപ്പെടുന്നില്ല. അന്ധമായ ഒരു ആരാധനാബോധം അദ്ദേഹത്തിൽ വന്നുകാണുന്നില്ല.

സി. വി. രാമൻപിള്ള സ്വസമുദായത്തിന്റെ തലയിലും ആ കള്ളിപ്പാൻകുളക്കാര്യം കെട്ടിവച്ചു. അഭയസ്ഥാനമായിരുന്ന കുളപ്പാക്കോട്ട തനിക്കു അധികാരം സിദ്ധിച്ചപ്പോൾ കുളംകോരിപ്പിച്ച നായരുടെ ന്യായവാദത്തലിൽ ഇതും സാധുവായെന്നുവന്നേക്കാം. എന്തായാലും സി. വി-യുടെ ശീലക്കേടുകളെ വെളിപ്പെടുത്താതെ വിട്ടിട്ടില്ലാത്ത ഗ്രന്ഥകർത്താവു സി. വി. കൃതികളെ സംബന്ധിച്ചും അതേമനോഭാവത്തിൽത്തന്നെ പെരുമാറിയിട്ടുണ്ടെന്നുള്ളതു സന്തോഷകരമായ ഒരു കാര്യമാണ്. സി. വി യുടെ അപ്രകാശിതങ്ങളും പ്രചാരലുപ്തങ്ങളുമായ ഗ്രന്ഥങ്ങളുടെ വിവരണം മാത്രമല്ല, അവയിലെ പല ഭാഗങ്ങളും വെളിപ്പെടുത്തിത്തരുകയുംകൂടി ചെയ്തിരിക്കുന്ന ഗ്രന്ഥകാരൻ അതിനെ ഒരുത്തമസാഹിത്യചരിത്രഗ്രന്ഥമായിട്ടും വിലപ്പെടുത്തുന്നു.

ഈ ഗ്രന്ഥത്തിന്റെ പ്രതിപാദനമാണു ഭാവുകന്മാർക്കു കൂടുതൽ ആസ്വാദ്യമാകുന്നത്. ജീവചരിത്രഗ്രന്ഥങ്ങളിലെ രസശുഷ്കത തീരെ ബാധിക്കാത്ത നിലയിൽ അദ്ദേഹത്തിന്റെ കലാബോധം മധുരകോമളമായി സരസനടനം ചെയ്യുന്നു. സരസമായ ആഖ്യായികയുടെ ആകർഷണചാതുര്യം അദ്ദേഹം അന്ത്യം വരെ പാലിച്ചുകൊണ്ടുപോകുന്നതിനാൽ ഗ്രന്ഥപാരായണത്തിൽ ഒരുഉല്ലാസയാത്രയുടെ അനുഭൂതിയാണ് അനുവാചകനു തീർച്ചയും ഉണ്ടാകുക. യശശ്ശരീരനായ സി. വി. ആഖ്യായികാലോകത്തിൽ അപ്രതിമപ്രഭാവനായി പ്രശോഭിക്കുന്നതുപോലെതന്നെ അദ്ദേഹത്തിന്റെ ജീവചരിത്രഗ്രന്ഥം ആ പ്രസ്ഥാനത്തിൽ അഗ്രഗാമിനായി ശോഭിക്കുന്നു, ഈ സംവിധാനത്തിനു സന്ദർഭമരുളിയ ശ്രീ. പി. കെ. പരമേശ്വരൻനായരുടെ പരിശ്രമത്തിന് അത്യുദാരമായ സ്വാഗതം അരുളേണ്ടതു ഓരോ കേരളീയന്റെയും കടമയാണെന്ന് അനുസ്മരിപ്പിക്കുവാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളട്ടെ.

സി. എം. പി.

## മൂന്നുഭാഗ്യപരിലാളിതർ

ചാണക്യൻ, ചന്ദ്രഗുപ്തചക്രവർത്തി, അലക്സാണ്ഡർചക്രവർത്തി എന്നിവരെക്കുറിച്ചുള്ള പരാക്രമകഥകളും അനവധി യുദ്ധങ്ങളും അത്ഭുതകരങ്ങളായ മറ്റനവധി സംഭവങ്ങളുമടങ്ങിയ ഒരു ചരിത്രനോവൽ വില രൂ. [illegible]

പ്രസാധകർ. ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം

HINTS FOR HEALTH




All work & No play makes Jack a dull boy..

ഉല്ലാസമില്ലാത്ത അദ്ധ്വാനം കുട്ടിയെ മടിയനാക്കുന്നു.

......എന്നാണ് പഴഞ്ചൊല്ല്. അതു എപ്പോഴും വാസ്തവമാണ്. തുടരെയുള്ള ജോലി ഒരുവനെ മടിയനാക്കും. ആരോഗ്യത്തിനും മനശ്ശാന്തിക്കും കളി അത്യാവശ്യമാണ്. എന്നാൽ വൃത്തിയായും ശുചിയായും ഇരിക്കണമെന്നുള്ളതു ഓർക്കുക. മലബാർ ലിംഡാസോപ്പ് നിങ്ങളെ വൃത്തിയാക്കുന്നു.

അതിന്റെ സമൃദ്ധമായ പത തൊലിയുള്ളിൽ പ്രവേശിച്ച് അഴുക്കിനേയും വിയർപ്പിനേയും ഇല്ലാതാക്കി തൊലിക്ക് മാർദ്ദവം ഉണ്ടാക്കുന്നു. നിങ്ങളുടെ സോപ്പ് അതുതന്നെ എന്ന് തീരുമാനിക്കുക.






മലബാർ ലിംഡാ സോപ്പ്

വെജിറ്റബിൾ സോപ്പ് വർക്ക്സ്

കോഴിക്കോട്

പ്രൊപ്രൈറ്റേഴ്സ്: സേട് N.P.& Co., കോഴിക്കോട്. ബംബായ്2. മദ്രാസ്1.

ചെറുകഥ

# സൂസി

കെ ശിവശങ്കരപ്പിള്ള മുതുകുളം

അവിടെ എല്ലാവരും ഒരുപോലെ തന്നെ. വിദ്യാർത്ഥികളും വിദ്യാർത്ഥിനികളും ഒരുപോലെയാണ പെരുമാററം. അവർ ഒന്നിച്ചു നടക്കും. പരസ്യമായി സംസാരിക്കും. വിനോദങ്ങൾ പറഞ്ഞു പൊട്ടിച്ചിരിക്കും. ഒരു ബെഞ്ചിൽ പഠിക്കും അതു ബോംബെയിലെ ഒരു വിദ്യാലയമാണ്. ഇതെല്ലാം കണ്ടു ഞാൻ ഒന്നു പരിഭ്രമിച്ചു.

പണ്ട് ഒരിക്കൽ സ്കൂളിൽ പഠിക്കുന്ന കാലത്തു ഒരു അദ്ധ്യാപകൻ എന്നെ കഠിനമായി ശകാരിക്കയുണ്ടായി. വിദ്യാലയത്തിന്റെ വരാന്തയിൽവച്ചു ഞാൻ ഒരു വിദ്യാർത്ഥിനിയോട് എന്തോ സംസാരിച്ചുപോയി. അതായിരുന്നു കാരണം.

അവിടെ എല്ലാത്തിനും നിബന്ധനയുണ്ട്. ആൺകുട്ടികൾ നടക്കുന്ന വഴിയെ പെൺകുട്ടികൾ നടക്കാൻ പാടില്ല. പെൺകുട്ടികളുടെ മുറിയിൽ മററാരും പ്രവേശിക്കരുത്. ക്ലാസ്സിൽ ഒരു കോണിൽ രണ്ടുബെഞ്ചും രണ്ടു ഡസ്കും പ്രത്യേകം കിടപ്പുണ്ട്. അതു് പെൺകുട്ടികൾക്കു് ഇരിക്കാനാണ്. മററുള്ളവർ അങ്ങോട്ടു നോക്കാൻപോലും പാടില്ല. സ്കൂൾ വിടാൻ ബെല്ല് രണ്ടുണ്ട്. ആദ്യത്തേതു പെൺബെല്ല്. അതു കേട്ടാൽ പെൺകുട്ടികൾ പൊയ്ക്കൊള്ളണം. കുറച്ചുകഴിഞ്ഞാൽ ആൺബെല്ല്. അതുകേട്ടേ ആൺകുട്ടികൾ പോകാവൂ. അവിടെനിന്നാണ ഞാൻ വന്നതു്. ഇതോ? ഇവിടെ പെൺകുട്ടികളും ആൺകുട്ടികളും കൈകോർത്തു പിടിച്ചുനടക്കുന്നു വിനോദങ്ങൾ പറഞ്ഞു പൊട്ടിച്ചിരിക്കുന്നു. അവൾക്കു ലജ്ജയില്ലേ? അഭിമാനമില്ലേ? ഇവിടെ അദ്ധ്യാപകന്മാരില്ലേ; അവരെ ശകാരിക്കാൻ!?

അന്നൊരിക്കൽ ഞാൻ കോവേണിപ്പടികളിൽക്കൂടി മേലോട്ടു കയറുകയായിരുന്നു. എന്റെ പിന്നാലെ രണ്ടുപേർ വരുന്നുണ്ടായിരുന്നു ഒന്നു ഒരു വിദ്യാർത്ഥിയും; മററു ഒരുവിദ്യാർത്ഥിനിയും. അവർ എന്തൊക്കെയോ പറഞ്ഞു ചിരിച്ചുകൊണ്ടിരുന്നു അതു ഞാൻ ആദ്യമായിട്ടാണ കാണുന്നതു് ഞാൻ അതിശയിച്ചുപോയി അവർ വിവാഹിതരാണോ! എന്നാൽ തന്നെ ഇതു ഒരു കാളേജ് അല്ലേ! ഞാൻ അവരെ തുറിച്ചുനോക്കി അവർ എന്നെ നോക്കി പൊട്ടിച്ചിരി!!

ഞങ്ങളുടെ ക്ലാസിൽ പെൺകുട്ടികളോ, ആൺകുട്ടികളോ കൂടുതൽ എന്നു്. എനിക്കു ഇപ്പോഴും നിശ്ചയമില്ല അത്ര വളരെ വിദ്യാർത്ഥിനികൾ ഉണ്ടായിരുന്നു പലരും പലരീതിയിൽ എല്ലാവരും മികച്ച സുന്ദരികളാണ് പക്ഷെ 'അവൾ'ക്കു് ഒരു പ്രത്യേകതയുണ്ട്! അതു എന്നെ ആകർഷിച്ചു

അവളേക്കാൾ സുന്ദരികൾ മററു പലരും ഉണ്ടായിരുന്നിരിക്കാം. പക്ഷേ അവളുടെ മനോഹരമായ ആ നിറം;--അതു് പാർസികളുടെ ഒരു പ്രത്യേകതയാണ്--; ആ ചടച്ചൊതുങ്ങിയ ശരീരം; മനോഹരമായ പാദങ്ങൾ, തഴച്ചുകൊഴുത്തു് തോളോളം നീണ്ടുകിടക്കുന്ന മുടി, കറുത്തുനീണ്ട നയനങ്ങൾ, ചായംപുരട്ടാത്ത മൃദുലമായ ചെറിയ അധരങ്ങൾ, ഇതെല്ലാം അവളിൽ ഒരു പ്രത്യേകതവരുത്തിയിരുന്നു.

വളരെ മനോഹരമായേ അവൾ ചിരിക്കാറുള്ളൂ. പൊട്ടിച്ചിരിച്ച് മുഖത്തെ അവൾ വിരൂപപ്പെടുത്തിയിരുന്നില്ല. ബോധമില്ലാത്ത ഒരു കൊച്ചുകുഞ്ഞിനേപോലുള്ള അവളുടെ ആ നോട്ടം, എന്നെ വല്ലാതെ വിഷമിപ്പിച്ചു. ആ നോട്ടത്തിൽ വല്ല ഉദ്ദേശവും ഉണ്ടോ?

അന്നൊക്കെ സ്ത്രീകളെ കണ്ടാൽ ഞാൻ തുറിച്ചുനോക്കുമായിരുന്നു. പക്ഷേ, അവർ ആരും അതു് അത്ര ഗൗനിച്ചിരുന്നില്ല. ഈ സ്വഭാവംതന്നെയാണ് അവളെയും നോക്കാൻ എന്നെ പ്രേരിപ്പിച്ചതു്. പക്ഷെ അവൾ അതു ഗൗനിച്ചു. ഞാൻ ഒന്നു പരിഭ്രമിച്ചു.!!!

ഒരുദിവസം ക്ലാസ്സിൽ ഞാൻ കുറച്ചു താമസിച്ചായിരുന്നു ചെന്നതു്. മുൻപിലത്തെ ബെഞ്ചിൽ, അവൾ ഓറക്കു് ഇരിക്കുന്നുണ്ടായിരുന്നു. ഞാൻ ഒന്നു സംശയിച്ചു; എങ്കിലും അതിൽതന്നെ, അവളുടെ അടുക്കൽ ഇരുന്നു. ഞാൻ അവളെ രഹസ്യമായി ഒന്നു നോക്കി. അവളുടെ ആ കറുത്തു നീണ്ട നയനങ്ങൾ ചലിച്ചു. ആ അധരങ്ങൾ വിറച്ചു. എന്റെ ഹൃദയം തുടിച്ചു. രണ്ടു് ഹൃദയങ്ങൾ തമ്മിൽ സംസാരിച്ചു. അങ്ങിനെ ഞങ്ങൾ ആദ്യമായി പരിചയമായി

ഞാൻ വല്ലാതെ ഭയന്നു. ബോംബേ പട്ടണത്തിനേക്കുറിച്ചു് പല കഥകളും ഞാൻ കേട്ടിരുന്നു. ഞങ്ങളുടെ അയലത്തുള്ള ഒരു വൃദ്ധൻ എന്നോടു് പറഞ്ഞിരുന്നു; ബോംബയിൽ വേശ്യകളേഉള്ളു.! അവിടെ ചെന്നാൽ എല്ലാവരും അവരുടെ വലയിൽ അകപ്പെട്ടുപോകുമെന്നു് അതിനു് ഒരു കാരണവുമുണ്ട്. കുറേവർഷങ്ങൾക്കുമുൻപാണ്. അന്നൊക്കെ ബോംബയിൽ പോവുക എന്നുവെച്ചാൽ ഏതാണ്ടൊരു വലിയസംഗതിയാണ്. വിശേഷിച്ചും പഠിക്കാൻ പോയാൽ. അന്നൊരിക്കൽ എവിടെ നിന്നോ ഒരു വിദ്വാൻ ബോംബയിലേക്കു് പഠിക്കാൻ പോയിപോലും. അദ്ദേഹം മടങ്ങിവന്നതു് ബോംബേക്കാരി ഒരു വെളുത്തുചടച്ച സ്ത്രീയുമായിട്ടാണ്. അവരെക്കുറിച്ചു് പല കഥകളും ഉണ്ടായിരുന്നു ചിലർ പറഞ്ഞിരുന്നു അവർ ഒരു വേശ്യയായിരുന്നു എന്നു്. മററു ചിലർ പറഞ്ഞിരുന്നു അവർ ഒരു "നർസ്സ്" ആയിരുന്നു എന്നു്. പക്ഷേ എല്ലാവരും പറഞ്ഞിരുന്നു അവർക്കു് അദ്ദേഹത്തേക്കാൾ വളരെ പ്രായം കൂടുതൽ ഉണ്ടായിരുന്നു എന്നു്. ചില ചെറുപ്പക്കാർ അതൊരുതരം പ്രേമമായി കരുതിയിരുന്നു. മിക്കാവരും വിശ്വസിച്ചിരുന്നു അതു് ഒരു ചതിയായിരുന്നു എന്നു്. അവർക്കെല്ലാം ഉത്തമവിശ്വാസമുണ്ടു, അവരുടെ വലയിൽ പെട്ടാൽ രക്ഷപെടാൻ സാദ്ധ്യമല്ലെന്നു്.

മറെറാരാൾ എന്നോടു പറയുകയുണ്ടായി ബോംബയിലെ സ്ത്രീകൾ നിർദ്ദയകളാണെന്നു്. ഞാൻ പോന്നപ്പോൾ എന്റെ ജ്യേഷ്ഠൻ ഉപദേശിച്ചു:—ബോംബയിലേക്കാണ പോകുന്നതു്, നന്നാവാനും ചീത്തയാവാനും പററിയ സ്ഥലമാണു്, സൂക്ഷിച്ചുകൊള്ളണം.

ഞാൻ എന്തുചെയ്യണം? അവൾ കപടയാണോ? പക്ഷേ ഞാൻ ആശ്വസിച്ചു. ഞാൻ ഒരു കാമുകനോ പ്രേമപരവശനോ ആയി തീർന്നിരുന്നില്ല. ആ രീതിയിൽ അവൾ എന്നെ ആകർഷിച്ചും ഇല്ല. അപ്രകാരം അവളോടു പെരുമാറാൻ എനിക്കു സാദ്ധ്യമായിരുന്നില്ല. മനുഷ്യസഹജമായ ഒരു സ്നേഹം മാത്രമാണ്,

എന്നെ അവളോടു സമീപിച്ചതു്. ഒരു ക്ലാസ്സിൽപഠിക്കുന്ന രണ്ടുപേർ! അവർ എന്തുകൊണ്ടു് സ്നേഹപുരസ്സരംപെരുമാറിക്കൂടാ. പുരുഷനും, പുരുഷനുംകൂട്ടുകൂടാമെങ്കിൽ പുരുഷനും സ്ത്രീയും എന്തുകൊണ്ടു കൂട്ടുകൂടിക്കൂടാ. അതിൽ തെററുണ്ടോ? പക്ഷേ അവൾക്കു വല്ല ഉദ്ദേശവും ഉണ്ടോ? ഒരിക്കലും ഇല്ല. കാപട്യം ആ ഹൃദയത്തിലില്ലെന്നു്, അവളുടെ മുഖം വിളിച്ചുപറഞ്ഞു.

ഒരിക്കൽ അവൾ എന്നോടു ചോദിച്ചു; എന്റെ പേരു് എന്തെന്നു്. മറെറാരിക്കൽ, എന്റെ നാടേതെന്നു്. അങ്ങിനെ ഞങ്ങൾ ചെങ്ങാതികളായി. ഞാൻ ഒരു വിദ്യാർത്ഥി. അവൾ ഒരു വിദ്യാർത്ഥിനി.

ഞങ്ങൾ ഒന്നിച്ചു നടക്കാൻ പോകുമായിരുന്നു. ഞങ്ങൾഒന്നിച്ചു സിനിമാ കണ്ടിരുന്നു. അവൾ എന്നെ ബോംബയിലെ പല സ്ഥലങ്ങളിലും കൂട്ടിക്കൊണ്ടുപോകുമായിരുന്നു. ചിലപ്പോൾ ഞാൻ സംശയിക്കാറുണ്ട്; അവൾ ഒരു പുരുഷനാണോ എന്നു്? ഞങ്ങൾ കൈകോർത്തുപിടിച്ചു നടക്കുന്നതുകണ്ടു് മററാരും ചിരിച്ചിരുന്നില്ല. അവർ വിചാരിക്കുന്നുണ്ടാകാം, ഞങ്ങൾ വിവാഹിതരെന്നു്!!

ഒരിക്കൽ അവളുടെ ഒരു മനോഹരമായ ഫോട്ടോ അവൾ എനിക്കു പ്രദാനംചെയ്തു. എന്നിട്ടു എന്റെ ഒരു ഫോട്ടോ അവൾ ആവശ്യപ്പെട്ടു. ഞാൻഅതു സസന്തോഷം കൊടുത്തു. ഞങ്ങളുടെ സ്നേഹം കൂടുതൽ സാധാരണമായി. * *

അങ്ങിനെ ദിനങ്ങൾ പലതുകഴിഞ്ഞു വന്നു. ബോംബയിലെ വിരസമായ എന്റെ ജീവിതത്തെ അവൾ ആനന്ദമയമാക്കിത്തീർത്തിരുന്നു. * *

(ശേഷം പത്താംപേജിൽ)

(നാലാംപേജിൽനിന്നും തുടർച്ച)

ചിന്തിച്ചാൽ വ്യക്തമാകും. ചില വിഷയങ്ങൾ പല കേന്ദ്രങ്ങളുടെ പരിധിയിൽ വരാതെയും അന്യോന്യം കൂടിക്കലരാതെയും നിവാഹമില്ല. ജീവിതം, മനുഷ്യവത്തനങ്ങൾ, മനുഷ്യജീവിതാവശ്യങ്ങൾ ഇവയുടെ പ്രാകൃതികവും സാമൂഹ്യവും ആയ പശ്ചാത്തലത്തിലുള്ള അന്യോന്യബന്ധങ്ങളെ ഗണിതപരമായി വിശകലനംചെയ്തു താരതമ്യപ്പെടുത്തുന്ന സ്വഭാവം സ്ഥിതിവിവരഗണിതശാസ്ത്രത്തിനുള്ളതുകൊണ്ടു അതിന്റെ ഘടകങ്ങളെ വേർതിരിച്ചുവിമർശിക്കുവാൻ പലപ്പോഴും അസാദ്ധ്യമാണ്.

ഐശ്വര്യം എളുപ്പം വിപുലമായ തോതിൽ ഒരു സ്ററാററിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റു സംഘടിപ്പിക്കേണ്ടതു് ഏററവും അത്യാവശ്യമാണ്. ആ ഡിപ്പാർട്ടുമെന്റിന്റെ ഡയറക്റ്റർ അദ്ധ്യക്ഷനായും ഇതരഡിപ്പാർട്ടുമെന്റുപ്രതിനിധികളും സംസ്ഥാനത്തെ വിവിധതാല്പര്യങ്ങളുടെ വിദഗ്ദ്ധപ്രതിനിധികളും അംഗങ്ങളായുമുള്ള ഒരു കേന്ദ്രസ്റ്റാററിസ്റ്റിക്കൽ ഉപദേശകസമിതി രൂപവൽക്കരിക്കേണ്ടതാണ്. സ്റ്റാററിസ്റ്റിക്സ് എക്കണോമിക്സ്, കമേഴ്സിയൽ, സയൻസ്, ഈ വിഷയങ്ങൾ ഐച്ഛികമായെടുത്തു പഠനം നടത്തിയിട്ടുള്ള യുവാക്കന്മാരെ നമ്മുടെ സർവകലാശാലയുടെ സ്റ്റാററിസ്റ്റിക്സ് ബ്യൂറോയുടെ ഒരു ഹ്രസ്വകാലത്തേക്ക പരിശീലിപ്പിച്ചു ഈ ഡിപ്പാർട്ടുമെന്റിന്റെ സ്റ്റാഫിൽ നിയമിച്ചാൽ മതിയാകും. സ്റ്റാഫിൽ ഒരു സ്ഥിരവിഭാഗവും ഒരു താല്ക്കാലികവിഭാഗവും ഉണ്ടായിരിക്കാം. ഇതരഡിപ്പാർട്ടുമെന്റുകളിൽ നിന്നും സ്റ്റാററിസ്റ്റിക്സ് പരിശീലനമുള്ളവരെ താല്ക്കാലികസേവനാവശ്യങ്ങൾക്കു ഈ ഡിപ്പാർട്ടുമെന്റിലേക്കു നിയോഗിക്കാവുന്നതാണ്. സംസ്ഥാനത്തെ വിവിധതാലൂക്കുകളേയും മുൻസിപ്പൽടൗണുകളേയും കൂടി ആകെ അൻപതോ അറുപതോ യൂണിററുകളായി ഭാഗിച്ചു ഓരോന്നും ഓരോ എൻക്വയറി ആഫീസ്സറുടെ കീഴിലാക്കി ആറു മാസത്തിനകം ജോലി പൂർത്തിയാക്കാവുന്നതാണ്.

സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്ന വിശദമാർഗ്ഗങ്ങളെക്കുറിച്ചു. അവയെക്കൈകാര്യംചെയ്യുന്ന രാഷ്ട്രീയസമ്പ്രദായങ്ങളെപ്പററിയും ഇനിയൊരവസരത്തിൽ ഉപന്യസിച്ചുകൊള്ളാം.

—o—



ലണ്ടനിൽ എണ്ണ—ലണ്ടനിൽ വിൽസ്ഡൻ എന്നസ്ഥലത്തു ഭൂഗർഭത്തിൽനിന്നു എണ്ണ ലഭിക്കുമെന്നു അറിവായിരിക്കുന്നു. വിജയകരമായതോതിൽ എണ്ണ ഖനനംചെയ്തു എടുക്കുന്നതിനുള്ള സാദ്ധ്യതകളെപ്പററി പരിശോധിച്ചുവരുന്നു. ; തുരക്കുന്നതിനായി പ്രസ്തുതസ്ഥലത്തു് കുഴികൾ എടുക്കുന്നതാണ് ചിത്രത്തിൽ കാണുന്നതു്.

# മഹാത്മജിയുടെ നർമ്മാലാപം

സി. ദാമോദരമേനോൻ വിലങ്ങൽ

ഏഷ്യാമഹാസമ്മേളനം നടന്നതു് ൧൯൪൭ ഏപ്രിൽ മാസത്തിലാണല്ലോ. സമ്മേളനത്തിന്നു വന്നിരുന്ന പതിനഞ്ചു തിബത്തിയൻപ്രതിനിധികൾ ൧൯ാംതീയതി മഹാത്മജിയെ സന്ദർശിക്കുവാനായി ചെന്നിരുന്നു. മഹാത്മജി മദ്ധ്യാഹ്നഭക്ഷണത്തിനിരിക്കുന്ന സമയത്തായിരുന്നു ആ സന്ദർശകന്മാർക്കു സമയമനുവദിച്ചതു്. പ്രതിനിധിസംഘത്തിൽ പെട്ടവരെല്ലാം സിൽക്കുകോട്ടുധരിച്ചിരുന്നു. തലമുടി പലേമാതിരിചീകിമിനുക്കി മോടിപിടിപ്പിച്ചിരുന്നു, കാതുകളിൽസ്വർണ്ണകുണ്ഡലങ്ങൾ അണിഞ്ഞിരുന്നു. വൃദ്ധന്മാരും മദ്ധ്യവയസ്കരും യുവാക്കന്മാരും ആ സംഘത്തിൽ ഉൾപ്പെട്ടിരുന്നു എല്ലാവരുടെ പക്കലും ഓരോസാധനങ്ങൾഉണ്ടായിരുന്നു. അവയെല്ലാം, പുറത്തുകെട്ടി തൂത്തിയ ബൈഡ്സിങ്ങിനോടു ചേർത്തുബന്ധിച്ചിരുന്നു.

മഹാത്മജി അവരെ സ്വാഗതം ചെയ്തുകൊണ്ടു ഇംഗ്ലീഷിൽപറഞ്ഞു "എനിക്കു തിബത്തിഅറിഞ്ഞുകൂടാ, നിങ്ങൾക്കുഹിന്ദിയും അതിനാൽ ഇംഗ്ലീഷിലേനമുക്കു സംസാരിക്കാൻ സാധിക്കൂ. നിങ്ങളിൽ ആർക്കാണു ഇംഗ്ലീഷ്അറിയാവുന്നതു?"

രണ്ടുപേർ മുമ്പോട്ടുവന്നുപറഞ്ഞു "ഞങ്ങൾ ദ്വിഭാഷികളാണു"

മഹാത്മജി- ശരി, എന്നാൽ എല്ലാവക്കും സ്വാഗതമരുളുന്നതിൽകവിഞ്ഞു മറ്റൊന്നും നൽകുവാനെനിക്കില്ലെന്നു എല്ലാവരോടുംപറയുക. മനുഷ്യൻ നല്ലവനാകണം. ദാനശീലനാകണം, സത്യസന്ധനാകണം, എന്നാൽ ഞാൻ നല്ലവനല്ല; കാരണം ഞാൻ തനിയെയാണല്ലോ ഭക്ഷണം കഴിക്കുന്നതു. ദാനശീലനുമല്ല ഞാൻ, കാരണം. നിങ്ങൾക്കൊന്നും തരുന്നില്ല അഥവാവല്ലതും തന്നാൽ തന്നേയും നിങ്ങൾഅതുകൊണ്ടുതൃപ്തരാകുമെന്നു ഞാൻ കരുതുന്നില്ല. എന്നാൽ ഞാൻ നിങ്ങളെ ഇവിടെക്ഷണിച്ചതുകൊണ്ടു ഞാൻ സത്യസന്ധനാണെന്നുഎനിക്കു അവകാശപ്പെടാം. സമയമില്ലെങ്കിലും തിബത്തിലെ പ്രതിനിധികളെകാണുവാൻ ഞാനൊരുക്കമാണെന്നുവാക്കുകൊടുത്തിരുന്നു. അതുകൊണ്ടു ആഹാരം കഴിക്കുമ്പോഴാണെങ്കിലുംകൂടി ഞാനതിനുതയാറാകണം. ഞാൻപറഞ്ഞതിൻെറ താല്പര്യം മററുള്ളവക്കു തർജ്ജിമചെയ്തുകൊടുക്കൂ. എൻെറവാക്കിലെരസികത്വംമനസ്സിലാക്കിയില്ലെങ്കിൽ സംഭാഷണംവെറുതേയാകയേയുള്ളു.

ഇതിനുശേഷം തിബത്തിയൻസഹോദരന്മാർ ഗാന്ധിജിക്കു ഓരോഉപഹാരങ്ങൾ സമർപ്പിക്കുവാൻതുടങ്ങി. ആദ്യത്തെ ഉപഹാരം, ഒരുലക്കോട്ടിൽ അടക്കംചെയ്തിട്ടുള്ള ഏതാനും ബൌദ്ധ സൂക്തികളായിരുന്നു. ഗാന്ധിജി അവയെ വിവത്തനംചെയ്തുകൊടുക്കുവാൻആവശ്യപ്പെട്ടു രണ്ടാമത്തെകാഴ്ചദ്രവ്യം വളരെ മനോഹരങ്ങളായ മഫ്ളർ (Muflers) ആയിരുന്നു. ഗാന്ധിജി ചോദിച്ചു "ഇതു എവിടെനിർമ്മിച്ചതാണു ?" "ചീനയിൽ" അവർ മറുപടി കൊടുത്തു

'ഭേഷ്! ചീനയിലുണ്ടാക്കിയതെ ? നൂലും അവിടെത്തന്നെയാണോ നൂററതു?' നൂലും അവിടെനൂററതാണെന്നു ഒരാൾപറഞ്ഞപ്പോൾ മഹാത്മജി തുടന്നു. 'ചീനയിൽ ഇത്രനേർമ്മയായി നൂലുനൂൽക്കുന്ന ബാലികയേതാണു്? അവളെഒന്നു അന്വേഷിച്ചുകൊണ്ടുവരണം. എൻെറപ്രായം വിവാഹത്തിനുപററിയതല്ലെയെങ്കിലും ഇത്രക്കുനേരിയ നൂലുനൂൽക്കുന്ന ആ ബാലികയെ എനിക്കു വിവാഹംചെയ്യേ പററൂ.'

എല്ലാവരും പൊട്ടിച്ചിരിച്ചു. ഗാന്ധിജിതുടന്നു. ചീനയിലെ പെൺകുട്ടികൾ ഇത്രക്കുനന്നായി നൂൽക്കുമെന്നുഞാൻ കരുതിയിരുന്നില്ല.

അവർ ദലായിലാമ Delailama * യുടെ ഒരു ഫോട്ടോ ഗാന്ധിജിക്കു സമർപ്പിച്ചു. ഫോട്ടോനോക്കി മഹാത്മജിപറഞ്ഞു. 'ഇദ്ദേഹംനന്നെ കുട്ടിയാണല്ലോ'

'ദിലേയിലാമയ്ക്കുപതിമൂന്നു പ്രായമേ ആയിട്ടുള്ളുവെന്നും അവർപറഞ്ഞപ്പോൾ ഗാന്ധജിമറുപടപറഞ്ഞു 'അപ്പോൾ എൻെറപേരക്കുടാവിനോടു ഒപ്പമാണല്ലോ'

പട്ടുകൊണ്ടു ഭംഗിയായിഅലംകരിച്ചതായ ദലായിലാമയുടെ വക ഒരു ബുദ്ധവിഗ്രഹം അവർ ഗാന്ധിജിക്കുനൽകിയപ്പോൾ അദ്ദേഹം തുടന്നു, 'നിങ്ങളുടെ നായകനായ ആ പിഞ്ചുപൈതലിനോടു പറയണം, ബുദ്ധവിഗ്രഹത്തെ ഇങ്ങിനെമോടിപിടിപ്പിച്ചു അതൊരു കളിപ്പാട്ടമാക്കരുതെന്നു. ബുദ്ധൻ ഏതാണ്ടു അർദ്ധനഗ്നനായിരുന്നു ഇത്തരം പട്ടുകളൊന്നും അദ്ദേഹം ധരിച്ചിരുന്നില്ല. അദ്ദേഹംപോയപ്പോൾ ഒന്നുംകൂടെകൊണ്ടുപോയിട്ടും ഇല്ല ഒന്നുംഇവിടെയിട്ടുപോയിട്ടുമില്ല. ഓ! ഒരു പല്ലുഅദ്ദേഹം ഇട്ടുപോയിട്ടുണ്ടു്. (സിംഹളദ്വീപിലുള്ള കാൻടിയൽ ബുദ്ധൻെറ ഒരു പല്ലു സൂക്ഷിക്കപ്പെട്ടുന്നുണ്ടു് എന്നാണു വിശ്വാസം) ഇങ്ങിനെ ഉപഹാരസാധനങ്ങളെപററി മഹാത്മജിനേരംപോക്കായി ഓരോന്നു പറഞ്ഞുകൊണ്ടിരുന്നു. പ്രതിനിധികളുടെ കൈവശം പിന്നേയും പല ഉപഹാരങ്ങളുമുണ്ടായിരുന്നു. 'അതെല്ലാം അവിടെ വയ്ക്കു ഇല്ലെങ്കിൽസംഭാഷണത്തിനുസമയം കിട്ടുകയില്ല ഗാന്ധിജിപറഞ്ഞു.

'താങ്കൾ ഞങ്ങളുടെ രാജ്യത്തേക്കു വരണം' അവരിൽ ആരോ ഒരാൾ ഗാന്ധിജിയോടുപറഞ്ഞു.

'തിബത്തിലേക്കോ! പതിനായിരം അടിഉയരത്തിലേക്കോ! അയ്യോ അതെനിക്കുസാധിക്കുമൊ? അഥവാവല്ലപ്പോഴും വരണമെന്നുവെച്ചാൽ മുൻകൂട്ടിയുള്ള അനുവാദവുംവേണം. നിങ്ങൾ അനുവാദമില്ലാതെ ആരേയും അങ്ങോട്ടുകടത്തുകയില്ലല്ലൊ

ഗാന്ധിജിചോദിച്ചു 'നിങ്ങളുടെഭാഷയുടെ മൂലം എന്താണു്? പാലിയൊ ചീനിയൊ?' പാലിയേക്കാൾ സംസ്കൃതത്തോടാണു ഞങ്ങളുടെ ഭാഷ കടപ്പെട്ടിട്ടുള്ളതു'

തിബത്തിഭാഷയിലെപ്രാരംഭപാഠങ്ങൾ ഇംഗ്ലീഷിലൊഹിന്ദിയിലൊ എഴുതിഅയച്ചുതരണമെന്നു മഹാത്മജി അവരോടു ആവശ്യപ്പെട്ടു. തിബത്തിയിൽ കവർഗ്ഗചവർഗ്ഗങ്ങൾക്കു നാലുവർണ്ണങ്ങളേയുള്ളുവെന്നും ലേഖനസമ്പ്രദായം ഇനിയും ശരിക്കു വ്യവസ്ഥിതമായിട്ടില്ലെന്നും അവർ മഹാത്മജിയെഅറിയിച്ചു.

ഗാന്ധിജിപറഞ്ഞു:—നിങ്ങൾ നിങ്ങളുടെ ബുദ്ധമതത്തിലെ ഉപയോഗപ്രദങ്ങളായ കാര്യങ്ങൾ എഴുതിഅയക്കണം. എനിക്കുഉപയോഗപ്പെട്ടതു എല്ലാവക്കും ഉപകരിക്കും. ഞാൻ പറഞ്ഞില്ലേ ഞാൻ എല്ലാവരുടേയും ദാസനാണെന്നു ദാസൻതോട്ടിപ്പണിയുംകൂടി ചെയ്യണം. ഞാൻ ദാസനായിരിക്കുവോളവും എന്നിൽ എല്ലാവക്കും അധികാരമുണ്ടു്. അതുകൊണ്ടു ഒരു തൂപ്പുകാരനായ ഭൃത്യനു മനസ്സിലാകുന്നവിധത്തിലായിരിക്കണം നിങ്ങൾ എഴുതിയയയ്ക്കുന്നതു്.

സംഭാഷണം ഇത്രയുമായപ്പോൾ രാധാകൃഷ്ണൻ ഗാന്ധിജിയെ കാണുവാൻവന്നു. തിബത്തിയൻ സഹോദരന്മാരുടെ സമയം കഴിയാറായിയെന്നു മഹാത്മജി അവരെ അറിയിച്ചു. അവരിൽ ഒരാൾ പറഞ്ഞു. താങ്കൾക്കു പ്രായത്തിനടുത്ത ആരോഗ്യമല്ലയുള്ളതു്.

ഗാന്ധിജി: ഞാൻ എന്തുചെയ്യട്ടെ ഇതാണു എല്ലാവക്കും എന്നോടു പറയുവാനുള്ളതു്.

അവരിൽ ഒരാൾ മഹാത്മജിയുടെ ഫോട്ടോ ആവശ്യപ്പെട്ടു. ഗാന്ധിജി കയ്യുകൊണ്ടു ചുണ്ടു മലത്തിക്കാണിച്ചിട്ടു് "ദാ നോക്കൂ വായിൽ പല്ലില്ല. പല്ലില്ലാത്തവൻെറ പടമെന്തിനു?"

"താങ്കളെ ഞങ്ങളുടെ നാട്ടുകാർ എല്ലാവരും അറിയും. ഞങ്ങൾ താങ്കളെ ബഹുമാനിക്കുന്നു"

"അപ്പോൾ പിന്നെ ഫോട്ടോവിൻെറ ആവശ്യമേയില്ലല്ലോ."

അവർ വീണ്ടുംനിർബന്ധിച്ചപ്പോൾ മഹാത്മജിപറഞ്ഞു ഇനി ഒരിക്കൽ നിങ്ങൾ ഇവിടെവരുമ്പോൾ ഞാൻ ജീവിച്ചിരുപ്പുണ്ടെങ്കിൽ ഫോട്ടൊ തരാം. അവസാനമായി ആ പ്രതിനിധിമണ്ഡലത്തിനു മഹാത്മജി ഇങ്ങിനെ ഒരു സന്ദേശം നൽകി- നിങ്ങൾ സ്വദേശത്തുചെന്നു എല്ലാ ലാമകളോടും പറയണം, അവർ എല്ലാവരേയും അവരുടെ നാട്ടിലേക്കു സ്വാഗതംചെയ്യണമെന്നു ബുദ്ധമതത്തിൽ ഇത്തരം ഔദാര്യമില്ലായ്കയില്ല. അതു ഔദാര്യപൂർണ്ണമാണു്. നിങ്ങൾ എല്ലാവക്കുംവേണ്ടി നിങ്ങളുടെ കവാടം തുറന്നിടുക. നിങ്ങൾക്കു എന്തെങ്കിലും ഹാനി വരുത്തുന്നവരെ നിങ്ങൾക്കു തടയാം. എപ്പോൾ നിങ്ങൾ മററുള്ളവരുമായി സമ്പക്കത്തിലേപ്പെടുന്നുവൊ അപ്പോൾ ഇരുകൂട്ടക്കും മേന്മയുണ്ടാകും.

തിബത്തിയൻ സഹോദരന്മാക്കു ഗാന്ധിജിയോടു സംസാരിച്ചതു മതിയായില്ല പക്ഷെ മഹാത്മജിക്കു അത്രക്കു സമയമെവിടെ. അതിനാൽ ആ പ്രതിനിധിസംഘം വളരെ വൈമനസ്യത്തോടുകൂടിയാണു് പുറത്തേക്കു പോന്നതു്.

—o—

* തിബത്തുകാരുടെ മതപുരോഹിതനും അധികാരിയും.

(ഒൻപതാംപേജിൽനിന്നും തുടർച്ച)

പരീക്ഷകഴിഞ്ഞു് ആറുമണിക്കു ഞങ്ങൾ കൂട്ടിമുട്ടി. ഞാൻ പറഞ്ഞു. "നാളെ ഞാൻ നാട്ടിലേക്കു പോകുകയാണു്" യാത്രയേക്കുറിച്ചു ഞങ്ങൾ വളരെ സംസാരിച്ചു. ഒടുവിൽ അവൾ ചോദിച്ചു. "മുറിയുടെ നമ്പർ" "മൂന്നൂററിഇരുപത്തിഒന്നു" ഞാൻ സമാധാനംപറഞ്ഞു. മന്ദഹാസം തൂകിക്കൊണ്ടു് ഞങ്ങൾ പിരിഞ്ഞു.

പിറേറ്റു പ്രഭാതത്തിൽ നേരത്തേതന്നെ ഞാൻ ഉണന്നു. വീട്ടിലേക്കു തിരിക്കാനുള്ള തിടുക്കത്തിൽ ഉച്ചതിരിഞ്ഞു് രണ്ടുമണിക്കുള്ള "എക്സ്പ്രസ്സി"ൽ പോകണം. പക്ഷേ വളരെ തയ്യാറാവാനുണ്ടു്. ആ മുറിയും ആ സ്ഥലവും അന്നു് ഉപേക്ഷിക്കണം. ഞാൻ വ്യസനിച്ചു. കിഴക്കുനിന്നടിച്ച കുളിർകാററു് എന്നെ ആശ്വസിപ്പിച്ചു. * * *

ഒരു മണിക്കൂർകൂടി കഴിഞ്ഞു മുറിയിൽനിന്നു പോകണം. സാധനങ്ങൾ എല്ലാം കെട്ടി തയ്യാറാക്കി ഞാൻ മുറിയിൽ അങ്ങോട്ടും ഇങ്ങോട്ടും നടന്നുകൊണ്ടിരുന്നു. പെട്ടെന്നു കതകിൽ ആരോ മൃദുലമായി മുട്ടി. ഞാൻ കതകുതുറന്നു. പുഞ്ചിരി തൂകിക്കൊണ്ടു് അവൾ അവിടെ നിന്നിരുന്നു. ഞാൻ അവൾക്കു സ്വാഗതം പറഞ്ഞു് രസിച്ചു. അവൾ എന്നെ റെയിൽവേസ്റ്റേഷനിലേക്കു് അനുഗമിച്ചു. ഞങ്ങൾ പരസ്പരം അവധിക്കാലത്തെ ആനന്ദജീവിതത്തിനുവേണ്ടി ആശംസിച്ചു...

വണ്ടി നീങ്ങാൻ വിസിൽവിളിച്ചു. ഞാൻ അവളോടു യാത്രപറഞ്ഞു. വണ്ടിയിൽ കയറി. അവൾ പുഞ്ചിരി തൂകിക്കൊണ്ടു് പറഞ്ഞു "ചീയർ യൂ."..........

വണ്ടിനീങ്ങി. ഞങ്ങൾ പരസ്പരം നോക്കിക്കൊണ്ടുതന്നെ കാണാതായി — ഹാ! സൂസി, അവൾ എൻെറ ഉററമിത്രമാണു്! ഞാൻ ഒരു വിദ്യാർത്ഥി!! അവൾ ഒരു വിദ്യാർത്ഥിനി!! * * *

ഞാൻ ഇന്നു ഒരു പുതിയ മനുഷ്യനായി. അന്നൊക്കെ യുവതികളെ കണ്ടാൽ ചില മദിപ്പിക്കുന്ന ചിന്തകൾ എന്നിൽകൂടി കടന്നുപോകുമായിരുന്നു. ഇന്നു് എൻെറ ചിന്തകൾ മറെറാരു മാർഗ്ഗം സ്വീകരിച്ചു. എൻെറ വികാരങ്ങൾക്കു മറെറാരു രൂപംകിട്ടി. എന്തിലും ഒരു സാധാരണത്വം കടന്നുകൂടി. ഇന്നു് സ്ത്രീകളെ കണ്ടാൽ ഞാൻ തുറിച്ചുനോക്കാറില്ല. യുവതികളുമായി പെരുമാറാൻ ഞാൻ അശേഷം ലജ്ജിക്കുന്നില്ല. ബഹുമാനം സ്ഫുരിക്കുന്ന ദൃഷ്ടികളോടുകൂടിയല്ലാതെ അവരെ കാണാൻ എനിക്കു സാദ്ധ്യമല്ല. അവൾ എന്നെ ഒരു പുതിയ മനുഷ്യനാക്കിത്തീർത്തു. ഹാ! സൂസി. അവൾ എൻെറ ഉററമിത്രമാണു്.

ഹാഫ്ടോണും ലൈനും ബ്ളാക്കുകൾ

ലൈനും, ഹാഫ്ടോണും ബ്ളാക്കുകൾ സിങ്കിലും കാപ്പറിലും ആവശ്യക്കാരുടെ ഹിതാനുസരണം ഏതുസൈസിലും മിതമായ നിരക്കിനു് കൃത്യസമയത്തു ചെയ്തുകൊടുക്കുന്നതാണു്. ഉടൻ ഫോട്ടോ അല്ലെങ്കിൽ സ്കെച്ചുസഹിതം ആർഡർ ചെയ്യുക.

കൂടുതൽ വിവരം എസ്. ആർ. വി. പ്രസ്സിൽ അന്വേഷിച്ചാൽ അറിയാവുന്നതാണു്.

S. R. V. PROCESS STUDIO, QUILON.

# രാഷ്ട്രീയ സ്വയംസേവക്സംഘം

രാഷ്ട്രീയ സ്വയംസേവക്സംഘത്തിന്റെ പ്രവൎത്തനം ആരംഭിച്ചു ഏതാനും ദശവത്സരങ്ങൾ ആയിക്കഴിഞ്ഞെങ്കിലും ഇപ്പോൾ മാത്രമാണു പ്രസ്തുത സ്ഥാപനത്തിന്റെ പേർ ഇന്ത്യാക്കാൎക്കു സുപരിചിതമായിത്തീൎന്നതു്. [illegible]മായി യാതൊരുവിധമായ പ്രസിദ്ധീകരണവുംകൂടാതെ വളൎന്നുവന്നിട്ടുള്ള ഒരു സംഘടനയാണു് അതെന്നുള്ളതാണതിന്റെ കാരണം. സംഘടനാബോധവും ഐകമത്യവും ഇല്ലാത്ത ഒരു സമുദായമാണു ഹിന്ദുസമുദായമെന്നു മനസ്സിലാക്കി ശത്രുവിന്റെ ആക്രമണത്തിൽ പിൻതിരിഞ്ഞു പലായനം ചെയ്യുന്ന പതിവുമാററി ഏതു ശത്രുവിനെയും സധീരം എതിരിടുന്നതിനുള്ള സന്നദ്ധതയും കായബലവും ഐക്യബോധവും സമുദായത്തിൽ സംജാതമാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഡാക്ടർ ഹെഡ്ഗവർ എന്ന മഹാൻ സ്ഥാപിച്ചു നടത്തിവന്നതാണു രാഷ്ട്രീയസ്വയം സേവക്സംഘം.

ശിവജി, മഹാറാണാപ്രതാപ്സിംഗ്, റാണി ലക്ഷ്മീഭായി തുടങ്ങിയ വീരാത്മാക്കളെയാണു സംഘാംഗങ്ങൾ ആരാധിക്കുന്നതു്. ഭാരതത്തിന്റെ ആത്മീയസംസ്കാരത്തിന്റെ വൎണ്ണമായ കാഷായത്തിലുള്ള പതാകയാണു സംഘത്തിന്റെ പതാക. മഹാരാഷ്ട്രപതി ശിവജിമഹാരാജാവിന്റെ പതാകയും ഇതുതന്നെയായിരുന്നെന്നതു സ്മരണീയമാണു്.

കാഷായവൎണ്ണത്തിലുള്ള സംഘത്തിന്റെ പതാകയാണു ഗുരുവായി പൂജിക്കപ്പെടുന്നതു്: പതാകയുടെ മുമ്പിലല്ലാതെ സംഘാംഗങ്ങൾക്കു ശിരസ്സു നമിക്കാവുന്നതല്ല.

ഭാരതം തങ്ങളുടെ ജന്മഭൂമിയും പുണ്യഭൂമിയും ആണെന്നു വിശ്വസിക്കുന്ന സകലഹിന്ദുക്കൾക്കും സംഘത്തിൽ അംഗങ്ങളായി ചേരാവുന്നതാണു്. അംഗങ്ങൾക്കു പ്രവേശനഫീസോ പ്രതിമാസവരിസംഖ്യയോ ഇല്ലെന്നു തന്നെയല്ല സംഘത്തിനു അംഗരജിസ്റ്റർപോലും ഇല്ലെന്നാണറിയുന്നതു്.

ഓരോ സ്ഥലത്തെയും സംഘാംഗങ്ങൾ ദിവസം ഒരു പ്രാവശ്യമെങ്കിലും തമ്മിൽ കണ്ടു സമ്പൎക്കം പുലൎത്തത്തക്കവണ്ണം ഒരു പൊതുസ്ഥലത്തു സമ്മേളിക്കണമെന്നതു ഒരു നിയമമാണു്. 'സംഘസ്ഥാൻ' എന്നാണു പ്രസ്തുത സ്ഥലം അറിയപ്പെടുന്നതു്. സംഘസ്ഥാനത്തിൽ സമ്മേളിക്കുന്ന അംഗങ്ങൾ വ്യായാമത്തിലും വിനോദങ്ങളിലും ഏൎപ്പെട്ടു അന്യോന്യമുള്ള സൌഹാൎദ്ദബന്ധം ഉറപ്പിക്കുന്നു.

സംഘം ജാതിവ്യത്യാസങ്ങൾ അംഗീകരിക്കുന്നില്ല. ഈ വസ്തുത മഹാത്മജിക്കുപോലും ബോദ്ധ്യംവന്നിട്ടുള്ളതാണു്. ബാലന്മാരും യുവാക്കന്മാരും സംഘടിച്ചു ഡ്രിൽ, കായികവിനോദങ്ങൾ, ഇവ പരിശീലിക്കുന്നു. സംഘാംഗങ്ങളുടെ ശരീരവും മനസ്സും ആരോഗ്യമുള്ളതായിരിക്കണമെന്നുള്ളതു നിൎബന്ധമാണു്. സ്വമതത്തെ സംബന്ധിച്ചു് അഭിമാനം അംഗങ്ങളിൽ ഉല്പാദിപ്പിക്കുക എന്നതല്ലാതെ അന്യമതങ്ങളെ അവഹേളിക്കുക എന്നതു സംഘത്തിന്റെ ഉദ്ദേശമല്ല.

സംഘത്തിനു രാഷ്ട്രീയമായ യാതൊരു പരിപാടിയുമില്ല. സംഘനാമത്തിൽ കാണുന്ന 'രാഷ്ട്രീയപദം' 'പൊളിററിക്കൽ' എന്ന അൎത്ഥത്തിലല്ല പ്രയോഗിച്ചിരിക്കുന്നതു്.

മതഭ്രാന്തരുടെ ആക്രമണങ്ങളിൽനിന്നു സ്വമതാനുയായികളെ സംരക്ഷിക്കുന്നതിനു ഉത്തരേന്ത്യയിലെ സ്വയംസേവക്സംഘാംഗങ്ങൾ വിജയകരമായി നടത്തിയ ശ്രമങ്ങളാണു സംഘത്തെപ്പററി അറിയുന്നതിനുള്ള ജിജ്ഞാസ പൊതുജനങ്ങളിൽ ഉദിപ്പിച്ചതു്.

സ്വയംസേവക്സംഘത്തിനു ഇപ്പോൾ ൧൦൦൦-ത്തിനുമേൽ ശാഖകളും ലക്ഷക്കണക്കിനുള്ള അംഗസംഖ്യയുമുണ്ടെന്നാണറിയുന്നതു്.

—o—

### സ്ഥാപകൻ



രാഷ്ട്രീയ സ്വയംസേവക്സംഘത്തിന്റെ സ്ഥാപകനായ ഡാക്ടർ ഹെഡ്ഗവർ

### ഗുരുജി



സ്വയംസേവകരിന്റെ ഇപ്പോഴത്തെ നേതാവായ പ്രഫസ്സർ ഗുരുവൾക്കർ

# ആയുൎവ്വേദവും പ്രകൃതിചികിത്സയും

എം. കെ. ഗാന്ധി

ആയുൎവ്വേദ വനസ്പതിശാസ്ത്രങ്ങളുടെ പ്രൌഢസാരായ വൈദ്യവല്ലഭരോട് ഇപ്രകാരമെഴുതുന്നു.—

"ആയുൎവ്വേദവും അല്ലോപതിയും കൂട്ടിക്കലൎത്തുകയാൽ, ആദ്യത്തേതിന്റെ ഗുണങ്ങൾ മിക്കവാറും നശിപ്പിക്കപ്പെട്ടിരിക്കുന്നു. ആയുൎവ്വേദചികിത്സയുടേയും അടിസ്ഥാനം പഞ്ചഭൂതങ്ങൾ തന്നെയാണു്. വായു ദുരുപയോഗപ്പെടുത്തിയാൽ വാതം കോപിക്കും. അഗ്നികൊണ്ടു പിത്തം കോപിക്കും, ജലംകൊണ്ടു കഫവും. ഈ മൌലികതത്വങ്ങളെ ആശ്രയിച്ചാണു് ആയുൎവ്വേദം പുരോഗമിക്കുന്നതു്. മുകളിൽ പറഞ്ഞ രോഗങ്ങൾക്കുള്ള ചികിത്സ വായുവും വെളിച്ചവും വെള്ളവും വേണ്ടതുപോലെ ഉപയോഗപ്പെടുത്തുകയാണെന്നു ആയുൎവ്വേദം പറയുന്നു. പ്രകൃതിനിയമങ്ങൾ ശരിക്കു അനുഷ്ഠിക്കുവാൻ സാധിക്കുന്നതിനുവേണ്ടി, ചികിത്സയിൽ മതത്തിനും സ്ഥാനമുണ്ടായെന്നുവരാം. പത്ഥ്യം ആയുൎവ്വേദത്തിൽ വളരെ പ്രധാനമാണു്. പ്രകൃതിനിയമങ്ങളെ ശരിക്കു അനുഷ്ഠിച്ചാലേ രോഗമുക്തിയുള്ളുവെന്നാണു് അതിന്റെ അൎത്ഥം. വാഗ്ഭടൻ ചോദിക്കുന്നു: "പത്ഥ്യമില്ലെങ്കിൽ ഔഷധംകൊണ്ടു് എന്താണു് പ്രയോജനം? പത്ഥ്യമുണ്ടെങ്കിൽ, എന്തിനാണു് ഔഷധം?

രാമനാമവും സംശുദ്ധജീവിതവുമാണു് രോഗം പിടിക്കാതിരിക്കാനുള്ള ഏററവും നല്ലതും ഏററവും ചെലവുകുറഞ്ഞതുമായ ഉപായങ്ങളെന്നതിൽ എനിക്കു യാതൊരു സംശയവുമില്ല. ഡോക്ടൎമാരും വൈദ്യന്മാരും രാമനാമം സിദ്ധൌഷധമായി ഉപയോഗിക്കുന്നില്ലെന്നതാണു് വ്യസനകരം. ജനങ്ങളെ കൂടുതൽ അന്ധവിശ്വാസികളാക്കിത്തീൎക്കുന്ന ഒരു മന്ത്രവാദമെന്ന നിലയല്ലാതെ രാമനാമത്തിനു ഇന്നത്തെ ആയുൎവ്വേദസാഹിത്യത്തിൽ സ്ഥാനമില്ല. രാമനാമത്തിനു വാസ്തവത്തിൽ അന്ധവിശ്വാസവുമായി യാതൊരു ബന്ധവുമില്ല. അതു പ്രകൃതിയുടെ പരമോന്നതനിയമമാണു്. ആരതു് അനുഷ്ഠിക്കുന്നുവോ അവൎക്കു രോഗമില്ല; മറിച്ചു പറയുന്നതും ശരിയാണു്. രോഗബാധയെ തടയുന്ന നിയമം ചികിത്സയിലും സഫലമാണു്. മുടങ്ങാതെ രാമനാമം ജപിക്കുകയും സംശുദ്ധജീവിതം നയിക്കുകയും ചെയ്യുന്നവൎക്കു എപ്പോഴെങ്കിലും രോഗം പിടിക്കുവാൻ പാടുണ്ടോ എന്നതു ഉചിതമായ ചോദ്യമാണു്. മനുഷ്യൻ പ്രകൃത്യാ അപൂൎണ്ണനാണു്. വിചാരശീലനായ മനുഷ്യൻ പരിപൂൎണ്ണതയ്ക്കു വേണ്ടി പ്രയത്നിക്കുമെങ്കിലും ഒരിക്കലും ആ നില പ്രാപിക്കാറില്ല. എങ്ങിനെയെങ്കിലും അറിയാതെ ഇടയ്ക്കു് ആയാൾ കാൽതെററിവീഴുന്നു. ഈശ്വരനിയമം മുഴവൻ സംശുദ്ധമായ ഒരു ജീവിതത്തിൽ മൂൎത്തിമത്തായിരിക്കുന്നു. ആദ്യം വേണ്ടതു സ്വന്തം അതിൎത്തികൾ മനസ്സിലാക്കുകയാണു്. ആ അതിൎത്തികൾ ലംഘിച്ചാൽ നാം രോഗബാധിതരാകുന്നു. ഹിതവും മിതവുമായി ഭക്ഷിച്ചാൽ രോഗങ്ങളിൽനിന്നു രക്ഷപ്രാപിക്കാം. പക്ഷെ ഹിതമായ ഭക്ഷണം ഏതാണെന്നു എങ്ങിയാണു് അറിയുക? ഇങ്ങിനെ പല സംശയങ്ങളും ഉണ്ടാകാം. എല്ലാവരും അവനവന്റെ അതിൎത്തി അറിയണം, അവനവന്റെ ഡോക്ടരാവണം എന്നുമാത്രമേ ചുരുക്കത്തിൽ പറയാനുള്ളു.

സുപ്രസിദ്ധങ്ങളായ കുടുംബൌഷധങ്ങൾ പ്രകൃതിചികിത്സയിൽ ഉൾപ്പെടുത്താമോ എന്നു വൈദ്യവല്ലഭരോട് ചോദിക്കുന്നു. പ്രകൃതിനിയമങ്ങൾ കണ്ടുപിടിക്കാൻ ശ്രമിച്ചു് അവയനുസരിച്ചു പ്രവൎത്തിക്കുകമാത്രമാണു് തങ്ങൾ ചെയ്യുന്നതെന്നും അതിനാൽ ഏററവും നല്ല പ്രകൃതിവൈദ്യന്മാർ തങ്ങളാണെന്നും ഡോക്ടൎമാർ പറയുന്നു. ഇങ്ങിനെയാണെങ്കിൽ, എന്തും പറയാം. രാമനാമത്തിൽ കവിഞ്ഞ എന്തും പ്രകൃതിചികിത്സക്കു വിരുദ്ധമാണെന്നു മാത്രമാണു് എനിക്കു പറയാനുള്ളതു്. ഈ തത്വത്തിൽ നിന്നു നാം എത്ര അകന്നുപോകുന്നുവോ അത്രയും പ്രകൃതി ചികിത്സയിൽനിന്നു അകന്നു പോകുന്നുവെന്നാണൎത്ഥം. ഈ യുക്തിയനുസരിച്ചു പ്രകൃതി ചികിത്സയിൽ പഞ്ചഭൂതങ്ങൾ മാത്രമേ ഉപയോഗപ്പെടുത്താവു എന്നു ഞാൻ പറയുന്നു. എങ്കിലും ഇതിൽ കവിഞ്ഞു, പണത്തിനുവേണ്ടിയല്ലാതെ സേവനത്തിനു വേണ്ടിമാത്രമായി അടുത്തുണ്ടാകുന്ന ചെടികളും സസ്യങ്ങളും ഔഷധത്തിന്നായി ഉപയോഗിക്കുന്നവൎക്കും പ്രകൃതിവൈദ്യന്മാരെന്നു അവകാശപ്പെടാവുന്നതാണു്. പക്ഷെ എവിടെയാണു് ഇത്തരം വൈദ്യന്മാരേ കാണുക? ഇന്നു അവരെല്ലാം പണമുണ്ടാക്കുന്നതിൽ ഏൎപ്പെട്ടിരിക്കുകയാണു്. അവർ യാതൊരു ഗവേഷണവും നടത്തുന്നില്ല. ആയുൎവ്വേദം അധഃപതിക്കുവാൻ കാരണം അവരുടെ ദുരയും മാനസികാലസ്യവുമാണു്. സ്വന്തം തെററു മനസ്സിലാക്കാതെ അവർ ഗവൎമ്മെണ്ടിനേയും പൊതുജനങ്ങളേയും കുററപ്പെടുത്തുന്നു. സ്വന്തം തെററുകൊണ്ടു് നിസ്സഹായരായിത്തീൎന്ന ആയുൎവ്വേദത്തിന്റെ പേരു ചേറിലാഴ്ത്തിയവരെ സഹായിക്കുവാൻ ഗവൎമ്മെണ്ടിനു സാധിക്കുകയില്ല.

—o—

# പ്രകൃതിയിൽ

തെരുവത്തു് രാമൻ

കീറിപ്പാറിയ കാവിവസ്ത്രവുമുട-
ത്തത്യന്തവാൎദ്ധക്യവും
പേറിക്കൊണ്ടണയുന്ന സന്ധ്യവിവശം
പിച്ചയ്ക്കു് അന്നീടവേ,
വാരിക്കൂട്ടിയ താരനാണ്യമഖിലം
സൂക്ഷിച്ച രാവാംപിശ-
ക്കാരിപ്പെണ്ണവളെപ്പിടിച്ചുകടലിൽ
ത്തള്ളുന്നിതാ നിൎദ്ദയം! 1

മാലേററുന്ന കരാളരശ്മിചിതറും
മാൎത്താണ്ഡചണ്ഡാതപ-
ത്താലേററം വിഷമിച്ചിടുന്നധരണി-
യ്ക്കുന്നൂനമാവോളവും
പാലേകിസ്വയമാകവേ ക്ഷയമിയ-
ന്നീടുമ്പൊഴും ചന്ദ്രന-
ച്ചേലേറും മധുരസ്മിതം പൊരികയാ-
ണാനന്ദ സന്ദായകം! 2

വെള്ളിപ്പൂം പതവാരിവെച്ചുമുതലാ-
ളിപ്പോലെ നടി, ച്ഛീവിധം
തള്ളിക്കേറിയഹ കരിച്ചു നിലവി-
ട്ടെത്തുന്ന കല്ലോലമേ,
തുള്ളിക്കാം വിലയില്ല നന്റെന്നൊരു കാ-
ക്കു്, എമ്പാടുമുണ്ടംബുധി-
യ്ക്കുള്ളിൽക്കാന്തി നിറന്നമുത്തു നിന-
ക്കൊന്നെങ്കിലും കിട്ടയോ? 3

പൂവല്ലീപ്രകരങ്ങളേ, ചതിയനാം
കാററിന്റെ 'മന്ത്ര'ത്തിനൊ-
ത്തേവം തമ്മിലകന്നു നിങ്ങളടരാ-
ടിടയ്ക്കു ലജ്ജാവഹം!
പാവപ്പെട്ട ധരായനിങ്ങളിവിടെ
ക്കൈക്കോൎത്തുനിൽക്കായ്കിലോ
കൈവല്യം സകലം നശിച്ചുമരുഭൂ-
വാകില്ലയോ പൂവനം! 4

—o—


# സ്തോത്രരത്നാകരം

(സവ്യാഖ്യാനം)

വ്യാഖ്യാതാ, എൻ. ബാപ്പുറാവു ബി. ഏ. ബി. എൽ.


ഭക്തന്മാൎക്കു നിത്യപാരായണത്തിന് അത്യുത്തമങ്ങളും, കവിതാഗുണംകൊണ്ടു സഹൃദയലോകത്തെ പുളകംകൊള്ളിക്കുന്നവയും ഭക്തിരസപ്രധാനങ്ങളുമായ സ്തോത്രരത്നങ്ങളാണു് ഇതിൽ തിരഞ്ഞു ചേൎത്തിട്ടുള്ളതു്.

ഡിമ്മി എട്ടിലൊന്നു വലിപ്പത്തിൽ ൩൦൦ പുറങ്ങളാണു് ഈ പുസ്തകത്തിന്റെ വലിപ്പം.

വില രൂ. ൧ ണ. ൮.

മാനേജർ, 'ശ്രീരാമവിലാസം'പ്രസ്സ്—കൊല്ലം

## ഏററവും വലിയ കച്ചവടക്കപ്പൽ




യുദ്ധകാലത്തിനിപ്പുറം പണികഴിപ്പിക്കപ്പെട്ടിട്ടുള്ളതിൽ ഏററവും വലിയ കച്ചവടക്കപ്പലാണ്. 3000000-പവൻ ചിലവുവന്ന 31000-ടൺകപ്പൽ "ആർക്കേഡ്സ്" ഇതിൽ 1500 യാത്രക്കാരും 608 ജോലിക്കാരും ഉണ്ടായിരിക്കും. കപ്പൽ പണിതീർന്നു സമുദ്രത്തിലേയ്ക്കിറക്കുന്നു.

(ഒന്നാംപേജിൽനിന്നും തുടർച്ച)

ഹാർ ഭൂകമ്പം [illegible] സംബന്ധിച്ചായിരുന്നു. ൧൯൩൪ ജനുവരി ൧൫-ാം തീയതി ഉണ്ടായ ഭൂകമ്പം ബീഹാർപ്രവിശ്യയെ ഒരു കുരുതിക്കളമായി രൂപാന്തരപ്പെടുത്തി. ബീഹാറിന്റെ സ്ഥിതി അത്യന്തം ഭയാനകമായിരുന്നു. നേതാക്കന്മാർ അന്നു ആരോഗ്യം നഷ്ടപ്പെട്ടു ജയിലഴികൾക്കുള്ളിൽ യാതനയനുഭവിക്കുകയായിരുന്നു. ഭൂകമ്പത്തിന്റെ രണ്ടാംദിവസം ഡാക്ടർമാരുടെ ഉപദേശമനുസരിച്ചു പ്രസാദിനെ ജയിലിൽനിന്നു മോചിപ്പിച്ചു. തന്റെ ശിഥിലപ്രായമായ ആരോഗ്യത്തെപ്പററിയോ താൻ ഏറെറടുക്കുന്ന ജോലിയുടെ വലിപ്പത്തെയോപററിയോ അശേഷം ചിന്തിക്കാതെ അദ്ദേഹം ദുരിതനിവാരണജോലിയിൽ പ്രവേശിച്ചു. ഒരു അനൗദ്യോഗസ്ഥസമിതിയായ ബിഹാർ സെൻട്രൽറിലീഫ്കമ്മിററിയുടെ നായകനും കേന്ദ്രസ്ഥാനവും അദ്ദേഹം തന്നെയായിരുന്നു. അദ്ദേഹത്തിന്റെ അപേക്ഷയെ ആദരിച്ചു ഇന്ത്യയുടെ നാനാഭാഗങ്ങളിൽനിന്നു ധനസഹായവും ഭക്ഷ്യധാന്യങ്ങളും വസ്ത്രവും ധാരധാരയായി ബീഹാറിലേക്കു പ്രവഹിച്ചുതുടങ്ങി. പൊതുജനസേവകന്മാർ അദ്ദേഹത്തിന്റെ പിൻപിൽ സേവനത്തിനായി ആയിരക്കണക്കിനു അണിനിരന്നു. രാജേന്ദ്രപ്രസാദിന്റെ നേതൃത്വത്തിൽ ദുരിതനിവാരണപ്രസ്ഥാനം അഭൂതപൂർവ്വമായ ഒരു വിജയമായി പര്യവസാനിച്ചു.

കോൺഗ്രസ്സിന്റെ സുവർണ്ണജൂബിലിവർഷമായ ൧൯൩൫-ൽ ബാബുരാജേന്ദ്രപ്രസാദ് കോൺഗ്രസ്സിന്റെ അദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടു. കോൺഗ്രസ്സിന്റെ ലക്ഷ്യം പരിപൂർണ്ണസ്വാതന്ത്ര്യമാണെന്നു അദ്ധ്യക്ഷസ്ഥാനത്തുനിന്നു നിർവ്വചിക്കപ്പെട്ടു- ഇന്ത്യയിലെ സർവ്വജനങ്ങൾക്കും സ്വാതന്ത്ര്യവും സ്വയംഭരണാവകാശവും രാഷ്ട്രങ്ങളോടു സമനിലയിൽ സഹകരിക്കുന്നതിനുള്ള സ്വാതന്ത്ര്യവും. ഇന്ത്യൻ സ്വാതന്ത്ര്യത്തിലേക്കുള്ള പന്ഥാവിൽ ഒരു പ്രതിബന്ധമായി നിലകൊണ്ടിരുന്ന സമുദായമത്സരത്തെ നീക്കി സാമുദായികമൈത്രി കൈവരുത്തുന്നതിനായി മി: ജിന്നായുമായി സന്ധിസംഭാഷണത്തിലേർപ്പെടുന്നതിനു അദ്ദേഹം ചെയ്ത ശ്രമങ്ങൾക്കു മി: ജിന്നായിൽനിന്നു അനുകൂലമായ മനോഭാവം സമ്പാദിക്കുന്നതിനു സാധ്യമായില്ല.

൧൯൩൫-ലെ ഇന്ത്യാ ആക്ട് നടപ്പിൽ വന്നപ്പോൾ സ്വന്തം പ്രവിശ്യയിലെ പ്രധാനമന്ത്രിപദം സ്വീകരിക്കുന്നതിനു രാജേന്ദ്രപ്രസാദിനോടു ചെയ്ത അഭ്യർത്ഥനകൾ വിഫലമാകുകയാണുണ്ടായത്. അദ്ദേഹം പിന്നണിയിൽ തന്നെ നിൽക്കുന്നതിനാണാഗ്രഹിച്ചതു്. അദ്ദേഹത്തിന്റെ സഹപ്രവർത്തകന്മാരെ ഉത്തരവാദിത്വമുള്ള സ്ഥാനങ്ങൾ വഹിക്കുന്നതിനു വിടുകയാണു ചെയ്തതു്. അദ്ദേഹത്തിന്റെ കാര്യക്ഷമതാബോധവും ഉദ്ദേശദാർഢ്യവും മന്ത്രിസഭയിലേക്കു പകർത്തുന്നതിനു സാധിച്ചു. കോൺഗ്രസ്സിലെ ആഭ്യന്തരകാര്യങ്ങൾ അന്നു കലങ്ങി മറിഞ്ഞുവരികയായിരുന്നു. സുബാഷ്ചന്ദ്രബോസ് വീണ്ടും തിരഞ്ഞെടുക്കപ്പെട്ടെങ്കിലും സംഭവഗതികളാൽ അദ്ദേഹം സ്ഥാനത്യാഗം ചെയ്യുന്നതിനു നിർബന്ധിതനായി.

ത്രിപുരിസമ്മേളനത്തെ തുടർന്നു മാത്സര്യവും വാദകോലാഹലവും നിറഞ്ഞ ഒരു അന്തരീക്ഷമാണു ജാതമായതു്. പ്രക്ഷുബ്ധമായിരുന്ന ആ ദുർഘടാവസ്ഥയിൽ കോൺഗ്രസ്സുനൗകയെ നയിക്കുന്നതിനു് ഈശ്വരനാൽ അനുഗൃഹീതനായ രാജേന്ദ്രപ്രസാദല്ലാതെ മററാരാണു പ്രാപ്തൻ. രാജേന്ദ്രപ്രസാദ രണ്ടാമതും ഇന്ത്യൻനാഷനൽകോൺഗ്രസ്സിന്റെ അദ്ധ്യക്ഷസ്ഥാനത്തു അവരോധിക്കപ്പെട്ടു.

ലോകവും ഇന്ത്യയും അതിശീഘ്രത്തിൽ പരിവർത്തനംചെയ്തുകൊണ്ടിരുന്നു. ൧൯൪൨ വന്നു. "ഇന്ത്യ വിടുക"പ്രസ്ഥാനം സമാരംഭിച്ച എ. ഐ. സി. സി. യുടെ ബോംബെയോഗത്തിൽ അനാരോഗ്യംമൂലം സംബന്ധിക്കുന്നതിനു രാജേന്ദ്രപ്രസാദിനു സാധിച്ചില്ല. അദ്ദേഹം അഹമ്മദബാദുകോട്ടയിൽ മററു നേതാക്കന്മാരോടൊപ്പം ബന്ധനസ്ഥനാക്കപ്പെട്ടില്ലെങ്കിലും സ്വദേശത്തു അദ്ദേഹത്തെ ബന്ധനത്തിൽവച്ചു. ബന്ധനമുക്തനായശേഷം അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ "വിഭക്തഭാരതം" എന്ന വിശിഷ്ടഗ്രന്ഥത്തിൽ പ്രകടിപ്പിച്ച അഭിപ്രായങ്ങൾ പ്രവചനങ്ങളായി രൂപാന്തരപ്പെട്ടു വരുന്നതായാണു കാണുന്നതു്.

ഇടക്കാലഗവൺമെന്റിൽ ബാബുരാജേന്ദ്രപ്രസാദ ഭക്ഷ്യവകുപ്പുമന്ത്രിയായി നിയമിതനായി. ഒരുകാലത്തിനുമുമ്പ് അദ്ദേഹത്തെ കാൺസ്റ്റിറ്റ്യുവൻറ് അസംബ്ലിയുടെ അദ്ധ്യക്ഷനായി സർവ്വസമ്മതപ്രകാരം തിരഞ്ഞെടുക്കുകയുംചെയ്തു. ഉത്തരവാദിത്വവും വൈഷമ്യവും നിറഞ്ഞ പ്രസ്തുത സ്ഥാനം വഹിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ പ്രാപ്തിയും യോഗ്യതയും അസംബ്ലിയിൽ പ്രസ്തുത സ്ഥാനലബ്ധിയെ അനുമോദിച്ചു ചെയ്ത പ്രസംഗങ്ങൾ സാക്ഷ്യംവഹിക്കുന്നു. ഭാവിഭാരതത്തിന്റെ ഭരണഘടനാനിയമം സൃഷ്ടിക്കുന്ന പ്രസ്തുത സഭയുടെ നടപടികൾ നിയന്ത്രിക്കുന്നതിനും അദ്ദേഹത്തിനേക്കാൾ സമർത്ഥനായ മഹാനെ കണ്ടുകിട്ടുക അസാദ്ധ്യമായിരുന്നുവെന്നു അനന്തരസംഭവങ്ങൾ വ്യക്തമാക്കുകയാണു ചെയ്തതു്. സെൻട്രൽപാർട്ടീഷൻ കൗൺസിലിൽ ഇന്ത്യയുടെ പ്രതിനിധിയായും സ്വതന്ത്രഇന്ത്യയുടെ ആദ്യത്തെ മന്ത്രിസഭയിലെ ഭക്ഷ്യം കൃഷി എന്നീവകുപ്പുകളുടെമന്ത്രിയായും അദ്ദേഹം അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങൾ വിസ്മരിക്കാവുന്നതല്ല.

"ഇൻഡ്യൻ രാഷ്ട്രീയരംഗത്തിലെ സമാന്യപുരുഷൻ" "ബീഹാറിലെ മടിചൂടാമന്നൻ" ശ്രീമതി സരോജിനീദേവിയുടെ ഭാഷയിലാണെങ്കിൽ "ശ്രീ ബുദ്ധന്റെ അനന്തരഗാമി, ഇന്ത്യൻസ്വാതന്ത്ര്യത്തിന്റെ ദീപംവഹിക്കുന്നദേഹം, ഇന്ത്യയുടെ ഭാഗധേയത്തിന്റെ ചിഹ്നം" എന്നിങ്ങനെ അറിയപ്പെടുന്ന ബാബു രാജേന്ദ്രപ്രസാദിന്റെ ജീവിതവിജയത്തിന്റെ അടിത്തട്ടിൽകിടക്കുന്ന ഗുണവിശേഷം അദ്ദേഹത്തിന്റെ അഗാധവും ആത്മാർത്ഥവുമായ ജീവകാരുണ്യമാകുന്നു. ത്യാഗപൂർണ്ണമായ ആ വ്യക്തിത്വത്തിലെ പ്രധാനഘടകം അതാകുന്നു. ജനങ്ങൾ അനുഭവിച്ചുവരുന്ന കഷ്ടപ്പാടുകൾ അദ്ദേഹത്തിന്റെ ഹൃദയത്തിന്റെ അഗാധതയിൽ സ്പർശിച്ചു. കാരുണ്യംനിറഞ്ഞ ഹൃദയത്തോടുകൂടിയ അദ്ദേഹം ഇന്നു മനുഷ്യരാശിയുടെ ഒരു വിശ്വസ്ത സുഹൃത്താണു്.

അത്യന്തം ലളിതമായഒരു ജീവിതരീതിയാണു അദ്ദേഹം സ്വയം സ്വീകരിച്ചിട്ടുള്ളതു. അദ്ദേഹത്തിന്റെ ആവശ്യങ്ങൾ ചുരുങ്ങിയവയാണു. മൂന്നാംക്ലാസ്സിലാണു അദ്ദേഹത്തിന്റെ സഞ്ചാരം. രാഷ്ട്രത്തിനും ജനങ്ങൾക്കും വേണ്ടി സേവനമനുഷ്ഠിക്കുക എന്നല്ലാതെ മറെറാരാഗ്രഹവും അദ്ദേഹത്തിനില്ല. ഉദാരശീലനായ അദ്ദേഹത്തിന്റെ ദാനങ്ങൾക്കു അതിരില്ല. മാർദ്ദവംതോന്നിയ്ക്കാത്ത ആ ബാഹ്യശരീരത്തിനുള്ളിൽ മൃദുലമായ ഒരു ഹൃദയമാണു തുടിക്കുന്നതു്.

അദ്ദേഹത്തിന്റെ കാരുണ്യവും ഔദാര്യവും പ്രകടമാക്കുന്ന പല കഥകളും പ്രചരിക്കുന്നുണ്ടു. പാട്നാ ഹൈക്കോടതിയിലെ പ്രാക്ടീസു ഉപേക്ഷിച്ചു നിസ്സഹകരണപ്രസ്ഥാനത്തിൽ ചേർന്നപ്പോൾ ലക്ഷക്കണക്കിനു വരവുണ്ടായിരുന്ന ആ മനുഷ്യൻ മിച്ചമുണ്ടായിരുന്നതു പതിനഞ്ചുരൂപയായിരുന്നത്രേ. സ്വന്താവശ്യത്തിനല്ല അദ്ദേഹം സ്വന്തധനം വിനിയോഗിച്ചുവന്നതു്. പൊതുകാര്യങ്ങൾക്കായി തന്റെ സമ്പാദ്യം ഉദാരമായി അദ്ദേഹം ചിലവാക്കിവരുകയാണ് ചെയ്തതു്. ൧൯൪൫-ൽ ജയിൽവിമുക്തനായശേഷം തന്റെ നാട്ടുകാർ ബ്രിട്ടീഷുകാരുടെ കിങ്കരന്മാരിൽനിന്നു അനുഭവിച്ച കഷ്ടതകൾ നേരിട്ടു കണ്ടറിഞ്ഞപ്പോൾ അദ്ദേഹം വാവിട്ടു നിലവിളിക്കുകയാണുണ്ടായതെന്നു പറയപ്പെടുന്നു.

അദ്ദേഹത്തിന്റെ ആർഭാടരാഹിത്യം പ്രസിദ്ധമാണു. കഴിയുമെങ്കിൽ കോൺഗ്രസ്സിന്റെ മുന്നണിയിൽനിന്നും അദ്ദേഹം മാറിൽക്കുമായിരുന്നു. ബീഹാറിലെ വിശാലമായ പാടങ്ങളും തന്റെ ചെറുഭവനവുമാണ് ഡൽഹിയിലെ മനോഹരമന്ദിരങ്ങളെയും സെൻട്രൽ സെക്രട്ടേറിയററിലെ ഫയലുകളെയുംകാൾ അദ്ദേഹം ഇഷ്ടപ്പെടുന്നതു. പക്ഷെ സുപ്രസിദ്ധമായ സൽഗുണങ്ങളും അസാധാരണമായ അദ്ദേഹത്തിന്റെ സാമർത്ഥ്യവും അദ്ദേഹത്തെ അവിടെ പ്രതിഷ്ഠിക്കുകയാണു ചെയ്തതു്.

ജനങ്ങളുടെ മേൽ നിയന്ത്രണം പ്രയോഗിക്കുകയും അധികാരം ചെലുത്തുകയും അദ്ദേഹത്തിനിഷ്ടമില്ല. രാജ്യത്തിനോടും ജനങ്ങളോടുമുള്ള നിഷ്കപടവും ആത്മാർത്ഥവുമായ സ്നേഹം ഭാരതത്തിലെ ബഹുലക്ഷങ്ങളുടെ ഹൃദയങ്ങളിൽ അദ്ദേഹത്തിനു ഒരു വിശിഷ്ടമായ സ്ഥാനംനൽകി. അവരോടു അദ്ദേഹം സംസാരിക്കുന്നതു് ഹൃദയം തുറന്നാണു; അലങ്കാരഭാഷ അദ്ദേഹം പ്രയോഗിക്കാറില്ല. പക്ഷെ അദ്ദേഹത്തിന്റെ സംഭാഷണം ജനങ്ങളുടെ ഹൃദയത്തെ അദ്ദേഹത്തിനു അധീനമാക്കുന്നു. രാഷ്ട്രീയലോകത്തിൽ അദ്ദേഹം അത്യന്തം സമുന്നതമായ ഒരു സ്ഥാനമാണ് അലങ്കരിക്കുന്നതെങ്കിലും അദ്ദേഹത്തിനു ആരുടെയും അപ്രീതിയോ ശത്രുതയോ സമ്പാദിക്കുന്നതിനു ഇടയായിട്ടില്ലെന്നുള്ളതു അദ്ദേഹത്തിന്റെ സ്വഭാവവൈശിഷ്ട്യത്തിനും സത്യദീക്ഷയ്ക്കും ഉത്തമദൃഷ്ടാന്തമാണ്. വാദപ്രതിവാദത്തിലേർപ്പെടുമ്പോൾ എതിരഭിപ്രായം രഞ്ജകമനോഭാവത്തോടുകൂടിയാണു ശ്രദ്ധിക്കുന്നതെന്നതു് അദ്ദേഹത്തിന്റെ പ്രത്യേകതയാണു. ഇത്തരം മഹാന്മാർ സ്വതന്ത്ര ഇന്ത്യയ്ക്കു അത്യാവശ്യമാണെന്നു പറയേണ്ടതില്ലല്ലോ.

ആഗസ്റ്റ് ൧൫- ഇന്ത്യൻ രാഷ്ട്രീയചരിത്രത്തിൽ ഗാന്ധിയുഗത്തിന്റെ വിജയകരമായ പര്യവസാനത്തെ കുറിക്കുന്നു. പ്രസ്തുത കാലഘട്ടത്തിന്റെ ഒരു വിശിഷ്ടചിഹ്നമാണു രാജേന്ദ്രപ്രസാദ്. ഈ സന്ദർഭത്തിൽ ഇൻഡ്യൻനാഷനൽ കോൺഗ്രസിന്റെ ഭാഗധേയം നിയന്ത്രിക്കുന്നതിനു അദ്ദേഹത്തെത്തന്നെ നിയോഗിച്ചിരിക്കുന്നതു സമുചിതമായിട്ടുണ്ടെന്നു പറയാം.

പ്ളൂട്ടോറിയോസോറസ്

(ബാംബെക്രാണിക്കിൾ)

—൦—

Printed and Published by N Chandrasekharan Nair at the Sree Rama Vilas Press, Quilon.